**ധനകാര്യം**

## 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2017-2018 | | | | |
|---|---|---|---|---|---|---|
| | | 14.03.2017-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (`) | മൂലധനം (`) | റവന്യൂ (`) | മൂലധനം (`) | ആകെ (`) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| IX | വാഹനനികുതികൾ | 36,19,18,000 | ..... | 108,57,53,000 | ……. | 108,57,53,000 |
| XXVII | സഹകരണം | 95,08,11,000 | 25,17,68,000 | 285,24,35,000 | 75,53,02,000 | 360,77,37,000 |
| XLI | ഗതാഗതം | 18,31,65,000 | 112,09,51,000 | 54,94,97,000 | 336,28,52,000 | 391,23,49,000 |
| XLII | വിനോദസഞ്ചാരം | 54,71,79,000 | 57,34,50,000 | 164,15,36,000 | 172,03,50,000 | 336,18,86,000 |

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വാഹന നികുതി എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ IX – വാഹനനികുതികൾ**

**നയനിരാകരണത്തിനുള്ള വെട്ടികുറയ്ക്കൽ**

ശ്രീ. സണ്ണി ജോസഫ്: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വാഹന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുക ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ആവശ്യമായ സംവിധാനം ഒരുക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വാഹന നികുതി പിരിവിൽ കാര്യക്ഷമതയില്ലായ്മയും സൂക്ഷ്മതക്കുറവും ഉള്ളതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പിരിച്ചെടുക്കുന്ന 'ഹരിത നികുതി' ഉദ്ദേശകാര്യത്തിന് ഉപയോഗിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം

സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ചെക്ക് പോസ്റ്റുകളിൽ മതിയായ സംവിധാനം ഒരുക്കി വാഹന മോഷണങ്ങൾ തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മോട്ടോർ വാഹന ചട്ടങ്ങൾ ലംഘിച്ച്

നിരത്തിലോടുന്ന വാഹനങ്ങളുടെ ഉടമകൾക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടികുറയ്ക്കൽ</u>

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. വി. ഇബ്രാഹിം

**ധനാഭ്യർത്ഥന നമ്പർ XXVII – സഹകരണം**

നയനിരാകരണത്തിനുള്ള വെട്ടികുറയ്ക്കൽ

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രാഥമിക സഹകരണ ബാങ്കുകളും ജില്ലാ ബാങ്കുകളും തമ്മിൽ കോർ ബാങ്കിംഗ് സംവിധാനം നിലവിലില്ലാത്തുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സഹകരണ ബാങ്കുകൾ പെൻഷൻ വിതരണം ശരിയായ രീതിയിൽ നടത്തുന്നില്ലായെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേന്ദ്ര സർക്കാർ നടപ്പിലാക്കിയ കറൻസി നിരോധന നടപടികൾ സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഉണ്ടാക്കിയ

പ്രതിസന്ധികൾ പരിഹരിക്കുവാൻ ക്രിയാത്മക നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (രാഷ്ട്രീയ പ്രേരിതമായി സഹകരണ ബാങ്ക് ഭരണ സമിതികൾ പിരിച്ചുവിടാൻ നടപടി സ്വീകരിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. : സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലാവധി കഴിയാത്ത ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികളെ പിരിച്ചുവിട്ട നടപടി നിയമാനുസൃതമല്ല എന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, സഹകരണം എന്ന XXVII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിനെ കാരണമില്ലാതെ പിരിച്ചുവിട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അഴിമതി ആരോപിച്ച് മത്സ്യഫെഡിന്റെ ഭരണസമിതിയെ പിരിച്ചുവിട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇന്ത്യൻ കോഫിഹൗസിന്റെ ഹെഡ് ഓഫീസിൽ അതിക്രമിച്ചുകയറി ഓഫീസ് റിക്കാർഡുകളും മറ്റും പിടിച്ചെടുത്ത് തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമം നടത്തിയതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ബാധ്യതകൾ വരുത്തിവയ്ക്കുന്ന റബ്കോയ്ക്ക് അനർഹമായ പ്രാധാന്യം നൽകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അടച്ചുപൂട്ടിയ നന്മസ്റ്റോറുകളുടെ ഗുണഭോക്താക്കൾക്ക് പകരം സംവിധാനങ്ങൾ ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ദേശീയ സംസ്ഥാന പാതയോരത്തുനിന്നും മദ്യശാലകൾ മാറ്റണമെന്ന വിധിയെത്തുടർന്ന് കൺസ്യൂമർ ഫെഡിന്റെ ഔട്ട്‍ലെറ്റുകൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിച്ചതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് ചർച്ച

ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷിക ലോണുകൾ അനുവദിക്കുന്നതിൽ സഹകരണ മേഖല വിവേചനം കാണിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടികുറയ്ക്കൽ

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. മോൻസ് ജോസഫ്

**ധനാഭ്യർത്ഥന നമ്പർ XLI – ഗതാഗതം**

നയനിരാകരണത്തിനുള്ള വെട്ടികുറയ്ക്കൽ

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തിന് ദോഷകരമായിട്ടുള്ള നിർദ്ദിഷ്ട മോട്ടോർ വെഹിക്കിൾ നിയമത്തെ എതിർക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മോട്ടോർ വാഹന വകുപ്പിൽ വാഹന പരിശോധന കാര്യക്ഷമമാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി.കെ. അബ്ദു റബ്ബ്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ മോട്ടോർ വാഹന നിയമം പാലിക്കാതെ

ബോർഡുകൾ പ്രദർശിപ്പിച്ചിട്ടും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പൊതുഗതാഗത രംഗത്തെ കെ.എസ്.ആർ.ടി.സി.യുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽ നിന്നും കരകയറ്റുന്നതിനുള്ള വ്യക്തമായ പദ്ധതി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളോടനുബന്ധിച്ചുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള ഭൂമി അതിർത്തി കെട്ടി സംരക്ഷിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ സ്ഥലം കയ്യേറി കച്ചവട സ്ഥാപനങ്ങൾ നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, ഗതാഗതം എന്ന XLI-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകാതെ അവരെ ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്ന സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാത്തതുമൂലം കെ.എസ്.ആർ.ടി.സി. പെൻഷൻകാർ നേരിടേണ്ടിവരുന്ന ദുരിതം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ നടത്തുന്ന ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ദീർഘദൂര സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് ആവശ്യത്തിന് വിശ്രമം അനുവദിക്കാത്തതുകാരണം അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII – വിനോദസഞ്ചാരം

നയനിരാകരണത്തിനുള്ള വെട്ടികുറയ്ക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാര മേഖലകളിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലും ടൂറിസം രംഗത്ത് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിലും പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാര സാധ്യതയ്ക്ക് മങ്ങൽ ഏൽപ്പിക്കുന്ന നടപടികൾ ഉണ്ടാകുന്നതായി പറയപ്പെടുന്നതും മേഖലയിൽ പുത്തൻ

ആശയങ്ങളുടെ ദൗർലഭ്യം ഉണ്ടെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാര കേന്ദ്രങ്ങളിലുള്ള ഭൗതിക സംവിധാനങ്ങൾ മെച്ചപ്പെടുത്താത്തതുമൂലം സഞ്ചാരികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഉത്തരവാദിത്വ ടൂറിസം പദ്ധതി ക്രിയാത്മകമായ രീതിയിൽ നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിൽ അലംഭാവം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാരകേന്ദ്ര പരിസരങ്ങളിലെ സാമൂഹ്യവിരുദ്ധ ശല്യം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മദ്യലഭ്യത കുറയുന്നത് വിനോദസഞ്ചാര മേഖലയെ ദോഷകരമായി ബാധിക്കുമെന്നതിന്റെ പേരിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മദ്യം ലഭ്യമാക്കാനുള്ള നീക്കമുള്ളതായി പറയപ്പെടുന്നതും, വിനോദസഞ്ചാരികൾ മദ്യത്തിനുവേണ്ടിയാണ് വിനോദസഞ്ചാര കേന്ദ്രങ്ങൾ

സന്ദർശിക്കുന്നത് എന്ന് പറഞ്ഞ് വിനോദസഞ്ചാരികളെ അപഹാസ്യരാക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ടൂറിസം വികസനത്തെ മദ്യലഭ്യതയുമായി ബന്ധപ്പെടുത്തി നടത്തുന്ന ദുഷ്പ്രചരണം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഓട്ടോ ടാക്സിക്കാരുടെ അമിത ചൂഷണത്തിൽ നിന്നും വിനോദസഞ്ചാരികൾക്ക് സംരക്ഷണം നൽകാൻ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വിനോദസഞ്ചാരം എന്ന XLII-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള വ്യക്തമായ ദിശാബോർഡുകൾ വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എയർ, റെയിൽ, ജലഗതാഗത കേന്ദ്രങ്ങളെ ഏകോപിപ്പിച്ചുള്ള വിനോദസഞ്ചാര പദ്ധതി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മലബാർ മേഖലയിൽ അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടികുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപയിൽ നിന്ന് നൂറു രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ചർച്ച

ശ്രീ. ജോർജ് എം. തോമസ് : സർ, ഞാൻ ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുകയാണ്. കേരളത്തിലെ ടൂറിസം മേഖല അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂവിൽ പത്ത് ശതമാനത്തിലധികം സംഭാവന ചെയ്യുന്ന മേഖലയാണ് ടൂറിസം. വ്യക്തമായ ടൂറിസം നയം പ്രഖ്യാപിക്കുകയാണ് ഈ മേഖലയുടെ വളർച്ചയ്ക്ക് ഗവൺമെന്റ് ആദ്യമേ ചെയ്തത്. നാളിതുവരെ ഉണ്ടായിരുന്നതിൽ നിന്ന് വ്യത്യസ്തമായി കേരളത്തിന്റെ എല്ലാ സവിശേഷതകളെയും പ്രത്യേകതകളെയും കണക്കിലെടുത്തുകൊണ്ട് സർവ്വതല സ്പർശിയായ ഒരു നയമാണ് ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. തലശ്ശേരി-ആലപ്പുഴ തുടങ്ങിയ മേഖലകളെക്കൂടി ഉൾപ്പെടുത്തികൊണ്ട് നേരത്തെയുണ്ടായിരുന്ന

മുസിരിസിന് പുറമെ, പൈതൃക ടൂറിസം പദ്ധതി ഇപ്പോൾ ആവിഷ്ക്കരിച്ചിരിക്കുകയാണ്. അതുപോലെ തന്നെ ഗ്രീൻ കാർപ്പറ്റ് എന്ന നയവും കൊണ്ടുവന്നിരിക്കുകയാണ്. പൊതുജനങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഉത്തരവാദിത്വബോധമുള്ള ടൂറിസം നടപ്പാക്കുന്നതിനാണ് ഗ്രീൻ ടൂറിസം എന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത്. 150 കോടി രൂപയോളം വരുന്ന ടൂറിസം വികസന പദ്ധതികൾ ഇതിനോടകം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് അംഗീകാരം നേടുന്ന സ്ഥിതിയിലാണ് ഇപ്പോഴുള്ളത്. ടൂറിസത്തിന്റെ പ്രധാനപ്പെട്ട വിഷയം ആവശ്യമായ മാർക്കറ്റിംഗ് ഉണ്ടാവുക എന്നതാണ്. ഈ വർഷം 75 കോടി രൂപയുടെ ടൂറിസം മാർക്കറ്റിംഗ് പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്. അറേബ്യൻ ടൂറിസം മാർട്ടിൽ (എ.ടി.എം.) ഇത്തവണ കേരള പവലിയൻ ഉണ്ടായിരുന്നുവെങ്കിലും വേണ്ടത്ര ശ്രദ്ധ കിട്ടിയില്ലയെന്നാണ് അവിടെ നിന്ന് വന്ന സുഹൃത്തുക്കൾ സൂചിപ്പിച്ചത്. അത്തരം പോരായ്മകൾ തിരുത്തുന്നതിന് കഴിയണം. കോഴിക്കോട് ജില്ലയിൽ ചില പ്രധാനപ്പെട്ട ടൂറിസം പദ്ധതികൾ കൂടി കിഫ്ബിയിലോ മറ്റോ ഉൾപ്പെടുത്തി അടിയന്തരമായി ചെയ്യേണ്ടതുണ്ട്. അതിലൊന്ന്, പെരുവണ്ണാമൂഴി ഹൈഡൽ ടൂറിസമാണ്. പെരുവണ്ണാമൂഴി ഇറിഗേഷൻ പ്രോജക്ടിനെയും അതുപോലെ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിനെയും ബന്ധിപ്പിച്ചുകൊണ്ട് ഒരു ഹൈഡൽ

ടൂറിസത്തിന് വലിയ സാധ്യതയാണ് അവിടെയുള്ളത്. അതിന് ഒരു പ്രോജക്ട് ഇപ്പോൾ തയ്യാറാക്കി കൊണ്ടിരിക്കുന്നുണ്ട്. അതിന് എത്രയും പെട്ടെന്ന് അനുമതി കൊടുക്കേണ്ടതുണ്ട്. കേരള ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറാൻ സാദ്ധ്യതയുള്ളതാണ് ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി - ടണൽ റോഡ്. 5.63 കിലോമീറ്റർ ദൈർഘ്യം വരുന്ന ആ ടണൽ റോഡ് പൂർത്തിയാകുന്നതോടുകൂടി മൈസൂർ - ബാംഗ്ലൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ടൂറിസ്റ്റുകളെ വയനാട് വഴി സ്വർഗ്ഗംകുന്ന് - തുഷാരഗിരി - വെള്ളരിമല തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയും. ആ ടണൽ റോഡിന് ടൂറിസം പ്രാധാന്യമുണ്ടെന്ന് കണക്കിലെടുത്ത് അതിന് അനുമതി നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്.

പശ്ചിമഘട്ടത്തിലെ 'The second highest peak' എന്ന് പറയാവുന്ന ഒന്നാണ് വെള്ളരിമല. ഏതാണ്ട് 20 കിലോമീറ്റർ ട്രക്കിംഗ് പൂർത്തിയായി കുത്തനെ കയറിയാൽ മാത്രമേ വെള്ളരിമലയിൽ എത്താനാകൂ. ബയോ ഡൈവേഴ്സിറ്റിയുടെ എറ്റവും പ്രധാനപ്പെട്ട ഒരു കേന്ദ്രമാണ് വെള്ളരിമല. ചെറുപ്പക്കാരായ ആളുകൾക്കുമാത്രമേ അവിടെ കയറിച്ചെല്ലാൻ കഴിയൂ. ഒരിക്കൽ ഞാനവിടെ പോകുകയും രണ്ട് ദിവസം അവിടെ താമസിക്കുകയും ചെയ്തിരുന്നു. ഇത്ര പ്രകൃതി

രമണീയമായ മറ്റൊരു സ്ഥലം കേരളത്തിലുണ്ടാവുകയില്ല. അവിടെ ട്രക്കിംഗ് ഉൾപ്പെടെയുള്ള അഡ്വഞ്ചർ ടൂറിസത്തിന്റെ സാദ്ധ്യത തിരിച്ചറിഞ്ഞ് വെള്ളരിമലയെ ഒരു അഡ്വഞ്ചർ ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറ്റാവുന്നതാണ്.

ദക്ഷിണേന്ത്യയിൽ ഒരു പക്ഷേ ഇന്ത്യയിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട വൈറ്റ് വാട്ടർ കനോയിംഗ് ആന്റ് കയാക്കിംഗ് മത്സരം നടക്കുന്നത് എന്റെ നിയോജകമണ്ഡലത്തിലെ കോടഞ്ചേരി എന്ന സ്ഥലത്താണ്. കഴിഞ്ഞ വർഷം ഏതാണ്ട് 40 വിദേശ രാജ്യങ്ങളിൽനിന്ന് കയാക്കേഴ്സ് പങ്കെടുത്ത ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് ഈവന്റ് ആയിരുന്നു അത്. പക്ഷേ വേണ്ടത്ര പ്രോപ്പർ ഗൈഡൻസ് അതിനുണ്ടായിരുന്നില്ല. കഴിഞ്ഞ വർഷത്തെ സമ്മാനത്തുക ഇനിയും വിതരണം ചെയ്യാനുണ്ട്. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു അഡ്വഞ്ചർ വാട്ടർ സ്പോട്ട് എന്നനിലയിൽ അതിനെ ഡെവലപ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ടൂറിസം വികസിക്കണമെങ്കിൽ അതിനാവശ്യമായ മറ്റ് സംവിധാനങ്ങളുമുണ്ടാകണം. കഴിഞ്ഞ ഒരു വർഷത്തെ കണക്കെടുത്താൽ കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കാരണം ഇവിടെ ടൂറിസ്റ്റുകൾക്ക് ലഭ്യമാകേണ്ട ഒട്ടേറെ സൗകര്യങ്ങൾ ലഭ്യമാകുന്നില്ല

എന്നുള്ളതാണ്. ഗോവയിലേയ്ക്കും ശ്രീലങ്കയിലേയ്ക്കും പോകാനാണ് അവർ ഇപ്പോൾ താല്പര്യപ്പെടുന്നത്. കേരളത്തിൽ ലഭിച്ചുകൊണ്ടിരുന്ന സൗകര്യങ്ങൾ മദ്യനയവുമായി ബന്ധപ്പെട്ട് ടൂറിസ്റ്റുകൾക്ക് ലഭിക്കാതെവന്നു. നേതാക്കന്മാർ തമ്മിലുള്ള പരസ്പര മത്സരത്തിൽ ആരാണ് വലിയ മദ്യവിരോധിയെന്ന് തെളിയിക്കാൻവേണ്ടി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എടുത്ത അശാസ്ത്രീയമായ മദ്യനയമാണ് ടൂറിസ്റ്റുകളുടെ വരവിനെ പ്രതികൂലമായി ബാധിച്ചത്. ടൂറിസ്റ്റ് രംഗത്തുനിന്നും വരേണ്ട ഏതാണ്ട് മുപ്പതിനായിരം കോടി രൂപയോളം കുറഞ്ഞുപോകുന്നു എന്നാണ് മനസ്സിലാകുന്നത്. നേതാക്കന്മാർ ചിന്തിക്കുന്നതുപോലെയല്ല സാധാരണക്കാർ ചിന്തിക്കുന്നത്. അത്യാവശ്യം മദ്യം കിട്ടിയാൽ കുടിക്കണമെന്നുതന്നെയാണ് ആളുകൾ ചിന്തിക്കുന്നത്. എന്റെ നാട്ടിലെ ഒരു പാപ്പച്ചൻ ചേട്ടനെ അടുത്ത ദിവസം എക്സൈസ് ഉദ്യോഗസ്ഥർ പിടിച്ചു. അയാൾ ഒരു ക്രിസ്ത്യൻ മതവിശ്വാസിയായിരുന്നു. അദ്ദേഹത്തെ പിടിച്ചപ്പോൾ സർ, ഞാൻ ചെയ്ത തെറ്റ് എന്താണെന്ന് ഉദ്യോഗസ്ഥരോട് ചോദിച്ചു. നീ വ്യാജ മദ്യമുണ്ടാക്കുകയാണെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. ബൈബിളിലെ കാര്യങ്ങൾ ഞാൻ നടപ്പാക്കുകയാണെന്നാണ് അപ്പോൾ അദ്ദേഹം പറഞ്ഞത്. നിങ്ങൾ എന്റെ പേരിൽ ഒത്തുകൂടുമ്പോൾ ഞാൻ ഈ ചെയ്തത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്ന് ബൈബിളിൽ പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞു.

യേശു കാനായിലെ കല്യാണത്തിന് അഞ്ചാറ് ഭരണി നിറയെ വൈൻ ഉണ്ടാക്കിയ ഒരു പാരമ്പര്യം ബൈബിളിലുണ്ട്. അതുകൊണ്ട് ഞാൻ അക്കാര്യമാണ് ചെയ്യുന്നതെന്നാണ് അദ്ദേഹം പറഞ്ഞ മറുപടി. ഇങ്ങനെയൊക്കെയാണെങ്കിലും വാറ്റാനുള്ള ഉപകരണം നിന്റെ കയ്യിൽനിന്നും കണ്ടുപിടിച്ചതുകൊണ്ട് അറസ്റ്റ് ചെയ്യാതിരിക്കാൻ നിർവ്വാഹമില്ലെന്ന് പോലീസുദ്യോഗസ്ഥൻ പറഞ്ഞു. അങ്ങനെയാണെങ്കിൽ ബലാത്സംഗത്തിനുള്ള കുറ്റംകൂടി എന്റെ പേരിലെടുക്കണം. അതിനുള്ള ഉപകരണവും എന്റെ കയ്യിലുണ്ടെന്ന് വളരെ സരസമായി ആ പാപ്പച്ചൻ ചേട്ടൻ പറഞ്ഞു. നാട്ടുകാർ ഇങ്ങനെയാണ് ചിന്തിക്കുന്നത്. ഞാൻ തമാശ പറഞ്ഞതല്ല, സത്യം പറഞ്ഞതാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന മദ്യനയം നമ്മുടെ നാടിന് യോജിച്ചതല്ല, വികലമാണ്. നമ്മുടെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുന്നതാണ്. ആരെയും നിർബന്ധിച്ച് കുടിപ്പിക്കേണ്ട ആവശ്യമില്ലെങ്കിലും കുടിക്കാൻ താല്പര്യമുള്ളവർക്ക് കുടിക്കാനുള്ള അന്തരീക്ഷമുണ്ടാകണം.

എന്റെ നിയോജക മണ്ഡലമായ തിരുവമ്പാടിയിൽ ഇപ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ചില്ലറയൊന്നുമല്ല. അവിടെ ബിവറേജസ് കോർപ്പറേഷന്റെ ആകെ ഒരു ഷോപ്പാണുള്ളത്. നിലമ്പൂർ മണ്ഡലത്തിലും വണ്ടൂർ മണ്ഡലത്തിലും ശ്രീ. പി. കെ.

ബഷീറിന്റെ മണ്ഡലമായ ഏറനാട്ടും ശ്രീ. പി.ടി.എ. റഹീമിന്റെ മണ്ഡലമായ കുന്ദമംഗലത്തും ശ്രീ. കാരാട്ട് റസാഖിന്റെ മണ്ഡലമായ കൊടുവള്ളിയിലും ബിവറേജസ് ഷോപ്പുകളില്ല. മാണി സാറിന്റെ പഴയ നാടായ കൂടരഞ്ഞിയിലുണ്ട്. അവിടെനിന്നൊക്കെ ഓട്ടോയും ടാക്സിയും പിടിച്ച് തിരുവമ്പാടിയിൽ വരികയാണ്. അതുകൊണ്ട് തിരുവമ്പാടിയിലെ നാട്ടുകാർക്ക് ഇത് കിട്ടുന്നില്ല. അവർക്കുകൂടി കിട്ടാനുള്ള ഒരു സംവിധാനമുണ്ടാക്കണം. അല്ലെങ്കിൽ ബാക്കിയുള്ള മണ്ഡലങ്ങളിൽക്കൂടി ഓരോ ഷോപ്പുകൾ അനുവദിക്കണം. തെറ്റായ നയം കൊണ്ടുവന്ന് അതിന്റെ പേരിൽ പരസ്പരം മത്സരിച്ച് ആളാകാനുള്ള ശ്രമം മാത്രമാണിത്. അതുകൊണ്ട് ആ നയം തിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കേരളത്തിൽ കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണെന്നുള്ളത് വസ്തുതയാണെങ്കിലും ഏറ്റവും പ്രതീക്ഷ നൽകുന്ന ഒരു പ്രഖ്യാപനമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായത്. ഒരു വർഷം കൊണ്ട് കെ.എസ്.ആർ.ടി.സി. -യെ ലാഭത്തിലാക്കുമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. അതിന്റെ ലക്ഷണങ്ങൾ ഇപ്പോൾത്തന്നെ കണ്ടുതുടങ്ങിയിട്ടുണ്ട്. സാധാരണ ഗതിയിൽ ഒരു ലിറ്റർ ഡീസൽ കൊണ്ട് ഒരു ബസിന് 3.5 കിലോമീറ്റർ ഓടാൻ

കഴിഞ്ഞാൽ അത് ബ്രേക്ക് ഈവൻ ആകുമെന്നാണ് കണക്ക്. ഒരു ലിറ്റർ ഡീസൽ ഉപയോഗിച്ച് 5 കിലോമീറ്റർ ഓടാൻ കഴിയത്തക്കവിധമുള്ള ക്രമീകരണം വരികയാണ്. ടയറിന്റെ ലൈഫ്, ഡ്രൈവർമാരുടെ തുടർച്ചയായ ട്രെയിനിംഗ് ഇതെല്ലാം പൂർണ്ണ അർത്ഥത്തിൽ സാധിച്ചാൽ ഫ്യൂവൽ മൈലേജ് കൂട്ടാൻ കഴിയും. ഫ്യൂവൽ മൈലേജ് കൂട്ടുന്നതോടൊപ്പം ലാഭകരമായ റൂട്ടിൽ ശ്രദ്ധപതിപ്പിക്കുകയും വേണം. അങ്ങനെവരുമ്പോൾ ഉൾനാടൻ റൂട്ടുകളെ പലപ്പോഴും അവഗണിക്കുന്ന സ്ഥിതിയുണ്ട്, അത് തിരുത്തണം. വാഹനാപകടത്തിൽ പത്ത് ശതമാനം വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വാഹനങ്ങളുടെ എണ്ണത്തിൽത്തന്നെ കാര്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. കഴിഞ്ഞ വർഷം 56 ലക്ഷത്തിലേറെ വാഹനങ്ങളുണ്ടായിരുന്നത് ഇപ്പോൾ 64 ലക്ഷം കവിഞ്ഞിരിക്കുകയാണ്. വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് റോഡിന് സൗകര്യങ്ങളുണ്ടാകുന്നില്ല. മഴക്കാലത്ത് വലിയ കുണ്ടും കുഴിയുമൊക്കെയുണ്ടാകുന്ന അവസ്ഥ മാറ്റി റോഡ് കുറേക്കൂടി മെച്ചപ്പെടുത്തിയാൽ മാത്രമേ ടയറിന്റേയും ഫ്യൂവലിന്റേയും മൈലേജ് വർദ്ധിപ്പിക്കാൻ കഴിയൂ. അതിന് നല്ല സഹകരണത്തോടെയുള്ള പ്രവർത്തനം ഇക്കാര്യത്തിലുണ്ടാകേണ്ടതുണ്ട്. കഴിഞ്ഞ ഒരു വർഷമായി കെ.എസ്.ആർ.ടി.സി.-യുടെ ആക്സിഡന്റ് നിരക്കിൽ കുറവ്

വന്നിട്ടുണ്ട്. മറ്റ് വാഹനങ്ങളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി. മുഖേനയുണ്ടാകുന്ന അപകടം താരതമ്യേന കുറവാണ്. അത് ഇനിയും കുറയ്ക്കാൻ കഴിയുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

മോട്ടോർ ബൈക്കിൽ വരുന്ന ആളുകളാണ് അപകടമുണ്ടാക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നത്. ഞാൻ ഒരിക്കൽ മോട്ടോർ ബൈക്കിൽ ഡ്രൈവ് ചെയ്ത് കയറ്റം കയറി വരുമ്പോൾ രണ്ട് ചെറുപ്പക്കാർ മോട്ടോർ ബൈക്കിൽ വരികയാണ്. ടൈറ്റാനിക് സിനിമയിൽ കപ്പലിന്റെ ഡെക്കിൽ കാമുകനും കാമുകിയുംകൂടി നിൽക്കുന്നതുപോലെ മോട്ടോർ ബൈക്കിൽ രണ്ടുപേർ കയ്യുംവിട്ട് വന്നുകൊണ്ടിരിക്കുന്നു. എനിക്കാണെങ്കിൽ മുന്നോട്ടുപോകാൻ സൈഡുമില്ല. ഇത് ചെറുപ്പക്കാരായ ആളുകളുടെ ഇടയിലുണ്ടായിക്കൊണ്ടിരിക്കുന്ന ഒരു ട്രെന്റാണ്. മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് മോട്ടോർ ബൈക്ക് ഓടിക്കുക, മൂന്നും നാലും ആളുകൾ ഒന്നിച്ചുപോകുക എന്നിവ മാരകമായ അപകടങ്ങളുണ്ടാക്കുകയാണ്. മോട്ടോർ സൈക്കിളിന്റെ അപകടമുണ്ടാക്കുന്ന പ്രവണത നിർത്താൻ കർശനമായ വാഹന പരിശോധന നടത്തി ആവശ്യമായ ശിക്ഷ കൊടുക്കാൻ കഴിയണം. കേരളത്തിലേയ്ക്ക് വരുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കഴിഞ്ഞ ഒരു വർഷമായി കുറവ് വന്നിരിക്കുകയാണ്. ഡെസ്റ്റിനേഷനുകളെയെല്ലാം മേജർ

ഡെസ്റ്റിനേഷനുകളായി ഡെവലപ് ചെയ്യുന്നതിനുപകരം ഹോം സ്റ്റേ, ഹോം ടൂറിസം തുടങ്ങിയ കാര്യങ്ങൾ കൂടി വികസിപ്പിക്കേണ്ടതുണ്ട്. ഹോം സ്റ്റേകൾ വികസിപ്പിക്കുമ്പോൾ അവർ നിർദ്ദേശിക്കുന്ന സ്റ്റാൻഡേർഡിനനുസരിച്ച് സാധാരണക്കാരുടെ അല്ലെങ്കിൽ ഇടത്തരക്കാരുടെ വീടുകളിൽ ടോയ്ലെറ്റ് ഉൾപ്പെടെയുള്ള ഫെസിലിറ്റി ഉണ്ടാക്കുക പ്രയാസകരമാണ്. അതുകൊണ്ട് ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കാൻ കൂടുതൽ ഹോം സ്റ്റേകൾ അനുവദിക്കാനും അതിനാവശ്യമായ ഗൈഡൻസ് കൊടുക്കാനും നമുക്ക് കഴിയണം. മറ്റൊരു കാര്യം, പ്രത്യേകതരം ഭക്ഷണ സാധനങ്ങൾ നമുക്ക് തന്നെ മാർക്കറ്റ് ചെയ്യാവുന്നതാണ്. തുഷാരഗിരിയിൽ ഒരു ജോണിയേട്ടൻ ഉണ്ട്. അയാളുടെ ഹോട്ടലിലെ (പെട്ടി പീടികയാണ്) ഭക്ഷണം കഴിക്കാൻ വേണ്ടി കോഴിക്കോട്ടും അതിന്റെ പരിസര പ്രദേശങ്ങളിൽ നിന്നുപോലും ധാരാളം ആളുകൾ വരാറുണ്ട്. അവിടെ ഒരു പ്രത്യേക രീതിയിലാണ് ഭക്ഷണമുണ്ടാക്കുന്നത്. അതുകൊണ്ടാണ് ആളുകൾ ധാരാളമായി വരുന്നത്. ഡൽഹിയിൽ നടക്കുന്ന ഇന്ത്യാ ഫെസ്റ്റിവലിനോടൊപ്പമോ അല്ലെങ്കിൽ അറേബ്യൻ മാർട്ട് പോലുള്ള പരിപാടികളിൽ അതുപോലെയുള്ള ഭക്ഷണസാധനങ്ങൾ മാർക്കറ്റ് ചെയ്യാനുള്ള സംവിധാനങ്ങൾ കൂടി ഉണ്ടാക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധ ചെലുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. കോഴിക്കോട്

ജില്ലയെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ അതീവ ശ്രദ്ധയോടുകൂടി അടിയന്തരമായി നടപ്പാക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഹരിതാഭമായ കേരള സംസ്ഥാനം അനുയോജ്യമായ കാലാവസ്ഥകൊണ്ടും പ്രകൃതിഭംഗി കൊണ്ടും കലാ-സാംസ്കാരിക സമ്പന്നതകൊണ്ടും ദൈവത്തിന്റെ സ്വന്തം നാട് തന്നെയാണ്. ഐ.റ്റി., കാർഷിക മേഖല പോലെ തന്നെ നമ്മുടെ സംസ്ഥാനത്തിന് വളരെ സുപ്രധാനമായിട്ടുള്ളൊരു മേഖലയാണ് ടൂറിസം മേഖല. കാലാകാലങ്ങളായി ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷെ കഴിഞ്ഞ കുറച്ചുനാളുകളായി കേരളത്തിലേയ്ക്ക് വരുന്ന വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായിട്ടുള്ള കുറവ് അനുഭവിച്ചുക്കൊണ്ടിരിക്കുകയാണ്. ഈ മേഖല അതീവ ഗുരുതരമായ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. കേരളത്തിന്റെ പ്രകൃതി ഭംഗി കൊണ്ടും മറ്റു ജ്യോഗ്രഫിക്കൽ ലൊക്കേഷൻ കൊണ്ടും യാത്രാസൗകര്യങ്ങൾ കൊണ്ടുമൊക്കെയുള്ളൊരു comparative advantage ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ ഇന്ന് നമ്മുടെ സംസ്ഥാനത്തിന് കഴിയുന്നില്ലെന്നതാണ്

യാഥാർത്ഥ്യം. ഇത്രയധികം comparative advantage പോലും ഇല്ലാത്ത ശ്രീലങ്ക പോലുള്ള രാജ്യങ്ങൾ കേരളത്തിലേയ്ക്ക് വന്നുകൊണ്ടിരുന്ന ടൂറിസ്റ്റുകളെ കൂടുതൽ കൂടുതലായി ആകർഷിച്ചുകൊണ്ടുപോകുന്നൊരു സാഹചര്യം നിലനിൽക്കുകയാണ്. ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന ആയിരകണക്കിന്-പതിനായിരകണക്കിന് ആളുകളെയാണ് ഇത് ബാധിക്കുന്നതെന്ന് നമുക്കറിയാം. നമ്മുടെ സംസ്ഥാനത്ത്, കൊച്ചി പോലുള്ള സിറ്റികളിൽ നിരന്തരമായി നടന്നുകൊണ്ടിരുന്ന പ്രൊഫഷണൽ കോൺഫറൻസുകൾ പോലും, ഡോക്ടർമാരുടെ പ്രൊഫഷണൽ കോൺഫറൻസുകൾ ഉൾപ്പെടെയുള്ളവ ഇന്ന് ശ്രീലങ്കയിലേയ്ക്ക് പോകുന്നൊരു സാഹചര്യം നിലനിൽക്കുകയാണ്. ഈ വിഷയത്തിൽ അടിയന്തരമായി, ഗൗരവമായിട്ടുള്ളൊരു ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ടൂറിസം രംഗം മാർക്കറ്റിംഗ് കൊണ്ടുമാത്രം പിടിച്ചു നിൽക്കാനാകില്ല. കേരള ടൂറിസം വളരെ ഫലപ്രദമായ രീതിയിൽ മാർക്കറ്റിംഗ് നടത്തുന്നുണ്ടെന്നത് യാഥാർത്ഥ്യം തന്നെയാണ്. അതിന് തത്തുല്യമായ അടിസ്ഥാന സൗകര്യ വികസനം ഉണ്ടായിട്ടില്ലെങ്കിൽ, നല്ല വെബ് സൈറ്റുകളും ഫോട്ടോഗ്രാഫുകളും വീഡിയോകളും കണ്ട് നമ്മുടെ സംസ്ഥാനത്ത് വരുന്ന ടൂറിസ്റ്റുകൾ ട്രെയിനോ വിമാനമോ ഇറങ്ങി പുറത്തേയ്ക്ക് വരുമ്പോൾ അവർക്കുണ്ടാകുന്ന അനുഭവം പലപ്പോഴും

വ്യത്യസ്തമായിരിക്കും. അങ്ങനെ ഒരു അനുഭവമുണ്ടാകുമ്പോൾ, ടൂറിസ്റ്റുകൾ ഇവിടെനിന്നും തിരിച്ചുപോകുമ്പോഴുണ്ടാകുന്ന മനോസ്ഥിതി പ്രധാനമാണ്. കേരളത്തിന്റെ ടൂറിസം രംഗത്തെക്കുറിച്ച് അവർ രേഖപ്പെടുത്തുന്ന അഭിപ്രായം വ്യത്യസ്തമാണെങ്കിൽ അത് ടൂറിസം മേഖലയെ തന്നെ കാര്യമായി ബാധിക്കും. അടിസ്ഥാന വികസനം പ്രത്യേകിച്ച് ശുചിത്വം, യാത്രാ സൗകര്യങ്ങൾ, താമസ സൗകര്യങ്ങൾ ഉൾപ്പെടെ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ഇവിടെ വന്ന ടൂറിസ്റ്റുകളെക്കുറിച്ച് പഠനങ്ങളും സർവ്വെയും നടത്തിയിട്ടുണ്ട്. ആ പഠനങ്ങൾ ഉൾപ്പെടെ കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകൾ ഹൈലൈറ്റ് ചെയ്യുന്ന ഒന്നുരണ്ട് പ്രധാന കാര്യങ്ങൾ ഉണ്ട്. അതിലൊന്ന് ശുചിത്വത്തെ സംബന്ധിച്ചാണ്. ടൂറിസം രംഗത്ത് ശുചിത്വവുമായി ബന്ധപ്പെട്ട് വളരെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായിട്ടില്ലെങ്കിൽ ഓരോ വർഷവും കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവുണ്ടാകുമെന്നത് യാഥാർത്ഥ്യമാണ്. മറ്റൊന്ന്, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകളുടെ പെരുമാറ്റമാണ്. പല ഡെസ്റ്റിനേഷനുകളിലുമുള്ള വഴിയോര കച്ചവടക്കാരുൾപ്പെടെ ടൂറിസ്റ്റുകളോട് അപമര്യാദയായി പെരുമാറുന്നത് നിത്യസംഭവമായി മാറിയിരിക്കുകയാണ്. പലയാളുകളും കരുതുന്നത് ഈ ടൂറിസ്റ്റുകൾ ഇന്ന് ഒരു ദിവസത്തേയ്ക്ക് മാത്രം വരുന്ന ആളുകളാണല്ലോ ഇവരോട് എന്ത്

വേണമെങ്കിലും ചെയ്യാമെന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഇന്ന് ടൂറിസ്റ്റുകളെല്ലാവരും ഇൻസ്റ്റന്റ് മാർക്കറ്റിംഗ് നടത്തുന്നവരാണ്. ഓരോ ടൂറിസ്റ്റും ഓരോ ഡെസ്റ്റിനേഷനിലും വന്നുപോകുമ്പോൾ അവർക്കുണ്ടാകുന്ന അനുഭവങ്ങൾ സോഷ്യൽ മീഡിയയിൽ കുറിച്ചിടുന്നതിലൂടെ അവിടെയൊരു ഇൻസ്റ്റന്റ് മാർക്കറ്റിംഗ് ആണ് ഉണ്ടാകുന്നത്. അവർക്കുണ്ടാകുന്ന ദുരനുഭവം മറ്റ് ടൂറിസ്റ്റുകൾ കൂടി വായിച്ച് മനസ്സിലാക്കി അതിന്റെയടിസ്ഥാനത്തിൽ അഭിപ്രായങ്ങൾ രൂപപ്പെടുത്തിക്കൊണ്ടാണ് ഇങ്ങോട്ട് വരുന്നതെന്ന് മനസ്സിലാക്കണം. ടൂറിസം രംഗത്ത് വലിയരീതിയിൽ പ്രൈവറ്റ് ഇൻവെസ്റ്റുമെന്റിന് സാദ്ധ്യതകളുണ്ട്. പക്ഷെ പല ഡിപ്പാർട്ടുമെന്റുകളുടെയും ഏകോപനമില്ലായ്മയാണ് പ്രൈവറ്റ് ഇൻവെസ്റ്റുമെന്റിന് തടസ്സമായി നിൽക്കുന്നത്. ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കയ്യിൽ പ്രോപ്പർട്ടീസ് കാര്യമായിട്ടില്ല. എല്ലാം വിവിധ വകുപ്പുകളുടെ കീഴിലാണ്. ഇറിഗേഷൻ, ഫോറസ്റ്റ്, പ്ലാന്റേഷൻ കോർപ്പറേഷൻ, പോർട്ട്, എൽ.എസ്.ജി.ഡി., പി.ഡബ്ല്യൂ.ഡി., കെ.എസ്.ഇ.ബി. ഉൾപ്പെടെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ അധീനതയിലാണ് ഡെസ്റ്റിനേഷനുകളുടെ ഓണർഷിപ്പ് ഉള്ളത്. ഒരു സ്വകാര്യ സംരംഭകൻ ടൂറിസം രംഗത്ത് ഇൻവെസ്റ്റുമെന്റ് നടത്താൻ തയ്യാറായി വരുമ്പോൾ ഈ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഏകോപനം നടക്കാത്തതുകൊണ്ട് അവർ പിന്തിരിഞ്ഞ് പോകുന്നൊരു

കാഴ്ചയാണ് കാണാൻ കഴിയുന്നത്. അതിന് വിരാമമിടാനായി മുഖ്യമന്ത്രിയുടെ തന്നെ നേതൃത്വത്തിൽ അങ്ങയുടെ ഫലപ്രദമായ ഇടപെടൽകൊണ്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചുകൊണ്ട് പ്രൈവറ്റ് ഇൻവെസ്റ്റുമെന്റ്, പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പിൽ ടൂറിസം രംഗത്ത് വലിയ വികസനം കാഴ്ചവയ്ക്കാൻ സാധിക്കുന്ന തരത്തിലുള്ള പ്രോജക്ടുകൾ കൊണ്ടുവരാൻ സർക്കാർ മുൻകൈ എടുക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. മറ്റൊന്ന്, ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ടിട്ടുള്ളതാണെങ്കിലും ടൂറിസം ഇൻഡസ്ട്രിയിൽ കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാൻ പറ്റുന്നൊരു കാര്യമുണ്ട്. മുൻകാലങ്ങളിൽ middle aged അല്ലെങ്കിൽ above middle aged ആയിട്ടുള്ള ടൂറിസ്റ്റുകളെയാണ് കേരളം കൂടുതലായി ആകർഷിച്ചിട്ടുള്ളത്. പക്ഷെ ഈയടുത്ത കാലങ്ങളിൽ ചെറുപ്പക്കാരായ ടൂറിസ്റ്റുകൾ പ്രത്യേകിച്ച് ആഭ്യന്തര ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്ക് വരാൻ താൽപ്പര്യം കാണിക്കുന്നുണ്ട്. അങ്ങനെയൊരു സാഹചര്യത്തിൽ അവർ കേരളത്തിലേയ്ക്ക് വരുമ്പോൾ, ഒരുപക്ഷെ ഫൈവ് സ്റ്റാർ ഹോട്ടലുകളിലുകളിലൊന്നും താമസിക്കുന്ന ടൂറിസ്റ്റുകൾ ആയിരിക്കുകയില്ല. കേരളത്തിലേയ്ക്ക് വരുമ്പോൾ അവർ ഇവിടെ പ്രതീക്ഷിക്കുന്നത് അവർക്ക് ആവശ്യമായിട്ടുള്ള ഇക്കോ അഡ്വഞ്ചർ സെഗ്മെന്റിൽ ഫലപ്രദമായിട്ടുള്ള സൗകര്യങ്ങൾ ഉണ്ടാകണമെന്നതാണ്. പ്രത്യേകിച്ച് ടെന്റ്

സംവിധാനം, ക്യാമ്പിംഗിനുള്ള സംവിധാനം, ബൈക്കിംഗ്, ട്രക്കിംഗ് ഇത്തരത്തിലുള്ള അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ട് ഇക്കോ അഡ്വഞ്ചർ സെഗ്മെന്റിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തി ചെറുപ്പക്കാരായ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് കൂടുതലായി ആകർഷിക്കാനായി ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. അതിലെല്ലാം ഉപരിയായി പിൽഗ്രിമേജ് ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്ന അതീവ സുന്ദരമായ ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് എന്റെ നിയോജകമണ്ഡലത്തിലെ കാലടി, മലയാറ്റൂർ, ഏഴാറ്റുമുഖം തുടങ്ങിയവ. ഇവിടേയ്ക്ക് ടൂറിസ്റ്റുകളെ ഫലപ്രദമായി ആകർഷിക്കുന്നതിനുവേണ്ടി ഈ മേഖലകളെയെല്ലാം ബന്ധിപ്പിച്ചുകൊണ്ടുള്ള ടൂറിസം സർക്യൂട്ട് പദ്ധതി സംബന്ധിച്ച് ചർച്ച നടന്നുവരികയാണ്. അതിനുള്ള റിപ്പോർട്ടുകൾ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. അത് അതിവേഗത്തിലാക്കി ടൂറിസം മേഖലയുടെ അനന്തമായ സാധ്യതകൾ വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം. ഇതിനുമുമ്പും ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. നമ്മുടെ നാട്ടിലെ വ്യവസായ മേഖലയെപോലും തകർത്ത ഗുരുതരമായ തൊഴിൽ പ്രശ്നങ്ങൾ ഇന്ന് ടൂറിസം രംഗത്തും നിലനിൽക്കുകയാണ്. ചില ഹോട്ടലുകളിൽ വിദേശ ടൂറിസ്റ്റുകളെ ഉൾപ്പെടെ,

തൊഴിലാളി പ്രശ്നങ്ങളുടെ പേരിൽ പൂട്ടിയിടുന്ന സാഹചര്യങ്ങൾ ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ടൂറിസം രംഗത്ത് ഇത്തരത്തിലുള്ള കടന്നുകയറ്റങ്ങൾ തടയുവാൻ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. സമയക്കുറവായതിനാൽ സഹകരണമേഖലയുമായി ബന്ധപ്പെട്ട് ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. സഹകരണമേഖലയിൽ ടു ടയർ സംവിധാനം കൊണ്ടുവരാൻ പോകുന്നുവെന്നതാണ് പത്രമാധ്യമങ്ങളിലൂടെയെല്ലാം നമ്മൾ പറഞ്ഞുകേൾക്കുന്നത്. കാലാകാലങ്ങളായി സെൻട്രൽ ഗവൺമെന്റിന്റെയും റിസർവ് ബാങ്കിന്റെയും നബാർഡിന്റെയുമൊക്കെ അഞ്ച് കമ്മിറ്റികൾ 1999 മുതൽ 2013 വരെ ഇതിനെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിലുൾപ്പെടെ സഹകരണരംഗത്ത് നിലനിന്നിരുന്ന ത്രീ ടയർ സംവിധാനം നിലനിർത്തണമെന്നാണ് ഈ അഞ്ച് കമ്മിറ്റികളും നിർദ്ദേശിച്ചിരിക്കുന്നത്. 2002-ലാണ് ജാർഖണ്ഡ് സംസ്ഥാനം രൂപീകൃതമായത്. സ്വാഭാവികമായും ഒരു പുതിയ സംസ്ഥാനം രൂപീകൃതമാകുമ്പോൾ അവിടെ ഒരു സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ആവശ്യമായി വരും. അതിന്റെ ഭാഗമായി അവിടെ ഒരു സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിച്ചു. അന്ന് അവിടെ എട്ട് ജില്ലാ സഹകരണ ബാങ്കുകളാണുണ്ടായിരുന്നത്. ആ എട്ട് ജില്ലാ സഹകരണബാങ്കുകളെയും ലയിപ്പിച്ച്

ഒരു പുതിയ ബാങ്ക് രൂപീകൃതമായി. അതിന് റിസർവ് ബാങ്കിന്റെ ലൈസൻസ് കിട്ടുന്നതിനുവേണ്ടി പതിനൊന്ന് വർഷമെടുത്തുവെന്നതാണ് യാഥാർത്ഥ്യം. അതിന്റെ ലയനം അംഗീകരിച്ചത് ഏതാനും മാസങ്ങൾക്കുമുമ്പാണ്. അതായത് ഒരു പുതിയ സംസ്ഥാനം രൂപീകൃതമായതിന്റെ അടിസ്ഥാനത്തിൽ സ്ഥാപിതമായ പുതിയ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് അംഗീകാരം ലഭിക്കുവാൻ പതിനഞ്ച് വർഷമെടുത്തുവെന്നതാണ് യാഥാർത്ഥ്യം. ഇപ്പോൾ കേരളത്തിൽ ഒരു പുതിയ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുവാൻ സർക്കാർ മുന്നോട്ടുപോകുകയാണെങ്കിൽ കേരളത്തിലെ സാഹചര്യമെന്തായിരിക്കും; എത്ര വർഷമെടുത്താൽ അംഗീകാരം കിട്ടും, എത്ര വർഷമെടുത്താൽ അതിന്റെ ലയനം അംഗീകരിക്കുന്ന സാഹചര്യമുണ്ടാകുമെന്ന് സർക്കാർ മറുപടി പറയേണ്ടതുണ്ട്. കാലാകാലങ്ങളായി സർക്കാരുകൾ മാറിമാറി വരുമ്പോൾ സഹകരണ ബാങ്കുകളെ പിടിക്കുവാനുള്ള ചെപ്പടിവിദ്യകൾ സ്വീകരിക്കുക എന്നുള്ളത് പലപ്പോഴും ഉണ്ടായിട്ടുള്ളതാണ്. അത് നിങ്ങൾ ചെയ്തുകൊള്ളൂ. ഇപ്പോഴും നിങ്ങൾ അത് ചെയ്യുന്നുണ്ട്. അതിനെയല്ല ഞങ്ങൾ ഇവിടെ എതിർക്കുന്നത്. പക്ഷേ അങ്ങനെയുള്ള ചെപ്പടിവിദ്യകൾ ചെയ്യുമ്പോൾ സഹകരണമേഖലയെതന്നെ തകർക്കുന്നവിധത്തിലുള്ള നടപടികളുമായി ഈ സർക്കാർ മുന്നോട്ടുപോകരുതെന്നാണ് എനിക്ക് ഈ

അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. സർക്കാർ തന്നെ നിയോഗിച്ച ഡോ. എം. എസ്. ശ്രീറാം കമ്മിറ്റി പതിനാല് ജില്ലാ സഹകരണ ബാങ്കുകളിൽ പോയി തെളിവെടുപ്പ് നടത്തി മുതിർന്ന സഹകാരികളുമായി ആശയവിനിമയം നടത്തി. ആ ചർച്ചകളിലെല്ലാം പതിമൂന്ന് ജില്ലാ സഹകരണ ബാങ്കുകളും പറഞ്ഞത് ഇവിടെ ത്രീ ടയർ സംവിധാനം നിലനിർത്തണമെന്നാണ്. നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഡയറക്ടറായിരുന്നു അങ്ങ്. നമ്മുടെ മുഖ്യമന്ത്രി ഒരുകാലത്ത് അതിന്റെ വൈസ് പ്രസിഡന്റായിരുന്നു. ഈ NAFSCOB പോലും സംസ്ഥാന സർക്കാരിനോട് ത്രീ ടയർ സംവിധാനം നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് കത്തയച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സഹകരണമേഖലയെ തകർക്കുവാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകരുതെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെട്ടുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ടും ഞാൻ നിർത്തുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, 2017-18-ലെ വാഹന നികുതികൾ, സഹകരണം, ഗതാഗതം, വിനോദസഞ്ചാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. സഹകരണ തത്വങ്ങൾക്ക് മനുഷ്യ സമുദായത്തോളം പഴക്കമുണ്ട്. ഒന്നായി ജീവിക്കുകയും ചിന്തിക്കുകയും ചെയ്യുന്നതാണ് വിശാലമായ കാഴ്ചപ്പാടിൽ

സഹകരണത്തിന്റെ പൊരുൾ. മറ്റേത് സംസ്ഥാനത്തെക്കാളും മികവുറ്റ രീതിയിൽ സഹകരണ പ്രസ്ഥാനം മുന്നേറുന്നത് കേരളത്തിലാണെന്നത് നിസ്തർക്കമായ കാര്യമാണ്. 1904-ലെ സഹകരണ നിയമമനുസരിച്ച് മലബാറിൽ സ്ഥാപിതമായ കൊട്ടുവായൂർ ഐക്യനാണയ സംഘമാണ് ആദ്യം രൂപീകരിച്ചത്. 1914-ൽ തിരുവിതാംകൂർ മഹാരാജാവ് ഇന്നത്തെ തിരുവനന്തപുരം സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിച്ചു. ഇന്നിത് 92 രാജ്യങ്ങളിലെ 248 സഹകരണ ഫെഡറേഷനുകളുടെ സംഗമവേദിയാണ്. നമ്മുടെ സംസ്ഥാനത്ത് സഹകരണസംഘം രജിസ്ട്രാറുകളുടെ കീഴിൽ പതിനാലായിരത്തോളം സഹകരണ സംഘങ്ങളുണ്ട്. സംസ്ഥാന കാർഷിക വികസന ബാങ്ക്, പതിനാല് ജില്ലാ സഹകരണ ബാങ്കുകൾ, അറുപത് അർബൻ ബാങ്കുകൾ, 48 പ്രാഥമിക കാർഷിക വികസന ബാങ്കുകൾ, 1602 പ്രാഥമിക വായ്പാ സംഘങ്ങൾ, നിരവധി അപ്പെക്സ് സഹകരണ സംഘങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇന്ന് ഈ മേഖലയിലെ ആകെ നിക്ഷേപം 40,000 കോടി രൂപയാണെന്നത് നമ്മുടെ സംസ്ഥാന സഹകരണമേഖലയുടെ അഭിമാനാർഹമായ നേട്ടമാണ്. ഇതിൽ എഴുപത്തിയഞ്ച് ശതമാനവും വായ്പയായി നൽകിയിരിക്കുന്നുവെന്നത് അതിലും ശ്രദ്ധേയമാണ്. കുണ്ടിതപ്പലിശക്കാരുടെയും ബ്ലേഡ് കമ്പനിക്കാരുടെയും കഴുത്തറുപ്പൻ

ഇടപാടുകളിൽ നിന്നും ജനങ്ങളെ രക്ഷിച്ച് അവരുടെ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ നിസ്തുലമായ പങ്കാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ വഹിച്ചിട്ടുള്ളത്. കൂടാതെ പല സഹകരണ സംഘങ്ങളും കുറഞ്ഞ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ, മരുന്ന്, കാർഷികവിഭവങ്ങൾ തുടങ്ങിയവ നൽകിവരുന്നു. സേവനമേഖല എന്ന നിലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നതോടൊപ്പം തൊഴിൽ മേഖല എന്ന രീതിയിലും പ്രധാനപ്പെട്ട ഉത്തരവാദിത്തമാണ് നിർവ്വഹിച്ചുപോരുന്നത്. ഒരുലക്ഷം പേർക്ക് നേരിട്ടും അതിലും എത്രയോ അധികം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നു. രാജ്യത്തിന്റെ സ്വാശ്രയത്വം നിലനിർത്തുന്നതിന് പൊതുമേഖലയ്ക്കുള്ളതുപോലെ സഹകരണ പ്രസ്ഥാനങ്ങൾക്കും വലിയ പങ്കുണ്ടെന്ന കാര്യം മറച്ചുപിടിച്ച് ഈ മേഖലയെ തകർക്കാനുള്ള നീക്കമാണ് കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ നിയന്ത്രിക്കാൻ സാധിക്കാത്തതിലുള്ള അമർഷവും പല ഫ്യൂഡൽ താൽപ്പര്യങ്ങളെയും തകർക്കുവാൻ സഹായിച്ച സഹകരണ പ്രസ്ഥാനങ്ങളോട് ഹിന്ദുത്വ വലതുപക്ഷ വിഭാഗങ്ങൾക്ക് വിദ്വേഷമുണ്ടാകുക സ്വാഭാവികമാണ്. രാഷ്ട്രീയ ഭേദമെന്യേ, സംഘപരിവാർ അനുഭാവമുള്ള മലയാളികൾക്കുപോലും സഹകരണ പ്രസ്ഥാനത്തെ തകർക്കുവാനുള്ള

നീക്കത്തെ ചെറുത്ത് തോൽപ്പിക്കേണ്ടത്  കാലത്തിന് അമാന്തിക്കാൻ അരുതാത്ത ചുവരെഴുത്താണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണമേഖലയെ പുഷ്ടിപ്പെടുത്തുന്നതിന് നിരവധി കാര്യങ്ങളാണ് നടപ്പിൽ വരുത്തിയത്. 2016-17 വർഷത്തെ ബഡ്ജറ്റിൽ സഹകരണമേഖലയ്ക്കുവേണ്ടി പ്രഖ്യാപിച്ചത്, മൊത്തം അടങ്കൽ തുകയായ 124 കോടി രൂപയാണ്. ഇതിൽ  50 കോടി രൂപയും പ്രാഥമിക സഹകരണ സംഘങ്ങൾക്കാണെന്നുള്ളത് അങ്ങേയറ്റം ശ്ലാഘനീയമാണ്. സമഗ്ര പുനരുദ്ധാരണ സ്കീമിന്റെ ഭാഗമായി പരമ്പരാഗത വ്യവസായ സഹകരണങ്ങളുടെ കടങ്ങൾ സർക്കാരിന്റെ ഷെയറായി മാറ്റുകയും പലിശ പൂർണ്ണമായി എഴുതിത്തള്ളുകയും ചെയ്യുമെന്ന പ്രഖ്യാപനം ഈ മേഖലയെ സർക്കാർ എത്രത്തോളം സംരക്ഷിക്കുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ്. കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തുന്ന ബഹുമാന്യരായ സഹകരണ വകുപ്പുമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഇതുവഴി വലിയ ഒരു സാമ്പത്തിക അടിത്തറ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടും. ഏകീകൃത സോഫ്റ്റ്‌വെയറോടുകൂടി സർവ്വവിധ സാങ്കേതിക സംവിധാനങ്ങളോടുംകൂടി യോജിച്ച ബാങ്കായിരിക്കും കേരള സഹകരണ ബാങ്ക്. സ്വന്തം ബാങ്കാണെന്ന ആത്മബന്ധം ഇതിലേയ്ക്ക്

ഉപഭോക്താക്കളെ കൂടുതൽ അടുപ്പിക്കും. കേരള ബാങ്കിന് അത്ഭുതങ്ങൾ തന്നെ സൃഷ്ടിക്കാൻ കഴിയുമെന്നാണ് സഹകാരികൾ പറയുന്നത്. സഹകരണ മേഖലയുടെ കീഴിൽ വിലക്കയറ്റം നിയന്ത്രിക്കാൻ 600-ൽ അധികം അരിക്കടകൾ 2000 നീതി സ്റ്റോറുകൾ 1500 നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ആരംഭിക്കുന്നതിന് നടപടികൾ, കൺസ്യൂമർ ഫെഡ്ഡിന്റെ കുടിശ്ശിക വായ്പയായ 2015 കോടി രൂപ ഒറ്റത്തവണയായി അടച്ചുതീർത്തത്, പഠനോപകരണങ്ങൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് ഉടനീളം ആരംഭിക്കുന്ന 250 സ്റ്റുഡന്റ്സ് മാർക്കറ്റുകൾ, പ്രാഥമിക സംഘങ്ങളിൽ പോലും കോർ ബാങ്കിംഗ് ഏർപ്പെടുത്താനുള്ള നടപടികൾ, കാർഷിക വായ്പകൾ റുപ്പേ കാർഡ് മുഖാന്തിരം നൽകുന്നതിനുള്ള നടപടികൾ, നോട്ട് നിരോധനത്തെത്തുടർന്ന് വൻപ്രതിസന്ധിയിലായ സഹകരണമേഖലയുടെ അതിജീവനത്തിനുവേണ്ടി 2017 മാർച്ച് 31 വരെ ജപ്തി നടപടികൾക്കെതിരെ പ്രഖ്യാപിച്ച മൊറട്ടോറിയം, പ്രാഥമിക സഹകരണ സംഘങ്ങളിൽ ലഭിക്കുന്ന വായ്പാപരിധി 60 ലക്ഷമാക്കി ഉയർത്തിയത്, നവകേരളീയം കുടിശ്ശിക നിവാരണം അങ്ങനെ എത്രയെത്ര പരിപാടികളാണ് ഈ പതിനൊന്ന് മാസത്തിനുള്ളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതൃത്വത്തിലുള്ള ഗവൺമെന്റിന് പറയാനുള്ളത്. തൃശ്ശൂർ ജില്ലയിൽ മാത്രം 80.04 കോടി രൂപ

ഐ.സി.ഡി.പി. രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുവേണ്ടി സംസ്ഥാന കാർഷിക വികസന ബാങ്ക് 500 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരണ്ടി അനുവദിച്ചതുൾപ്പെടെ ഒട്ടേറെ പ്രവർത്തനങ്ങളാണ് കഴിഞ്ഞ വർഷം നടന്നത്. സഹകരണ മേഖലയെ നിർദാക്ഷണ്യം തകർക്കാൻ ശ്രമിച്ചിട്ടും ശരിയായ വഴിയിലൂടെ കരുത്തോടെ നയിക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ അഭിമാനാർഹമായ നേട്ടമാണ്. കെ.എസ്.ആർ.ടി.സി. നിരവധി പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചു. എനിക്കുമുമ്പ് സംസാരിച്ചവർ അതുസംബന്ധിച്ച് വിശദമാക്കിയതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. ഉറപ്പായും ഒരു വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുമെന്ന് പറഞ്ഞത് ശുഭസൂചകമാണ്. നിരവധി ചെറിയ പരിഷ്കാരങ്ങൾ, കല്യാണാവശ്യങ്ങൾക്ക് വേണമെങ്കിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ വിട്ടുകൊടുക്കുന്നതും, പരസ്യം കൊടുക്കുന്നതുൾപ്പെടെ, വളരെ കണ്ണായ സ്ഥലത്ത് സ്ഥിതിചെയ്യുന്ന സമുച്ചയങ്ങൾ ഉണ്ടാക്കുന്നതുൾപ്പെടെയുള്ള നിരവധി വിഷയങ്ങൾ ഇന്ന് രാവിലെയും ബഹുമാന്യനായ ഗതാഗത വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാനുള്ള നല്ല നിർദ്ദേശങ്ങളാണ് അദ്ദേഹം ചുരുങ്ങിയ കാലംകൊണ്ട് നിയമസഭയിൽ

അവതരിപ്പിച്ചത്. ശ്രദ്ധേയമായ നാഴികക്കല്ലുകളിലൂടെ കേരളം ഉത്തരവാദിത്ത ടൂറിസത്തിന്റെ ഒന്നാം ഘട്ടം ഉത്സാഹപൂർവ്വം പൂർത്തീകരിച്ചിരിക്കുകയാണ്. ഇത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക മിഷൻ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച സർക്കാരിന് എന്റെ അഭിവാദ്യങ്ങൾ. കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാനത്തെ വിവിധ ടൂറിസം പദ്ധതികൾക്കായി 84 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത് ഈ രംഗത്തെ നവീകരണത്തിന് തുടക്കം കുറിക്കുകയാണ്. 84 ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ കാർപെറ്റ് എന്ന പേരിൽ നടപ്പിലാക്കിയ പദ്ധതി ഏറെ ആകർഷകമാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കേരളത്തിലെ പതിനാല് ജില്ലകളിലും അഡ്വഞ്ചർ പാർക്ക് സ്ഥാപിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, മലപ്പുറം ജില്ലകളിലെ അഡ്വഞ്ചർ പാർക്ക് നിർമ്മാണം പൂർത്തീകരിച്ചത് ഈ രംഗത്ത് വലിയ നേട്ടമാണ്. അതിഥി മന്ദിരങ്ങളുടെ നവീകരണം, ഹെറിറ്റേജ് കെട്ടിടങ്ങളുടെ സംരക്ഷണം, ആരാധനയുമായി ബന്ധപ്പെട്ട തീർത്ഥാടന ടൂറിസം, മുസിരിസ് പൈതൃക പദ്ധതിയും, സ്പൈസ് റൂട്ട് പദ്ധതിയും പുതിയ ഉൽപ്പന്നങ്ങളാക്കി അന്താരാഷ്ട്ര ടൂറിസം മാപ്പുകളിൽ പ്രചരണം നടത്തിയത്, കൊച്ചിയിൽ അന്താരാഷ്ട്ര കൾനറി ഫെസ്റ്റ് നടത്തിയത്, കൊച്ചി ബിനാലെ, അന്താരാഷ്ട്ര ബ്ലോഗ് എക്സ്പ്രസ്

സംഘടിപ്പിച്ചത്, ഗോ കേരള അപ്, ലോവസ്റ്റ് യുണീക് ബിഡ് തുടങ്ങിയ നിരവധി പരിപാടികൾ കഴിഞ്ഞ ഒരു വർഷം സംസ്ഥാനത്ത് അരങ്ങേറി. നോട്ട് പ്രതിസന്ധിയും പാതയോരത്തെ മദ്യശാലകൾ പൂട്ടിയതും ബാറുകളുടെ നിയന്ത്രണം എന്നിവയെല്ലാം ടൂറിസം മേഖലയെ തളർത്തുന്ന ഘടകങ്ങളാണെങ്കിലും സർക്കാരിന്റെ നൂതനവും അവസരോചിതവുമായ ഇടപെടലുകൾ വിനോദസഞ്ചാര രംഗത്ത് ഉണർവ്വുണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ ആരംഭിച്ച മുസിരിസ് പദ്ധതിയുടെ ഭാഗമായി മുനയ്ക്കൽ മുസിരിസ് ബീച്ചിൽ ഏകദേശം അറുപത് ഏക്കറോളം റവന്യൂ ഭൂമിയുണ്ട്. മറ്റൊരു വിനോദസഞ്ചാര കേന്ദ്രങ്ങളിലെങ്ങുമില്ലാത്ത ഡോൾഫിനുകൾ ധാരാളമുള്ള ഈ ബീച്ചിൽ ഇനിയും ഏറെ കാര്യങ്ങൾ നമുക്ക് ചെയ്യാവുന്നതാണ്. കേരളത്തിലെ ഏറ്റവും വലിയ വിനോദസഞ്ചാര കേന്ദ്രമാക്കി ഈ പ്രദേശത്തെ മാറ്റാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. ഇതിനാവശ്യമായ സഹായം ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം എന്ന് അഭ്യർത്ഥിക്കുകയാണ്. വിനോദ സഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര സഞ്ചാരികളുടെ എണ്ണം നാലിലൊന്നെങ്കിലും വർദ്ധിപ്പിക്കുന്നതിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുമെന്നാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള സർക്കാർ അതിന്റെ പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ളത്.

ഇതുവഴി നാല് ലക്ഷം പേർക്കെങ്കിലും പ്രത്യക്ഷ തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു. ഇത്തരത്തിൽ പ്രതിസന്ധികളിലെല്ലാം കേന്ദ്ര സർക്കാരിന്റെ വജ്രായുധപ്രയോഗമെല്ലാം മറികടന്ന് എല്ലാം ശരിയാക്കാനുള്ള ധീരമായ നീക്കങ്ങൾ നടത്തുന്ന ഇടതുപക്ഷ സർക്കാരിന് നാടിന്റെ മൊത്തം പിന്തുണയും ലഭിക്കുന്നുവെന്നത് ഏറെ ആവേശകരമാണ്.

പ്രതിപക്ഷം നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ അഭിസംബോധന ചെയ്യാതെ മറ്റ് വിഷയങ്ങൾ പറഞ്ഞ് സമയം പാഴാക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും തമ്മിലുള്ള വിഷയം, കിഫ്ബി പ്രശ്നം, പാഞ്ചാലിയുടെ വസ്ത്രാക്ഷേപം പോലെയാണ്. ഓരോ പ്രാവശ്യവും നീണ്ടുനീണ്ട് പോകുന്ന രീതിയിലാണ്. സി.പി.ഐ.(എം)-സി.പി.ഐ. വിഷയം, മൂന്നാർ വിഷയം, ശ്രീ. എം. എം. മണി വിഷയം അങ്ങനെ ഏത് വിഷയം കൊണ്ടുവന്നിട്ടും ഇപ്പോൾ എന്തായി എന്ന് അവരോട് ഞാൻ ചോദിക്കുകയാണ്. പ്രിയപ്പെട്ട പ്രതിപക്ഷമേ, ഇതെല്ലാം കാണുമ്പോൾ ഞങ്ങൾക്ക് ഓർമ്മ വരുന്നത് കുഞ്ചൻ നമ്പ്യാരുടെ ഓട്ടംതുള്ളൽ പോലെയാണ്. 'പാണ്ടൻ നായുടെ പല്ലിന് ശൗര്യം പണ്ടേ പോലെ ഫലിക്കുന്നില്ല.' എന്നുള്ള പാട്ട് തീർച്ചയായും നിങ്ങളെ ഉദ്ദേശിച്ചാണെന്നാണ് സംശയം. രാവിലെ ഇവിടെ നടന്ന പലതും അറിയാമല്ലോ;

ഫീസ് വർദ്ധിപ്പിച്ചുവെന്ന് പറയുമ്പോൾ തന്നെ ഡസ്കിൽ അടിക്കുകയാണ്. ഫീസ് വർദ്ധിപ്പിച്ചുവെന്ന് പറഞ്ഞപ്പോൾ സന്തോഷിച്ച പ്രതിപക്ഷം... എനിക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ടാണ് പലപ്പോഴും 'ആങ്ങള ചത്താലും വേണ്ടില്ല, നാത്തൂന്റെ കണ്ണീർ കാണണം' എന്ന സമീപനം അവർ ഉപേക്ഷിക്കണം. പ്രിയപ്പെട്ടവരേ, സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ഈ ചർച്ചയിൽ തീർച്ചയായും പ്രതിപക്ഷത്തിന്റെ സഹകരണമാണ് ഈ ഗവൺമെന്റ് അഭ്യർത്ഥിക്കുന്നത്. തീർച്ചയായും അത്തരത്തിൽ മുമ്പോട്ടുപോയാൽ ഒരുപാട് വികസനമുണ്ടാകുമെന്ന് സൂചിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽ കൂടി സാഭിമാനം പിന്താങ്ങുന്നു.

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഗതാഗത വകുപ്പിന്റെ മന്ത്രി മാറി എന്നല്ലാതെ മറ്റൊരു മാറ്റവുമുണ്ടായിട്ടില്ല. പക്ഷേ കഴിഞ്ഞ മന്ത്രിയും ഈ മന്ത്രിയും തമ്മിലൊരു വ്യത്യാസമുണ്ട്. ഈ മന്ത്രി കച്ചവടക്കണ്ണുള്ള മന്ത്രിയാണ്. നാട്ടിലും വിദേശത്തുമൊക്കെ ഒട്ടേറെ കച്ചവടങ്ങളുള്ള മന്ത്രിയാണ്. കച്ചവടം ലാഭത്തിനുവേണ്ടിയാണ്. തീർച്ചയായും അദ്ദേഹം ചോദ്യോത്തരവേളയിൽ പ്രഖ്യാപിച്ചതുപോലെ ഒരു വർഷം കൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ

പ്രശ്നങ്ങളും പരിഹരിച്ച് അത് ലാഭത്തിലാക്കുമെന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവന ഞാൻ മുഖവിലയ്ക്കെടുക്കുകയാണ്.

പഠന പദ്ധതികളോ സമഗ്ര റിപ്പോർട്ടുകളോ ഇല്ലാത്തതല്ല സംസ്ഥാനത്തിന്റെ ഗതാഗത മേഖലയിൽ നിർണ്ണായക സ്ഥാനം ഉറപ്പിച്ച കെ.എസ്.ആർ.ടി.സി.-യുടെ ജീർണ്ണതയ്ക്ക് കാരണം. കുത്തഴിഞ്ഞ മാനേജ്മെന്റ് സംവിധാനം, ധൂർത്ത്, പാഴ്ച്ചെലവ്, ലാഭകരമല്ലാത്ത ഷെഡ്യൂളുകൾ പുനഃക്രമീകരിക്കാത്തത്, സ്വകാര്യ മേഖലയ്ക്കും സമാന്തര സർവ്വീസുകൾക്കും മികച്ച കളക്ഷൻ ലഭിക്കത്തക്ക വിധത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അകമ്പടി സേവിക്കുന്നത്, രാഷ്ട്രീയമായ താൽപ്പര്യങ്ങൾ എന്നീ പാളിച്ചകൾ തിരുത്താനോ കണ്ടുപിടിക്കാനോ ആരുമില്ലാതെ പോയതിന്റെ കെടുതിയാണ് ഗതാഗത വകുപ്പിൽ കെ.എസ്.ആർ.ടി.സി. നേരിടുന്ന വലിയ ദുരന്തം. മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും മനോഭാവത്തിൽ കാതലായ മാറ്റമുണ്ടാകുന്നില്ലെങ്കിൽ ഒരു പഠന റിപ്പോർട്ടിനും കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താനാകില്ല. സ്ഥാപനത്തിന്റെ നിലനിൽപ്പ് അപകടത്തിലാണെന്ന് ബോദ്ധ്യമായിട്ടും പഴയ ശൈലി ഉപേക്ഷിക്കാൻ കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിനും ഭരണകക്ഷി യൂണിയനും കഴിയുന്നില്ല. വരുമാന ചോർച്ചയ്ക്ക് കാരണമാകുന്ന ഘടകങ്ങൾ പരിശോധിക്കുകയും രോഗം

നിർണ്ണയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചികിത്സ നൽകിയില്ലെങ്കിൽ ഗുരുതരമായ അവസ്ഥയിലേയ്ക്ക് ഗതാഗത രംഗം, പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി. തകർന്ന് തരിപ്പണമാകും. നിലവിൽ കെ.എസ്.ആർ.ടി.സി. നടപ്പിലാക്കുന്ന പരിഷ്കരണ നടപടികളിൽ ഒന്നുപോലും ഫലപ്രദമായില്ല എന്നുമാത്രമല്ല, ചാർജ് വർദ്ധനവ് മൂലം പ്രതിദിന വരുമാനം 6 കോടി രൂപയിൽ നിന്ന് 5 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. ഇതിനിടയിലും ലാഭകരമായ ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതിന് നേതൃത്വം നൽകുന്ന ജീവനക്കാരെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി രാഷ്ട്രീയത്തിന്റെയും മറ്റ് താൽപ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ സ്ഥലം മാറ്റുന്ന നടപടികൾ മാനേജ്മെന്റ് സ്വീകരിക്കുന്നത് കാണുമ്പോൾ 'എന്നെ തല്ലേണ്ട അമ്മാവാ, ഞാൻ നന്നാകില്ല' എന്ന് പറയുന്നതുപോലെയാണ്. കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി ഒരു ലക്ഷം കോടി രൂപയ്ക്ക് മുകളിലുള്ളപ്പോൾ ബാധ്യത 4000 കോടി രൂപ മാത്രമാണ്. കോടീശ്വരൻ പിച്ചക്കാരനായി ജീവിക്കേണ്ടി വന്ന അവസ്ഥയാണുണ്ടാകുന്നത്. അതുകൊണ്ടാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ച 3000 കോടി രൂപ കിട്ടുമോ എന്ന് ഉറപ്പില്ലാത്തത്. 'കിട്ടിയാൽ ഊട്ടി അല്ലെങ്കിൽ ചട്ടി' എന്നുപറയുന്നതുപോലെ പ്രഖ്യാപിച്ച കോടികൾ പെട്ടിയിൽ വന്നാൽ ഓടും, ഇല്ലെങ്കിൽ കട്ടപ്പുറത്താകും. കെ.യു.ആർ.ടി.സി.-യുടെ 76 എ.സി.

ലോ ഫ്ലോർ ബസ്സുകൾ കട്ടപ്പുറത്താണ്. ആയതിനാൽ ഈ ഇനത്തിലുള്ള വരുമാന ചോർച്ചയും ഉണ്ടാകുകയാണ്. പിങ്ക് ബസ് സ്ത്രീകളെ കെ.എസ്.ആർ.ടി.സി. ബസ്സിൽ കയറുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയായിരുന്നു. സ്ത്രീ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന ഈ ബസ്സുകളിൽ സ്ത്രീ കണ്ടക്ടർമാരാണ് ഉണ്ടായിരുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ രണ്ട് ബസ്സുകൾ തുടക്കത്തിൽ തന്നെ നിർത്തി. മറ്റ് ജില്ലകൾക്ക് നൽകുമെന്ന് പറഞ്ഞത് നടപ്പാക്കിയിട്ടില്ല. അതുപോലെ തന്നെ മുൻസർക്കാർ നടപ്പിലാക്കിയ സിൽവർ ജെറ്റ് ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് വലിയ വരുമാന സ്രോതസ്സായിരുന്നു. മാനേജ്മെന്റിന്റെ പിടിപ്പുകേടുമൂലം അവ നിർത്തലാക്കിയിരിക്കുകയാണ്. അങ്ങനെ സിൽവർ ജെറ്റും ക്രാഷ് ലാന്റ് ചെയ്തു. 18 ഹൈടെക് ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ ആരംഭിച്ചത് ഇപ്പോൾ ഉപയോഗശൂന്യമായിരിക്കുകയാണ്. ആധുനിക സംവിധാനങ്ങളെല്ലാം ഏർപ്പെടുത്തിയിരുന്നുവെങ്കിലും അതൊന്നും പ്രവർത്തിക്കുന്നില്ല. പരിപാലന ചുമതല ഏറ്റെടുത്തിട്ടുള്ള കമ്പനി അറ്റകുറ്റപ്പണികൾ നടത്തുന്നില്ല എന്നുള്ളതാണ് അതിന്റെ കാരണമായി പറയുന്നത്. കെ.എസ്.ആർ.ടി.സി.-യെ നവീകരിക്കുന്നതിന് കൊൽക്കത്ത ഐ.ഐ.എം. പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നവീകരണ

പ്രവർത്തനങ്ങൾ നടപ്പിലാക്കിയാൽ മാത്രമേ കെ.എസ്.ആർ.ടി.സി.-യും സാധാരണക്കാരും രക്ഷപ്പെടുകയുള്ളൂ.

കൊച്ചിൻ മെട്രോയുടെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരികയാണ്. സംസ്ഥാനത്ത് മെട്രോ റെയിൽവെയുടെ പ്രവൃത്തി ഉദ്ഘാടന സമയത്ത് ചടങ്ങിൽ നിന്നും വിട്ടുനിന്ന ഇടതുപക്ഷമാണ് സംസ്ഥാന സർക്കാരിന്റെ ഒന്നാം വർഷ പദ്ധതിയിൽ ഈ സർക്കാരിന്റെ നേട്ടമാണെന്ന് അവകാശപ്പെട്ട് മെട്രോ റെയിൽ ഉദ്ഘാടനം ചെയ്യുന്നത്. ഒരു വർഷം കൊണ്ട് ഒരു പുതിയ പദ്ധതിയോ ജനോപകാരപ്രദമായ പദ്ധതികളോ ആവിഷ്കരിച്ച് നടപ്പാക്കാൻ കഴിയാത്ത സർക്കാരാണ് എട്ടുകാലി മമ്മൂഞ്ഞിന്റെ സ്വഭാവം പ്രകടിപ്പിക്കുന്നത്.

ടൂറിസം രംഗത്ത് 2016 ഡിസംബർ 1-ന് നടത്തിയ ക്വിക്ക് സർവ്വേയിലെ കണ്ടെത്തലുകൾ അനുസരിച്ച് വിനോദസഞ്ചാരികളുടെ വരവിൽ 15 മുതൽ 20 ശതമാനം വരെ കുറവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 20 മുതൽ 40 ശതമാനം വരെ കുറവുണ്ടാകുമെന്നാണ് പറയുന്നത്. ടൂറിസം കേന്ദ്രങ്ങളുടെ പൊതുനിലവാരം മെച്ചപ്പെടുത്താൻ സർക്കാർ തുടക്കമിട്ട ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി ഈ ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ഇതുവരെ ഈ പദ്ധതിക്കായി 30 കോടി രൂപ അനുവദിച്ചിരുന്നു. ജനകീയ കൂട്ടായ്മയും ഉത്തരവാദിത്വ ടൂറിസവും സമ്മേളിക്കുന്ന പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചാൽ മാത്രമേ ടൂറിസം മേഖലയിൽ കേരളത്തിന് പുതിയ മേഖലകൾ തുറക്കാനാകൂ. ഈ വർഷത്തെ സീസൺ ആരംഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും കോവളം തീരത്ത് ഒരു ബൾബ് പോലും പ്രകാശിപ്പിക്കാൻ ടൂറിസം വകുപ്പിനായിട്ടില്ല. ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമില്ലായ്മയും നിസ്സംഗതയുമാണ് ഇതിന് കാരണം.

മാലിന്യക്കൂമ്പാരമാണ് കേരളത്തിലെ ബീച്ചുകൾ. അതോടൊപ്പം തന്നെ തെരുവ് നായ്ക്കളുടെ വിഹാരകേന്ദ്രമായ കേരളത്തിലെ ബീച്ചുകൾ ടൂറിസ്റ്റുകളെ വളരെയേറെ പ്രയാസപ്പെടുത്തുന്നുണ്ടെന്നുള്ളത് നമുക്കറിയാം. സഹസ്രകോടികളുടെ വരുമാനം നേടിത്തരികയും ലക്ഷക്കണക്കിനാളുകൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകുന്ന ടൂറിസം മേഖല ഇപ്പോഴും സർക്കാരിന്റെ മുൻഗണനാ മേഖലയിൽ ഉൾപ്പെട്ടിട്ടില്ല. മൂന്നാറിലെ കയ്യേറ്റവും അതിനെത്തുടർന്നുള്ള പ്രശ്നങ്ങളും സമരവും മറ്റും ആഭ്യന്തര വിനോദസഞ്ചാരികളെ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽനിന്ന് അകറ്റാനേ ഉതകുകയുള്ളൂ. തേക്കടിയിൽ വനം വകുപ്പും ടൂറിസം വകുപ്പും തമ്മിൽ ഏകോപനമില്ലാത്തതിനാൽ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ

വൻകുറവുണ്ടായിട്ടുണ്ട്. 'നന്ദി വീണ്ടും വരിക' എന്നതിൽനിന്ന് വിനോദസഞ്ചാരികൾ 'നന്ദി ഇനി ഇങ്ങോട്ടില്ല' എന്നുള്ള മെസ്സേജാണ് അവർ തരുന്നത്. ഫലത്തിൽ Gods Own country എന്നുള്ളത് Oh God, What a country എന്ന് പറയിപ്പിക്കുന്ന രീതിയിലേയ്ക്ക് നമ്മുടെ ടൂറിസം മേഖല പോയിക്കൊണ്ടിരിക്കുകയാണ്.

കേരളത്തിന്റെ സാമ്പത്തിക ഘടനയുടെ നട്ടെല്ലായ സഹകരണ മേഖല തകർത്തെറിയുന്നതിനുള്ള ശ്രമങ്ങളാണ് ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരും ഇപ്പോൾ ഇടതുപക്ഷ മുന്നണിയും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രസർക്കാർ കേരളത്തിലെ സാമ്പത്തിക ഘടനയുടെ താങ്ങും തണലുമായ സഹകരണ പ്രസ്ഥാനത്തെ മുച്ചൂടും തകർക്കുന്നതിനുള്ള ശ്രമങ്ങൾ നോട്ട് നിരോധനമായും മറ്റ് തുടർന്നുള്ള നിയന്ത്രണങ്ങളും ഏർപ്പെടുത്തിയപ്പോൾ സംസ്ഥാന സർക്കാർ ആകട്ടെ സഹകരണ ഭേദഗതി ഓർഡിനൻസിലൂടെ ജനാധിപത്യപരമായി നന്നായി പ്രവർത്തിച്ചുവന്നിരുന്ന 2018 മെയ് വരെ കാലാവധിയുണ്ടായിരുന്ന 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കുകളുടെയും ഭരണസമിതി അസാധുവാക്കിയിരിക്കുയാണ്. ഇത്തരത്തിലുള്ള ഒരു ഓർഡിനൻസിലൂടെ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണ സംവിധാനത്തെ രാഷ്ട്രീയ ലക്ഷ്യത്തോടെ അസാധുവാക്കിയ നടപടി തികഞ്ഞ

അവസരവാദപരവും അസഹിഷ്ണുതയുടെ പ്രകടമായ തെളിവുമാണ്. സഹകരണ മേഖലയെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ നടത്തുവെന്ന ഗിമ്മിക്ക് കാണിക്കുന്ന ഈ സർക്കാർ എന്തുകൊണ്ടാണ് സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളോട് അയിത്തം കാണിക്കുന്നത്. പൊതുമരാമത്ത് വകുപ്പിലും തദ്ദേശസ്വയംഭരണ വകുപ്പിലും ടെണ്ടർ നടപടികളിൽ സഹകരണ ബാങ്കുകളിലെ സ്ഥിര നിക്ഷേപം സ്വീകരിക്കാത്തത് സർക്കാരിനുതന്നെ സഹകരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുക്കാൻ കഴിയാത്തതുകൊണ്ടല്ലേ. കെ.എസ്.എഫ്.ഇ.-യുടേതുപോലെ സാധാരണ സഹകരണ ബാങ്കുകളിലെ സ്ഥിരം നിക്ഷേപവും ഈടായി സ്വീകരിക്കുന്നതിന് എന്താണ് തടസ്സം. വിഷുവിനോടനുബന്ധിച്ച് സർക്കാർ കടുത്ത നോട്ടുക്ഷാമം നേരിട്ടപ്പോൾ ബാങ്കുകളിൽ നിന്ന് തുക പിൻവലിച്ച് ട്രഷറികളിൽ നിക്ഷേപിക്കാൻ നിർദ്ദേശിച്ചിട്ട് എത്ര തുക നിക്ഷേപിച്ചുവെന്ന് വ്യക്തമാക്കാമോ; എന്തുകൊണ്ട് ഈ തുക സഹകരണ ബാങ്കുകളിലും നിക്ഷേപിച്ചുകൂടാ. സഹകരണ മേഖലയിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിൽ ഉണ്ടായ ഉദാസീനതയും റുപ്പേ കിസാൻ ക്രെഡിറ്റ് കാർഡ് ഏർപ്പെടുത്താത്തിനാലും കാർഷിക വായ്പാ വിതരണം തടസ്സപ്പെടുന്നതും തകരുന്ന സഹകരണ മേഖലയെ വീണ്ടും തകർത്തെറിയുന്നതിനേ കഴിയൂ. സ്വതവേ ദുർബല

പിന്നെ ഗർഭിണിയുമെന്ന രീതിയിലാണ് കേരളത്തിലെ സഹകരണ മേഖല എത്തിപ്പെട്ടിരിക്കുന്നത്. ഇത് പരിഹരിച്ചില്ലെങ്കിൽ സാധാരണക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാതെ സഹകരണ മേഖല ഒറ്റപ്പെട്ടുപോകും. കൂടാതെ, ഭരണത്തിന്റെ തണലിൽ ഇൻഡ്യൻ കോഫി ഹൗസ് സഹകരണ സംഘം പിടിച്ചെടുക്കുന്നതിനുള്ള നീക്കം എല്ലാ ജനാധിപത്യ മര്യാദകളെയും ലംഘിക്കുന്ന നടപടിയാണ്. ഇത് ഇടതു യൂണിയനുകൾ സ്വീകരിച്ചുവരുന്നു. സഹകരണ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. വഴിയാക്കാനുള്ള തീരുമാനം അട്ടിമറിക്കപ്പെട്ടതിലൂടെ അഴിമതിയും സ്വജനപക്ഷപാതവും നടപ്പിലാക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. ഇത്തരത്തിൽ നന്നായി പ്രവർത്തിച്ചുവന്നിരുന്ന സഹകരണ സ്ഥാപനങ്ങളെ കേന്ദ്ര സർക്കാരിനെ മാത്രം കുറ്റം പറഞ്ഞ് തകർക്കുകയാണെങ്കിൽ ഇവിടത്തെ സാധാരണ ജനങ്ങളെ എസ്.ബി.ഐ. പോലെ തീവെട്ടിക്കൊള്ള നടത്തുന്ന ബാങ്കുകളിലേയ്ക്ക് സാമ്പത്തിക ആവശ്യങ്ങൾക്ക് പറഞ്ഞയയ്ക്കേണ്ട സ്ഥിതി വരും. ആയതിനാൽ കേരള ബാങ്കുപോലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ഈ മൂന്ന് വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പോസിറ്റീവായി ഒന്നും കാണാത്തതുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഈ

ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്താങ്ങുകയാണ്. കേന്ദ്രത്തിൽ ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് 2/3 മെജോറിറ്റി കിട്ടിയിട്ടും സഹകരണ സംഘങ്ങളൊന്നും അവരുടെ കൈകളിലേയ്ക്ക് വന്നിട്ടില്ല. ഇന്ത്യയിലെവിടെയും വന്നിട്ടില്ല. ഗുജറാത്തിൽപോലും അവർക്കത് പിടിക്കാൻ സാധിച്ചില്ല. ഒന്നോ രണ്ടോ ജില്ലാ ബാങ്കുകൾ മാത്രമേ അവരുടെ കയ്യിലുള്ളൂ. അമൂലിനെ തകർക്കാൻ വലിയ ശ്രമം നടത്തി, അത് പിടിച്ചെടുക്കാനുള്ള നിയമനിർമ്മാണം കൊണ്ടുവന്നു, ഹൈക്കോടതിയിൽ കേസായി. ഇപ്പോൾ അവിടെ ജനറൽ ബോഡി നടത്താൻ പറ്റാത്തതിനാൽ പാവപ്പെട്ട പാൽ കൃഷിക്കാർക്ക് ബോണസുപോലും കൊടുക്കാൻ പറ്റാത്ത സ്ഥിതിയാണ്. സഹകരണ രംഗത്തെ ഏതെങ്കിലും തരത്തിൽ തകർക്കാനാണ് മോദി ഗവൺമെന്റ് ശ്രമിക്കുന്നത്. ഇത്രയെല്ലാം ഭൂരിപക്ഷമുണ്ടായിട്ടും എവിടെയും അവർക്ക് കടന്നുകൂടാൻ പറ്റിയില്ല. അത് നമ്മൾ മുന്നിൽ കണ്ടുകൊണ്ട് വളരെ ജാഗ്രതയോടുകൂടി നീങ്ങണമെന്നാണ് എന്റെ അഭിപ്രായം. കേരളത്തിൽ 3631 ക്രെഡിറ്റ് സംഘങ്ങളുണ്ട്. മറ്റ് സംഘങ്ങൾ 3936 എണ്ണവുമുണ്ട്. കോളേജ് - സ്കൂൾ സംഘങ്ങളായി 3841 എണ്ണവുമുണ്ട്. ആകെ 11,408 സഹകരണ സംഘങ്ങളുണ്ട്. ഏകദേശം 2.5 കോടി ജനത ഇതിലെ

അംഗങ്ങളാണ്. ഇത് തകർക്കാനുള്ള വലിയൊരു ശ്രമമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടക്കുന്നത്. വളരെ ജാഗ്രതയോടുകൂടി ശ്രദ്ധിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ അങ്കമാലി എം.എൽ.എ. സൂചിപ്പിച്ചു. ഭരണഘടനാ പ്രകാരം സഹകരണം സംസ്ഥാന വിഷയമാണ്. അതുകൊണ്ട് അതിൽ ത്രിതല സംവിധാനം വേണോ ദ്വിതല സംവിധാനം വേണോയെന്ന് തീരുമാനിക്കാനുള്ള അധികാരം സ്റ്റേറ്റ് ഗവൺമെന്റിന്റേതാണ്. അതിൽ കൈകടത്താൻ ഒരാൾക്കും അധികാരമില്ല. അങ്ങനെ ചെയ്യാനും പാടില്ല. അതുപോലെ നമ്മുടെ ബാങ്കുകൾ ഒന്നിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് ഇടംകോലിടാവുന്ന ചില സംഗതികളാണ് ഞാൻ സൂചിപ്പിക്കുന്നത്. 14 ജില്ലാ ബാങ്കുകളുടെ ആസ്തി ബാധ്യതകൾ സംസ്ഥാന സഹകരണ ബാങ്കിന് കൈമാറ്റം ചെയ്യണം. അതിനുള്ള അനുമതി ആർ.ബി.ഐ.-യിൽ നിന്ന് വാങ്ങണം. ആർ.ബി.ഐ. അതിൽ ഇടംകോലിടാനുള്ള സാധ്യതയുണ്ട്. അത് മുൻകൂട്ടി കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു ശത്രുതാ മനോഭാവത്തോടുകൂടിയാണ് ആർ.ബി.ഐ. പെരുമാറുന്നത്. അനുമതി ചോദിക്കുമ്പോൾ അത് നൽകാതെ നീട്ടിക്കൊണ്ടുപോകാനുള്ള സാധ്യതയുണ്ട്. അത് എങ്ങനെ തരണം ചെയ്യണമെന്ന് ഗവൺമെന്റ് വളരെയധികം ശ്രദ്ധിക്കണം.

ഇപ്പോൾ ത്രിതല സംവിധാനമാണുള്ളത്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും ജില്ലാ സഹകരണ ബാങ്കുമായുള്ള ഇടപാട് ഇപ്പോൾ നടക്കും. ആർ.ടി. ട്രാൻസ്ഫറൊക്കെ നടക്കും. പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കിന് അതുപോലുള്ള ഒരു ബിസിനസ് നടത്തണമെന്ന് പറഞ്ഞുകഴിഞ്ഞാൽ ആർ.ബി.ഐ. സമ്മതിക്കില്ല. എന്താണ് കാരണം; പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് ബാങ്കിംഗ് ലൈസൻസില്ലെന്ന കാരണം പറഞ്ഞ് ഇടംകോലിടാനുള്ള സാധ്യതയുണ്ട്. അത് എങ്ങനെ തരണം ചെയ്യണമെന്ന് മുൻകൂട്ടി കാണണം. അതിന് പ്രത്യേകം നിർദ്ദേശം വയ്ക്കാനില്ല. അതിന് എന്തെങ്കിലും സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരള സംസ്ഥാന സഹകരണ ബാങ്കിൽ 5000 കോടി രൂപയോളം ഡെപ്പോസിറ്റുണ്ട്. ജില്ലാ സഹകരണ ബാങ്കിൽ 60,000 കോടി രൂപയും പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ 90,000 കോടി രൂപയുടെയും നിക്ഷേപമുണ്ട്. അങ്ങനെ 1,55,000 കോടി രൂപ സഹകരണ രംഗത്ത് നിൽക്കുകയാണ്. ഇതിലാണ് കേന്ദ്ര ഗവൺമെന്റിന്റെ കണ്ണ്. അത് എങ്ങനെയെങ്കിലും മറ്റ് നാഷണലൈസ്ഡ് ബാങ്കുകളിലേയ്ക്കോ ഷെഡ്യൂൾഡ് ബാങ്കുകളിലേയ്ക്കോ കൈമാറണം. അത് പിന്നീട് പ്രൈവറ്റ് ബാങ്കാക്കി മാറ്റാനുള്ള വലിയൊരു ഗൂഢശ്രമമാണ് ഇതിന്റെ പിന്നിൽ നടക്കുന്നത്. സംസ്ഥാന സഹകരണ

ബാങ്കിൽ ലോ കോസ്റ്റ് ഡെപ്പോസിറ്റ് - 6 ശതമാനമുണ്ട്. ജില്ലാ സഹകരണ ബാങ്കിൽ 14 ശതമാനമുണ്ട്. പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കിൽ 9 ശതമാനവും ലോ കോസ്റ്റ് ഡെപ്പോസിറ്റാണ്. ഇതിലാണ് അവരുടെ കണ്ണ്. ബാങ്കുകൾ ലാഭത്തിൽ കൊണ്ടുപോകുന്നത് ഈ ലോ കോസ്റ്റ് ഡെപ്പോസിറ്റുകൊണ്ടാണ്. നാഷണലൈസ്ഡ് ബാങ്കുകളിൽ 30 ശതമാനമാണ്. സഹകരണ രംഗത്ത് വലിയ പ്രയാസം വരാൻ പോകുന്നത്, ആർ.ടി.ജി.എസ്. സഹകരണ രംഗത്ത് ഉപയോഗിക്കാൻ പ്രയാസമാണ്. അതിന് സാങ്കേതികമായ പ്രശ്നങ്ങളുണ്ട്. എൻ.ഇ.എഫ്.റ്റി.-ഉം നമുക്ക് സാധിക്കാത്തൊരു പ്രശ്നമാണ്. കേരളത്തിലെ ഏതെങ്കിലും ഒരു പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കിന് ബോംബെയിലോ ഡൽഹിയിലോ ഉള്ള ബാങ്കിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാനുള്ള ബുദ്ധിമുട്ടുണ്ട്. ഇതെല്ലാം കൂടി വച്ച് ക്രമേണ ലോ കോസ്റ്റ് ഡെപ്പോസിറ്റ് സഹകരണ രംഗത്ത് വരാത്ത ഒരവസ്ഥ വരുമ്പോൾ നമുക്ക് പിടിച്ചുനിൽക്കാൻ വലിയ പ്രയാസം വരാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് അത് എങ്ങനെ തരണം ചെയ്യണമെന്നതിനെക്കുറിച്ച് വളരെ ആലോചിക്കണം. ജില്ലാ ബാങ്കുകളുടെ 70 ശതമാനം നിക്ഷേപവും പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ നിക്ഷേപമാണ്. കേരളാ കോ-ഓപ്പറേറ്റീവ് ബാങ്കായി വരുമ്പോൾ അതിന്റെ പ്രധാന നിക്ഷേപ സ്രോതസ്സുതന്നെ അംഗങ്ങളായ

പ്രൈമറി സംഘങ്ങൾക്കായിരിക്കും. പ്രൈമറി സംഘങ്ങൾ കുറഞ്ഞ പലിശ നിരക്കിൽ ഡെപ്പോസിറ്റ് ഉണ്ടാക്കിയാൽ മാത്രമേ കരുതൽ ധനം കേരളാ സഹകരണ ബാങ്കിൽ നിക്ഷേപിക്കാൻ സാധിക്കുകയുള്ളൂ. ഈ നേട്ടം സഹകരണ സംഘങ്ങൾക്ക് ഉണ്ടാകണമെങ്കിൽ അവരുടെ കറന്റ് ഡെപ്പോസിറ്റ്, ബാങ്ക് നിക്ഷേപങ്ങൾക്ക് വൈവിദ്ധ്യമാർന്ന സേവനങ്ങൾ കാലതാമസം വരുത്താതെ ലഭ്യമാക്കാൻ ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. സൗകര്യങ്ങൾ ഉണ്ടാകണം. അതിന് കേന്ദ്ര ഗവൺമെന്റ് സമ്മതിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അത് പ്രൈമറി ബാങ്കുകൾക്ക് ലൈസൻസില്ലെന്ന് പറഞ്ഞ് നിഷേധിക്കാനുള്ള സാഹചര്യമുണ്ട്. സംസ്ഥാന സഹകരണ ബാങ്കിനും ആർ.ബി.ഐ. അനുവാദമുണ്ടെങ്കിൽ മാത്രമേ ആർ.ബി.ഐ.-യുടെ ലൈസൻസില്ലാത്ത സഹകരണ സംഘങ്ങളിൽ ഇടപാട് നടത്താൻ സാധിക്കുകയുള്ളൂ. അത് എന്ത് ചെയ്യുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിക്കണം. പ്രാഥമിക സഹകരണ സംഘങ്ങളുടെ കറന്റ് അക്കൗണ്ടിൽ എല്ലാ ദിവസവും 24 മണിക്കൂറും പണം പിൻവലിക്കാനും മാറ്റാനുമുള്ള സൗകര്യമുണ്ടാകണം. അത് ഉണ്ടാകില്ല. അത് ഉണ്ടാകാതിരുന്നാൽ നമ്മുടെ ലോ കോസ്റ്റ് ഡെപ്പോസിറ്റ് പ്രൈമറി ബാങ്കുകളിൽ വരാത്ത ഒരു സാഹചര്യമുണ്ടാകും. കേരളാ ബാങ്കിന്റെ എ.ടി.എം.-

കളിൽ പ്രൈമറി സംഘങ്ങളുടെ പണം ഉപയോഗിക്കാൻ സാധിക്കുമോയെന്നുകൂടി പരിശോധിക്കണം. ആ എ.ടി.എം. ഉപയോഗിക്കാൻ പറ്റുന്നില്ലെങ്കിൽ പ്രൈമറി ബാങ്കുകളുടെ നിലനിൽപ്പിനെതന്നെ ബാധിക്കുന്ന ഒരവസ്ഥയുണ്ടാകും. കേരളത്തിൽ തന്നെ തൃശ്ശൂരും കണ്ണൂരുമുള്ള ജില്ലാ ബാങ്കുകൾ അങ്ങനെ ഒരു ശ്രമം നടത്തി. അതിന് ആർ.ബി.ഐ. സമ്മതിച്ചില്ല. അതുംകൂടി ബഹുമാനപ്പെട്ട മന്ത്രി വളരെ ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 2011 മുതൽ നബാർഡ്, ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക സഹകരണ ബാങ്കുകൾക്കും നേരിട്ട് പുനർവായ്പ നൽകുന്നതിനായി ഒരു നിയമം കൊണ്ടുവന്നു. സ്റ്റേറ്റ് ബാങ്ക് നഷ്ടത്തിലായാൽ ജില്ലാ ബാങ്കുകൾക്ക് അത് നേരിട്ട് കൊടുക്കാനുള്ള ഏർപ്പാട് വേണം. ഇപ്പോൾ ഈ ബാങ്കുകൾ ഒന്നിച്ചുവരുമ്പോൾ എതെങ്കിലും കാരണവശാൽ സാങ്കേതികമായി നഷ്ടം വന്നു എന്ന് കണക്കാക്കിയാൽ ആ പുനർവായ്പ നിർത്താനുള്ള നടപടികൂടി കേന്ദ്ര ഗവൺമെന്റ് ചെയ്യുമെന്നാണ് തോന്നുന്നത്. ചില സംസ്ഥാനങ്ങളിൽ അങ്ങനെ ചെയ്തിട്ടുണ്ട്. അതെങ്ങനെ നമുക്ക് തരണം ചെയ്യാൻ കഴിയും? ഇപ്പോൾ രണ്ടായിരത്തി ചില്ല്വാനം കോടി രൂപ നമുക്ക് പുനർ വായ്പയായി തരുന്നുണ്ട്. അത് നിർത്താനുള്ള സാഹചര്യം വരുമോയെന്നൊരു സംശയമുണ്ട്. അതെങ്ങനെ തരണം ചെയ്യാൻ കഴിയുമെന്നതിനെപ്പറ്റി വളരെ ഗൗരവമായി ആലോചിക്കണം.

അതുപോലെ ബാങ്കുകൾ ലയിച്ചുവരുമ്പോൾ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് വളരെയധികം വർദ്ധിക്കാനുള്ള സാഹചര്യമുണ്ട്. കാരണം സാലറിതന്നെ ഒന്നേമുക്കാൽ ലക്ഷം രൂപയോളം വരും. അത്രയും വലിയ സാലറി കൊടുത്തുകൊണ്ട് നിൽക്കാൻ പറ്റുമോയെന്നതിനെക്കുറിച്ച് ആലോചിക്കണം. എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസസ് വളരെയധികം വർദ്ധിക്കുമ്പോൾ നഷ്ടം വരാനുള്ള സാധ്യതയുംകൂടി കണക്കിലെടുക്കണമെന്നാണ് എനിക്ക് അതേക്കുറിച്ച് പറയാനുള്ളത്.

പ്രധാനപ്പെട്ട മറ്റൊരു കാര്യം വാഹനത്തെക്കുറിച്ചാണ്. ഇന്നലത്തെ ചോദ്യോത്തരങ്ങളിൽ വാഹനങ്ങളുടെ വർദ്ധനവിനെപ്പറ്റി വളരെയധികം ചോദ്യങ്ങളുണ്ടായിരുന്നു. ഒരു കുടുംബത്തിൽ ഒരു വാഹനം പോരെ; അതിൽ കൂടുതൽ ഉണ്ടെങ്കിൽ അതിന് വലിയൊരു തുക ടാക്സ് ഈടാക്കണം. വലിയ ടാക്സ് ചുമത്തിക്കൊണ്ട് മെയിന്റനൻസിന് ഒരു പ്രത്യേക വകുപ്പ് രൂപീകരിച്ച് ആ തുക മെയിന്റനൻസിന് കൊടുത്തുകൂടെ? ഒരു കുടുംബത്തിന് എത്ര വാഹനങ്ങൾ വേണം; ഒരു കുടുംബത്തിന് ഒരു വാഹനമെന്ന രീതിയിൽ നിയന്ത്രിക്കാൻ ഒരു നിയമം കൊണ്ടുവരികയും അതല്ലാതെ അത് നിരോധിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിന് കൂടുതൽ ടാക്സ് ചുമത്തുന്ന ഒരു സംവിധാനം കൊണ്ടുവരികയും വേണം.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഒരു വീട്ടിൽ അച്ഛനും അമ്മയും

മക്കളുമുണ്ടായിരിക്കും, മറ്റ് മെമ്പേഴ്സും ഉണ്ടായിരിക്കും. ഒരു വീട്ടിൽ ഒരു വാഹനംകൊണ്ടൊന്നും ഇന്നത്തെ കാലത്ത് കാര്യങ്ങൾ നടക്കത്തില്ല. അതങ്ങ് മനസ്സിലാക്കണം.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, അത് അനാവശ്യമായ ഒരു ധൂർത്താണ്. ഒരേ സ്ഥലത്തേയ്ക്ക് ഒരു യാത്ര പുറപ്പെടുമ്പോൾ ഒരു മകൻ ആദ്യം ഒരുവണ്ടിയുമായി പോകുന്നു. രണ്ടാമത്തെ മകൻ അതേ സ്ഥലത്തേയ്ക്കുതന്നെ വേറൊരു വണ്ടിയുമെടുത്ത് പോകുന്നതായ ധൂർത്തിനൊരു നിയന്ത്രണം വേണം. ഒരു കുടുംബത്തിന് ഒരു വണ്ടി മതി.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഇന്നത്തെ കാലത്ത് ഒരു വീട്ടിൽ ജോലിയുള്ള മക്കളുണ്ടായിരിക്കും, അപ്പോൾ വ്യത്യസ്ത ഇടങ്ങളിലേയ്ക്ക് പോകേണ്ട അവരുടെ സൗകര്യത്തിന് വേണ്ടിയും വാഹനങ്ങൾ വാങ്ങേണ്ടിവരും. അതിനെ എങ്ങനെ നിയന്ത്രിക്കും?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, ഞാൻ അതൊക്കെ സമ്മതിച്ചു. ഗതാഗതക്കുരുക്ക് വരുമ്പോൾ നമ്മളെല്ലാപേരും കഷ്ടപ്പെടുന്നില്ലേ? അങ്ങനെ ഗതാഗത പ്രശ്നം വരുമ്പോൾ ടൗണുകളിൽ പ്രവേശിക്കാൻ കഴിയാത്ത സ്ഥിതി വരും. അതുപോലെ പോല്യൂഷന്റെ പ്രശ്നവും വരില്ലേ; അപ്പോൾ അതിനൊരു നിയന്ത്രണം ആവശ്യമല്ലേ?

അതുപോലെതന്നെ വീടിന്റെ കാര്യം, പതിനായിരം സ്ക്വയർ മീറ്റർ, ഇരുപതിനായിരം സ്ക്വയർ മീറ്റർ, പത്തുകോടി, ഇരുപത്തിയഞ്ചുകോടി രൂപ ചെലവഴിച്ച് വീടുകൾ വയ്ക്കുന്നു. മലയും കുന്നുകളുമൊക്കെ ഇടിച്ചിട്ടാണ് അതൊക്കെ വരുന്നത്. ഇതിനെല്ലാം ഒരു നിയന്ത്രണം കൊണ്ടുവരണ്ടേ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, യൂറോപ്പിലെ ചില നഗരങ്ങളിൽ ഒരു വാഹനത്തിൽ ഡ്രൈവറല്ലാതെ ഒന്നിലധികം ആളുകൾ വേണമെന്ന് ആധുനിക കാലത്ത് നിയമംമൂലം നിഷ്കർഷിച്ചിട്ടുണ്ട്. അതങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, തീർച്ചയായും അറിയാം. അങ്ങനെ ഒരു നിയന്ത്രണം ഇവിടെ കൊണ്ടുവന്നില്ലെങ്കിൽ എങ്ങനെ നമുക്ക് പിടിച്ചുനിൽക്കാൻ കഴിയും. നടക്കാൻ പറ്റാത്ത സ്ഥിതിവരില്ലേ?

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങ് പറയുന്നത് നൂറ് ശതമാനം ശരിയാണ്. വാഹനങ്ങൾക്ക് ലോകത്തിലെ എല്ലാ നഗരങ്ങളിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കഴിഞ്ഞു. അതേസമയത്ത് പബ്ലിക് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം ഏറ്റവും മെച്ചപ്പെട്ട രീതിയിൽ ആക്കിയതിനുശേഷമാണ് വാഹനങ്ങൾക്ക് നിയന്ത്രണം കൊണ്ടുവന്നത്. ആർക്കുവേണമെങ്കിലും എവിടെ നിന്നും ഏത് സ്ഥലത്തേയ്ക്ക് പോകുവാനും പബ്ലിക് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം - ബസ്സും ട്രെയിനും ജലഗതാഗതവും ഇതെല്ലാം

ശരിയാക്കിയതിനുശേഷമേ അങ്ങ് പറയുന്നതിലേയ്ക്ക് കടക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, അങ്ങ് പറയുന്ന അഭിപ്രായത്തോട് നൂറ് ശതമാനം യോജിക്കുന്നുണ്ട്. അതും നന്നാക്കണം, അതോടൊപ്പം ഒരു നിയന്ത്രണവും വേണം. നിയന്ത്രണം വരുമ്പോൾ പബ്ലിക് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം തനിയെ ശരിയാകും. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥകളെ പിന്താങ്ങുന്നു. കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയരുന്നത് സാമൂഹിക പുരോഗതിയുടെ ഫലമായിട്ടാണ്. അതിന് നിദാനമായത് കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളാണെന്ന് ഉറക്കെ വിളിച്ചുപറഞ്ഞ് സഹകരണ മേഖല പ്രതിസന്ധിയിലായ ഘട്ടത്തിൽ അത് സംരക്ഷിക്കുന്നതിനുവേണ്ടി കേരള മുഖ്യമന്ത്രിയും മന്ത്രിമാരും മന്ത്രിസഭയും ആകെ എടുത്ത നടപടികളെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തിലും കറൻസി നിയന്ത്രണത്തിലും നമുക്ക് പിടിച്ചുനിൽക്കാനായി. അത് ഈ മേഖല ജനജീവിതവുമായി ഇഴുകിച്ചേർന്നതുകൊണ്ടാണ്. തകർക്കാൻ പറ്റാത്ത വിശ്വാസം സഹകരണ മേഖലയുടെ മുഖമുദ്രയാണ്. ശ്രീ. കെ. കൃഷ്ണൻകുട്ടി ഇവിടെ സൂചിപ്പിച്ചതുപോലെ ഒന്നര ലക്ഷം കോടിരൂപയുടെ നിക്ഷേപമുള്ളതാണ്

കേരളത്തിലെ സഹകരണ പ്രസ്ഥാനം. ഇത് മനസ്സിലാക്കിയിട്ടാണ് കേന്ദ്ര ഗവൺമെന്റ് നോട്ട് നിരോധനത്തിന്റെ മറവിൽ കുറെ കാര്യങ്ങൾ നടത്തിക്കൂട്ടിയതെന്ന് നമുക്കറിയാം. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കാനും നിക്ഷേപങ്ങൾ ഇല്ലാതാക്കാനും വേണ്ടിയുള്ള വലിയ ഒരു പരിശ്രമം ഇതിനുപിന്നിൽ നടന്നിരുന്നു. അതിനെ ഏറെക്കുറെ അതിജീവിക്കാൻ നമുക്ക് സാധിച്ചുവെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഒരു നാഷണലൈസ്ഡ് ബാങ്കിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരിശോധിച്ചാൽ അത് ആകെ ചെയ്യുന്നത് നിക്ഷേപ വായ്പാ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക മാത്രമാണ്. എന്നാൽ സഹകരണ മേഖല എന്തെല്ലാം പ്രശ്നങ്ങളിൽ ഇടപെടുന്നു. ഒരു മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളിലും - കൺസ്യൂമർ രംഗത്തെ പ്രവർത്തനങ്ങളാണെങ്കിലും, നീതി മെഡിക്കൽസ്, ലൈബ്രറി സേവനങ്ങൾ, കർഷക സേവന കേന്ദ്രം, വളം ഡിപ്പോ അങ്ങനെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആധുനിക സംവിധാനങ്ങളോടുകൂടിയ പതിനേഴോളം ആശുപത്രികൾ നമ്മുടെ സംസ്ഥാനത്ത് സഹകരണ മേഖലയ്ക്ക് മാത്രമായി ഉണ്ടെന്നുള്ളത് മനസ്സിലാക്കണം. നോട്ടുനിരോധന സമയത്ത് കേരളത്തിന്റെ ധനകാര്യവകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്

ഒരു ലേഖനമെഴുതി. ആ ലേഖനത്തിൽ അദ്ദേഹം പറഞ്ഞത്, ഇനി ഒരുപക്ഷേ എല്ലാ ബാങ്ക് ഇടപാടുകൾക്കും ഒരു നിശ്ചിത നികുതി ഏർപ്പെടുത്തുന്ന രീതി അവലംബിക്കാൻ സാധ്യതയുണ്ടെന്നാണ്. പക്ഷെ ഇപ്പോഴത് അക്ഷരാർത്ഥത്തിൽ ശരിയായി വന്നു. നമ്മുടെ രാജ്യത്ത് ആദായ നികുതി അടയ്ക്കുന്നവർ 1.25 കോടി ആളുകൾ മാത്രമാണ്. അവരിൽനിന്നും കിട്ടുന്നത് 2.86 ലക്ഷം കോടി രൂപയാണ്. എന്നാൽ ബാങ്കുകൾ ബാങ്കിംഗ് ട്രാൻസാക്ഷൻ വഴി സ്വരൂപിക്കാൻ പോകുന്ന തുക 21 ലക്ഷം കോടി രൂപയോളം വരും.

ഞാൻ സഭയുടെ ശ്രദ്ധ മറ്റൊരു കാര്യത്തിലേയ്ക്ക് കൊണ്ടുപോകുവാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം എസ്.ബി.ഐ-യുടെ ഒരു സർക്കുലർ വന്നത്, ജൂൺ മാസം ഒന്നാം തീയതിമുതൽ എസ്.ബി.ഐ-യുടെ എല്ലാ ഇടപാടുകാരിൽനിന്നും വലിയൊരു തുക ഈടാക്കാൻ തീരുമാനിച്ചു എന്നാണ്. പക്ഷേ വലിയ പ്രക്ഷോഭം വന്നതിന്റെ ഭാഗമായി ഭാഗികമായി കുറച്ച് മാറ്റിയിട്ടുണ്ട്. അവർ പണം നിക്ഷേപിക്കുന്നതിനും മുഷിഞ്ഞ നോട്ടുകൾ മാറ്റിയെടുക്കുന്നതിനും പണം ഈടാക്കുകയാണ്. മിനിമം ബാലൻസ് ഇല്ലെങ്കിൽപോലും പണം ചോദിക്കുന്നു. കഴിഞ്ഞ ദിവസം കോഴിക്കോട്ടുണ്ടായ ഒരു സംഭവമാണ്. എസ്.ബി.ഐ.-ൽ അക്കൗണ്ട് വേണ്ടെന്ന് പറഞ്ഞ ആളിൽനിന്നും 575/- രൂപ

അധികമായി എടുത്തിരിക്കുന്നു. ഇതെന്തൊരു സ്ഥിതിയാണ്? നമ്മുടെ സ്വന്തം ബാങ്കായ എസ്.ബി.ടി. ഉൾപ്പെടെ അഞ്ചു ബാങ്കുകളെ ചേർത്തുകൊണ്ടാണ് എസ്.ബി.ഐ. രൂപംകൊണ്ടത്. ഈ സഭ ഒന്നടങ്കം അതിൽ പ്രതിഷേധിക്കുകയും പ്രമേയം പാസ്സാക്കുകയും ചെയ്തു. ആ എസ്.ബി.ഐ. നമ്മളെ വല്ലാതെ ദ്രോഹിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഈ സമീപനം വന്ന സാഹചര്യത്തിൽ യഥാർത്ഥത്തിൽ കേരള ബാങ്കിന്റെ പ്രസക്തി ഇന്ന് വളരെ കൂടുതലാണെന്നുള്ളത് നാം കാണേണ്ടതായിട്ടുണ്ട്. കേരളത്തിന് തനതായിട്ടുള്ളൊരു ബാങ്ക്, നാട്ടിലെ സാധാരണക്കാരായ ജനങ്ങളെ ദ്രോഹിക്കാത്ത സമീപനം സ്വീകരിക്കുന്ന ഒരു ബാങ്ക് നമുക്ക് ആവശ്യമാണ്. അത് പ്രത്യേകിച്ചും സഹകരണ മേഖലയിലാകുമ്പോൾ ഏറ്റവും ഫലവത്താകും എന്നുള്ള കാര്യത്തിൽ സംശയമില്ല. എസ്.ബി.ഐ. നടത്തിയിട്ടുള്ള, ആളുകളെ പറ്റിക്കുന്ന അല്ലെങ്കിൽ ആളുകളിൽനിന്നും ഏറ്റവും കൂടുതൽ പണം ഈടാക്കുന്ന കാര്യവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം വിവിധ മീഡിയകൾ നടത്തിയ ഒരു ചർച്ചയിൽ, 'കൗണ്ടർ പോയിന്റ്' എന്ന പരിപാടിയിൽ പറഞ്ഞത് ഓരോ ഇന്ത്യക്കാരന്റെയും ബാങ്കിന് പിടിച്ചുപറിക്കാരന്റെ മുഖമാണോയെന്നാണ് ചോദ്യം. 'Media One' ചാനലിൽ പറഞ്ഞത്, ബാങ്കിൽനിന്നും ബ്ലേഡിലേയ്ക്ക് പോകുന്നുവെന്നാണ്. ഏറ്റവും രസകരമായ കാര്യം

മാതൃഭൂമി ചാനൽ സംപ്രേഷണം ചെയ്യുന്ന 'വക്രദൃഷ്ടി'-യിൽ പറഞ്ഞതാണ്. 'അടിവസ്ത്രം അടിച്ചുമാറ്റാൻ എസ്.ബി.ഐ.' എന്ന തലക്കെട്ടാണ്. ഈയൊരു സാഹചര്യത്തിൽ നിശ്ചയമായും കേരള ബാങ്കിന്റെ പ്രസക്തി വളരെ കൂടുതലാണെന്നത് നാം കാണണം.

ഇവിടെ two tier സിസ്റ്റത്തിലേയ്ക്ക് വരുന്നതിന് എതിരായി നാസ്കോബ് നോട്ടീസ് അയച്ചിരിക്കുകയാണെന്ന് എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. റോജി എം. ജോൺ നാസ്കോബിന്റെ കാര്യം ഉദ്ധരിച്ചുകൊണ്ട് പറയുകയുണ്ടായി. നാസ്കോബിന്റെ കണക്കനുസരിച്ച് ഇന്ത്യയിലെ 19 സംസ്ഥാനങ്ങളിൽ ത്രിതല സംവിധാനവും 10 സംസ്ഥാനങ്ങളിൽ ദ്വിതല സംവിധാനവുമാണ് നിലകൊള്ളുന്നതെന്ന് ശ്രീ. റോജി എം. ജോൺ മനസ്സിലാക്കണം.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, 13 സംസ്ഥാനങ്ങളിൽ ദ്വിതല സംവിധാനമാണ് നിലനിൽക്കുന്നത്. ഈ 13 സംസ്ഥാനങ്ങളെന്നത് മേഘാലയ പോലുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളും മിസോറം, ഗോവ പോലുള്ള ചെറിയ സംസ്ഥാനങ്ങളുമാണ്. കേരളം, തമിഴ്നാട്, കർണ്ണാടക, അന്ധ്രാ പ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ പ്രമുഖ സംസ്ഥാനങ്ങളിലെല്ലാം നിലനിൽക്കുന്നത് ത്രിതല സംവിധാനമാണ്.

<u>ശ്രീ. വി. ജോയി</u>: സർ, ശ്രീ. റോജി എം. ജോൺ പറഞ്ഞത് ഭാഗികമായി ശരിയാണ്. പക്ഷേ 5-ാം പഞ്ചവൽസര പദ്ധതി കാലം മുതൽതന്നെ കേരളത്തോട് ദ്വിതല സംവിധാനത്തിലേയ്ക്ക് പോകണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടിട്ടുണ്ട് എന്നുള്ള വസ്തുതകൂടി ഞാൻ ഇതിന്റെ ഭാഗമായി സൂചിപ്പിക്കുകയാണ്. ഇവിടെ സഹകരണ മേഖലയെ സംരക്ഷിക്കുന്നതിന് ഇനിയും കുറേ പണികൾ ചെയ്യേണ്ടതുണ്ട്. ഇൻകം ടാക്സുകാരുടെ വലിയ അതിക്രമം നടക്കുകയാണ്. കെ.വൈ.സി. നോംസ് അംഗീകരിച്ച് അതിനാവശ്യമായ കാര്യങ്ങൾ പ്രാഥമിക ബാങ്കുകൾ ചെയ്തുവരികയാണ്. പക്ഷേ എന്നിട്ടും നിരന്തരമായ റെയിഡുകളിലൂടെ സഹകരണ സ്ഥാപനങ്ങളെ തകർക്കുന്ന സമീപനം സ്വീകരിക്കുകയാണ്. ഞാൻ സഹകരണ വകുപ്പിനെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. പ്രത്യേകിച്ചും അതിന്റെ സെക്രട്ടറി ശ്രീ. വേണുഗോപാൽ ഐ.എ.എസ്. നോട്ട് നിരോധനവുമായി ബന്ധപ്പെട്ടും ഇൻകം ടാക്സിന്റെ വിഷയങ്ങളിലും ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയോടൊപ്പം നിന്ന് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഒരു ഉദ്യോഗസ്ഥനെടുക്കുന്ന പങ്ക് പ്രശംസനീയമാണ്. നമ്മൾ ഐ.എ.എസ്.കാരെയെല്ലാം കുറ്റം പറയാറുണ്ട്. പക്ഷേ ഈ വിഷയങ്ങളിൽ ഫലവത്തായി ഇടപെടാൻ അദ്ദേഹത്തിന് സാധിച്ചു എന്നുള്ളതാണ്. നമുക്ക് ഇൻകം

ടാക്സ് ആക്ടിന്റെ 80-പി.യുടെ ആനുകൂല്യം ഉണ്ടായിരുന്നു. ആ ആനുകൂല്യത്തിനെതിരെ ഇപ്പോൾ സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുകയാണ്. കേന്ദ്ര സർക്കാർ 80-പി. എടുത്തു കളയുന്നതിനുള്ള സമീപനം സ്വീകരിക്കുകയാണ്.

നമ്മുടെ സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ച് ഇപ്പുറത്തും അപ്പുറത്തും ഇരിക്കുന്നവർ വാതോരാതെ പ്രസംഗിക്കുന്നുണ്ട്. പക്ഷേ, ഈ മേഖലയിൽ നടക്കുന്ന അഴിമതികളെക്കുറിച്ച് ഒരു പരിശോധന നടത്താൻ ബന്ധപ്പെട്ട ആളുകൾ തയ്യാറാകണം. ചില സഹകരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് ഇന്ന് നടക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. *******+ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഇവിടെയില്ല. ശ്രീ. ജോസഫ് സാറും അതുപോലെതന്നെ മറ്റ് ബന്ധപ്പെട്ട ആളുകളും ഇവിടെയുണ്ട്. ഇത് നിങ്ങൾ പരിശോധിക്കണം.

ശ്രീ. അനിൽ അക്കര: സർ, പോയിന്റ് ഓഫ് ഓർഡർ. *******+ അത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അക്കാര്യം പരിശോധിക്കാം.

ശ്രീ. വി. ജോയി: സർ, അത് പരിശോധിച്ച് വേണ്ടത് ചെയ്യണം. വേറെ പ്രശ്നമില്ല. പക്ഷേ 15 കോടി രൂപയുടെ ലോൺ ഇവിടെനിന്ന് എടുത്തിട്ടുണ്ട്. 24.01.-

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ പരിശോധനയിലാണ്

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ പരിശോധനയിലാണ്

ൽ അപേക്ഷ വയ്ക്കുന്നു. 25.01.-ൽ 15 കോടി രൂപ സാങ്ഷൻ ചെയ്ത് കൊടുക്കുന്നു. അപ്പോൾതന്നെ ഇവർ പിൻവലിച്ചുകൊണ്ട് പോവുകയാണ്. വലിയ അഴിമതിയാണ് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് നടന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തെ സംബന്ധിച്ച് പരിശോധിക്കണം. ഇതിൽ മനസ്സിലാക്കേണ്ട ഒരു കാര്യം ഒരു മുൻ മന്ത്രിയുടെ അനന്തരവൻ ഈ രണ്ടിലുമുണ്ട്. അടാട്ടിന്റെ പ്രസിഡന്റാണ്. മറ്റേതിന്റെ ഡയറക്ടർ ബോർഡ് മെമ്പറും അതിന്റെ സ്ഥാപക അംഗവുംകൂടിയായ ആളാണ്. ഇത് രണ്ടും ഒരാളാണ് കൈകാര്യം ചെയ്യുന്നത്. ഈ അഴിമതിയെക്കുറിച്ച് നാം ആലോചിക്കണം. അടാട്ട് ഫാർമേഴ്സ് ബാങ്കുമായി ബന്ധപ്പെട്ട് ഒരു ഓവർ ഡ്രാഫ്റ്റ്, 336-ാം നമ്പർ ഓവർ ഡ്രാഫ്റ്റ്, അത് കോൺഗ്രസിന്റെ ലീഡർമാർക്ക് പരിശോധിക്കാം. ആ ബാങ്കിൽ നടന്നിട്ടുള്ളതാണ്. 1999-ൽ എടുത്ത ലോൺ. അത് ഏറ്റവും അവസാനം അവാർഡ് ചെയ്തത് 29,11,270/- രൂപയ്ക്കാണ്. ഒരു കോൺഗ്രസ് നേതാവിന് യഥാർത്ഥത്തിൽ അത് അഡ്ജസ്റ്റ് ചെയ്ത് കൊടുത്ത്, നിലവിലുള്ള നിയമങ്ങൾ മാറ്റി കൊടുത്തത് വെറും 5,87,000/- രൂപയ്ക്കാണ് എന്നുള്ള വസ്തുത എന്റെ പ്രിയപ്പെട്ട കോൺഗ്രസ് നേതാക്കൻമാർ മനസ്സിലാക്കണം. ഇതിനുവേണ്ടി വേറൊരു തിരിമറിയും നടത്തി. മാർച്ച് 31-ന് തീരേണ്ടുന്ന ഈ സഹായം നൽകുന്ന പദ്ധതി ഏപ്രിൽ 1 മുതൽ ഈ പണം അടയ്ക്കുന്നതിനുവേണ്ടി ജൂൺ 30 വരെ നീട്ടിക്കൊടുത്തു

എന്നുള്ള സാഹചര്യവും നാം ഇതുമായി ബന്ധപ്പെട്ട് മനസ്സിലാക്കേണ്ടതുണ്ട്. 29 ലക്ഷം എവിടെ കിടക്കുന്നു, 5 ലക്ഷം എവിടെ കിടക്കുന്നു എന്നതിനെ സംബന്ധിച്ച് നാം പരിശോധിക്കേണ്ടതാണ്.

എൽ.ഡി.എഫ്. വരുമ്പോൾ കൺസ്യൂമർഫെഡും മാർക്കറ്റ്ഫെഡും കേരാഫെഡും ലാഭത്തിൽവരുന്നു. തിരിച്ചാണെങ്കിലോ, ഇതെല്ലാം നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുകയാണ്. തീവെട്ടിക്കൊള്ളയാണ് ചില സ്ഥലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് നടക്കുന്നത്. അത് പരിശോധിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ടൂറിസവുമായി ബന്ധപ്പെട്ട് ഗ്രീൻ കാർപ്പറ്റ് പദ്ധതി വളരെ ഭംഗിയായി ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിക്ക് നടപ്പിലാക്കാൻ സാധിക്കുന്നുണ്ട്. ഇവിടത്തെ ശുചിത്വം, ലൈറ്റ്നിംഗ്, മെച്ചപ്പെട്ട നടപ്പാത, ജലലഭ്യത ഇതെല്ലാം പഴയ ഒരു സാഹചര്യം വച്ചുകൊണ്ടാണ് പലരും സൂചിപ്പിക്കുന്നത്. പക്ഷേ വലിയ മാറ്റം വരുത്താൻ അതുമായി ബന്ധപ്പെട്ട് സാധിച്ചിട്ടുണ്ട് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നമ്മൾ കണ്ടെത്താത്ത ധാരാളം സ്ഥലങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അത് ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പരിശ്രമം നാം നടത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി എം.എൽ.എ.മാരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച്

ഓരോ ടൂറിസ്റ്റ് കേന്ദ്രവുമായും നേരിട്ട് ഇടപെടാൻ വേണ്ടുന്ന സംവിധാനം ഒരുക്കണമെന്ന ഒരു നിർദ്ദേശമുണ്ട്. കഠിനംകുളം-അകത്തുമുറി ബാക്ക് വാട്ടർ സർക്യൂട്ട് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളിലേയ്ക്ക് പോവുകയാണ്. അത് വർക്കല കാപ്പിൽ വരെ നീട്ടുന്നതിനുള്ള ശ്രദ്ധയുണ്ടാകണം. അതുപോലെ 100 കോടി രൂപ മുതൽ മുടക്കി ചടയമംഗലം ജടായുപ്പാറ ടൂറിസം പദ്ധതി വരുന്നുണ്ട്. വർക്കലയിൽനിന്ന് പൊന്മുടിയിലേയ്ക്ക് കൂടി ആ ടൂറിസം സർക്യൂട്ട് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നേരത്തെ ശ്രീ. വി. റ്റി. ബൽറാം സംസാരിച്ചപ്പോൾ മിച്ചമൂല്യ സിദ്ധാന്തത്തെ കുറിച്ച് സൂചിപ്പിച്ചു. ഒരു തൊഴിലാളി ജോലി ചെയ്യുന്നതിലൂടെ മുതലാളിക്ക് കിട്ടുന്ന അധിക ധനത്തിന്റെ വിഹിതം തൊഴിലാളിക്കുകൂടി നൽകുന്നതാണ് മിച്ചമൂല്യ സിദ്ധാന്തമെന്ന് പറയുന്നത്. അതിന് അഞ്ജനമെന്നാലെനിക്കറിയാം മഞ്ഞളുപോലെ വെളുത്തിരിക്കും എന്നുപറയുന്നൊരു രീതിയാണ് ഇവിടെ അവലംബിച്ചത്. ശ്രീ. വി. റ്റി. ബൽറാം സംസാരിച്ചപ്പോൾ ഡി.വൈ.എഫ്.ഐ.യും എസ്.എഫ്.ഐ.യുമെല്ലാം സമരം നിർത്തിപ്പോയോ എന്നും നേതാക്കൻമാരാകാൻ വേണ്ടിയാണോ സമര രംഗത്തേയ്ക്ക് വന്നത് എന്നുമുള്ള ചോദ്യം ചോദിച്ചു. അണ്ണാനെ മരം കയറ്റം പഠിപ്പിക്കണ്ട, അമ്മൂമ്മയെ ചമ്മന്തിയരയ്ക്കാൻ പഠിപ്പിക്കണ്ട എന്ന് പറഞ്ഞതുപോലെ

ശ്രീ. വി. റ്റി. ബൽറാം ഞങ്ങളെ സമരം പഠിപ്പിക്കേണ്ട. കഴിഞ്ഞ ദിവസം ഒരു ചാനലിൽ കാണിച്ചു. ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പ്രസ് ക്ലബ്ബിൽ ഒരു യോഗത്തിൽ പങ്കെടുക്കാൻ പോയി. ആരോഗ്യ വകുപ്പുമന്ത്രി വരുന്നതിന്റെ ഭാഗമായി നാല് കെ.എസ്.യു.ക്കാർ മുദ്രാവാക്യം വിളിച്ചുകൊണ്ട് ഓടി പ്രസ് ക്ലബ്ബിന്റെ വാതിലിനടുത്തേയ്ക്കെത്തി. അപ്പോഴാണ് തൊട്ടുപിറകേ ആ പരിപാടിയിൽ പങ്കെടുക്കാൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, ശ്രീ. ജി. സുധാകരൻ വരുന്നത്. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, ശ്രീ. ജി. സുധാകരനൊപ്പം മുന്നിൽ വന്ന പോലീസ് വണ്ടി ഹോണടിച്ചു പിടിച്ചിരുന്നു. ഈ ഹോൺ കേട്ട് പിറകോട്ട് ഓടിപ്പോയ പാരമ്പര്യമുള്ള നിങ്ങൾ ആരെക്കുറിച്ചാണ് പറയുന്നത്. ഞങ്ങളെയാണോ സമരത്തെ സംബന്ധിച്ചും സമര രീതികളെ കുറിച്ചും പഠിപ്പിക്കാൻ വരുന്നത്.

കെ.എസ്.ആർ.ടി.യെ കുറിച്ച് ഒരു വാക്ക് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു വർഷത്തിനകം കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുമെന്ന് പറഞ്ഞത് വളരെ നല്ല കാര്യമാണ്. ഗ്രാമ പ്രദേശങ്ങളിൽ ചെറിയ ബസ്സുകൾ കൂടി ഉപയോഗപ്പെടുത്തിയാൽ നമുക്ക് ഇന്നുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ സാധിക്കും. അങ്ങതിൽ പ്രത്യേകം ശ്രദ്ധിക്കണം എന്നുകൂടി

സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഇവിടെ നടന്ന ചർച്ചയിൽ നമ്മുടെ പബ്ലിക്ക് ട്രാൻസ്പോർട്ട് സിസ്റ്റത്തെ കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇന്ത്യയിലെ തന്നെ ഏറ്റവും പ്രശസ്തനായ ചരിത്രകാരനും പ്രത്യേകിച്ച് ഇടതുപക്ഷ സഹയാത്രികനുംകൂടിയായ ശ്രീ. ഇർഫാൻ ഹബീബ് അലിഗഡ് സർവ്വകലാശാലയുടെ ചരിത്രാദ്ധ്യപകനായിരുന്നു. അദ്ദേഹം സൈക്കിളിലായിരുന്നു ക്യാമ്പസിൽ വന്നുകൊണ്ടിരുന്നത്. നമ്മുടെ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്ത് സൈക്കിളിലായിരുന്നു യാത്ര ചെയ്തിരുന്നത്. എന്റെ അദ്ധ്യാപകനും പ്രശസ്ത കവിയുമായ വിഷ്ണുനാരായണൻ നമ്പൂതിരി യൂണിവേഴ്സിറ്റി കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്ത് ക്യാമ്പസിൽ സൈക്കിളിലാണ് വന്നിരുന്നത്. ഞാൻ സൂചിപ്പിച്ചത്, കാറുകൾ നമ്മുടെ സമൂഹത്തിൽ വലിയ ആഢംബരത്തിന്റെ ഭാഗമായി കാണുമ്പോൾ പൊതുഗതാഗത മേഖല കൂടുതൽ ശക്തിപ്പെടുത്താനും അതോടൊപ്പം തന്നെ മലിനീകരണം ഉണ്ടാക്കുന്ന വാഹനപ്പെരുപ്പം കുറയ്ക്കാനുമുള്ള നടപടികൾ തീർച്ചയായിട്ടും ഉണ്ടാകേണ്ട ഒരു കാലഘട്ടത്തിലാണ് നാം

ജീവിക്കുന്നത്. അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒട്ടേറെ പഠനങ്ങൾ സൂചിപ്പിക്കുന്നത് നമ്മുടെ നഗരങ്ങളും ഗ്രാമങ്ങളുമെല്ലാം ഇന്ന് ഈ വിഷവാതകത്തിന്റെ പുകയേറ്റ് യഥാർത്ഥത്തിൽ അതിന്റെ ഭംഗിയും സൗന്ദര്യവുമെല്ലാം നഷ്ടപ്പെടുന്നതായിട്ടാണ്. ഞാനത് സാന്ദർഭികമായി സൂചിപ്പിച്ച എന്നുമാത്രമേയുള്ളൂ.

ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയ്ക്ക് പരിമിതമായ സമയമേയുള്ളൂ എന്നതുകൊണ്ട് ഒന്നു രണ്ടു കാര്യങ്ങൾമാത്രം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ലോ ഫ്ലോർ ബസ്സുകൾ വന്നപ്പോൾ ആദ്യമൊക്കെ അതിനോട് ചെറിയ വിരക്തി ഉണ്ടായിരുന്നെങ്കിലും ഇന്നത് ജനങ്ങൾ ഇഷ്ടപ്പെടുന്ന രീതിയാണ്. ഏതാണ്ട് സെക്കന്റ് എ.സി. യുടെ ചാർജ്ജാണെങ്കിലും, യാത്രക്കാർ പറയുന്ന പ്രധാന ബുദ്ധിമുട്ട് അതിൽ ഇരിക്കാനുള്ള അസൗകര്യമുണ്ട് എന്നാണ്. വോൾവോ ബസ്സുപോലുള്ള സൗകര്യങ്ങളിൽ ദീർഘയാത്ര ചെയ്യുമ്പോൾ, അതിൽക്കയറി ഇരുന്നു കഴിഞ്ഞാൽ  പുഷ്ബാക്ക് സീറ്റുപോലുള്ള സംവിധാനങ്ങൾ ഇല്ല എന്ന ഒരു പരാതി പലപ്പോഴും യാത്രക്കാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്, അത് പരിഹരിക്കാൻ മാർഗ്ഗമുണ്ടാകണം.  എം.എൽ.എ.മാർക്ക് മറ്റ് വാഹനങ്ങളിലെല്ലാം  സഞ്ചരിക്കാം, പക്ഷേ അതിൽമാത്രം സഞ്ചരിക്കാനുള്ള സൗകര്യമില്ല. ആ ആനുകൂല്യം കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നില്ല, അത് ബഹുമാനപ്പെട്ട മന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്തിയെന്നു മാത്രമേ ഉള്ളൂ. നമ്മുടെ നാട്ടിൻപുറങ്ങളും ഗ്രാമങ്ങളുമൊക്കെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളാണ്. ചെറിയ വാഹനങ്ങൾ, കെ.എസ്.ആർ.ടി.സി മിനി ബസ്സുകൾ ആ പ്രദേശങ്ങളിൽ ഓടിക്കാൻ കഴിഞ്ഞാൽ - ഞാൻ നേരത്തെ പറഞ്ഞ കട്ട് ചെയ്സ് വാഹനങ്ങൾ, വാഹനത്തിന്റെ പെരുപ്പം കുറയ്ക്കാൻ കഴിയും. ആളുകൾ നല്ല വാഹനമുണ്ടെങ്കിൽ തീർച്ചയായും അത്തരം വാഹനങ്ങളിൽ കയറാൻ തയ്യാറാകും. കാഞ്ഞിരപ്പള്ളി ഉൾപ്പെടുന്ന പ്രദേശങ്ങൾ ഇന്ന് ഗതാഗതക്കുരുക്കുകൊണ്ട് വീർപ്പുമുട്ടുന്ന അവസ്ഥയാണ്. തീർച്ചയായിട്ടും അക്കാര്യത്തിന് ഒരു പരിഹാരം ഉണ്ടാകണം.

എന്റെ പിതാവ് ഗതാഗതവകുപ്പ് മന്ത്രിയായിരുന്ന കാലത്താണ്, 40 വർഷങ്ങൾക്കുമുൻപാണ് പൊൻകുന്നം ഡിപ്പോ ആരംഭിച്ചത്. 2018-ൽ 40 വർഷം തികയുകയാണ്. ആ ബസ് സ്റ്റേഷനെ സംബന്ധിച്ചിടത്തോളം വളരെയേറെ പരിമിതികളുണ്ട് എന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഇപ്പോൾ അവിടെ 40-ഓളം ഡ്രൈവർമാരുടെയും 15-ഓളം കണ്ടക്ടർമാരുടെയും കുറവുണ്ട്. ഇന്റർസ്റ്റേറ്റ് സർവ്വീസിന് ഏറെ സാധ്യതയുള്ള ഒരു മേഖലയാണത്. പക്ഷെ ദീർഘദൂര സർവ്വീസുകൾ ഒന്നുംതന്നെ അവിടെ നിന്ന് ഓപ്പറേറ്റ് ചെയ്യുന്നില്ല. പെരിക്കല്ലൂർ ഉൾപ്പെടെ, 35000/- രൂപ വരെ കളക്ഷനുള്ള നല്ല സർവ്വീസുകൾ ഓടുന്ന ഒരു

ഡിപ്പോയാണത്. ആ ഡിപ്പോയുടെ കാര്യത്തിൽ, അതിന്റെ കെട്ടിടങ്ങളെല്ലാം വളരെ പഴക്കമുള്ളതാണ്, അതിനൊരു മാറ്റം ഉണ്ടാക്കാൻ തീർച്ചയായിട്ടും അങ്ങ് മുൻകൈയെടുക്കണം എന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട വിഷയം അവിടുത്തെ കുടിവെള്ളമാണ്, പലതവണ ഞാൻ ആസ്തി വികസനഫണ്ട് ഉൾപ്പെടെ കൊടുക്കാൻ ശ്രമിച്ചെങ്കിലും പല കാരണങ്ങൾകൊണ്ട് അതിന് ധനകാര്യവകുപ്പിൽനിന്നും അനുവാദം ലഭിക്കാത്ത സാഹചര്യമാണ്. അവിടെ കുടിവെള്ള ആവശ്യത്തിന് ഉപയോഗിക്കുന്നത് വളരെ പഴക്കമുള്ള പമ്പാണ്. ആ പമ്പുൾപ്പെടെ മാറ്റാനുള്ള നിർദ്ദേശങ്ങൾ കോർപ്പറേഷന് നൽകിയെങ്കിലും, അനുകൂലമായ തീരുമാനം ഇതേവരെ ഉണ്ടായിട്ടില്ലായെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അവിടെ ജനങ്ങൾക്ക് ഇരിക്കാനുള്ള സൗകര്യമൊന്നും തന്നെയില്ലാത്ത അവസ്ഥയാണ്. ഈ പരിമിതികളെല്ലാം പൊൻകുന്നം കെ.എസ്.ആർ.ടി.സി. ഡിപ്പോയെ സംബന്ധിച്ചിടത്തോളമുണ്ട്, അവ പരിഹരിക്കാനുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുകയാണ്. പെരിക്കല്ലൂരിന് ഒരു സർവ്വീസുകൂടി ആരംഭിക്കാനുള്ള പ്രൊപ്പോസൽ കോർപ്പറേഷന്റെ മുൻപിലുണ്ട്. പക്ഷെ ആവശ്യമായിട്ടുള്ള ബസ്സും മറ്റു സംവിധാനങ്ങളും ഇതുവരെ അനുവദിച്ചിട്ടില്ല എന്നുകൂടി സൂചിപ്പിക്കുന്നു. നമ്മുടെ

കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാൻ വേണ്ടിയുള്ള വലിയൊരു പ്രവർത്തനവുമായി അങ്ങ് മുൻപോട്ട് പോകുകയാണെന്നറിയാം. നമ്മുടെ നാടിന്റെ ഏറ്റവും അഭിമാനകരമായ ഈ പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കാനായുള്ള നല്ല നടപടികളുമായി മുൻപോട്ട് പോകട്ടെ എന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പറയുമ്പോൾ, അക്സസ്സബിൾ ടൂറിസം എന്ന ഒരു കാഴ്ചപ്പാടുണ്ട്. 2016 മുതൽ എല്ലാവർക്കും ടൂറിസം എന്ന കാഴ്ചപ്പാടോടുകൂടിയുള്ള ഒരു ആശയമുണ്ട്, പ്രത്യേകിച്ച് ഭിന്നശേഷിയുള്ള ആളുകൾ ഉൾപ്പെടെ സമൂഹത്തിലെ ദുർബ്ബല വിഭാഗത്തിൽ വരുന്ന ആളുകൾക്കുകൂടി ടൂറിസത്തിന്റെ സാധ്യതകൾ തീർച്ചയായിട്ടും ഉണ്ടാകണമെന്ന കാഴ്ചപ്പാടുണ്ടാകണം. പല ടൂറിസ്റ്റ് കേന്ദ്രങ്ങളിലും അത്തരം ആളുകൾക്ക് പ്രത്യേകിച്ചും മാനസികമായ വെല്ലുവിളികൾ നേരിടുന്ന, ശാരീരിക വെല്ലുവിളികൾ നേരിടുന്ന ആളുകൾക്കൊക്കെയുള്ള അടിസ്ഥാനപരമായ സൗകര്യങ്ങൾ പലപ്പോഴും ഇല്ല എന്നുള്ളത് പറയാതിരിക്കാൻ കഴിയുകയില്ല. അതിനുള്ള നടപടികൾ തീർച്ചയായിട്ടും ഉണ്ടാകണം. അതുപോലെ തന്നെയാണ് ഫാം ടൂറിസം. ടൂറിസം ഡിപ്പാർട്ടുമെന്റ് മാത്രം വിചാരിച്ചാൽ കേരളത്തിലെ ടൂറിസം നന്നാക്കിയെടുക്കാൻ കഴിയുകയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. വിവിധ

ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനം ഇതിന് ആവശ്യമുണ്ട്. ബഹുമാന്യനായ കൃഷി വകുപ്പു മന്ത്രി ഉൾപ്പെടെ ഇവിടെയുണ്ട്. ഫാം ടൂറിസം, ഞാൻ പല സ്ഥലങ്ങളിലും ഇതിന്റെ പ്രോജക്ടുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അന്വേഷണം നടത്തിയിട്ട് കൃത്യമായ ഒരു വിവരം തരാൻ ആർക്കും കഴിയുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മാത്രമല്ല, 10 ഏക്കറിൽ കൂടുതലുള്ള സ്ഥലത്ത് മാത്രമേ ഫാം ടൂറിസത്തിന്റെ സാധ്യതകൾ ഇപ്പോഴുള്ളൂ. ഇതിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള ചെറുകിടക്കാരായിട്ടുള്ള ആളുകൾക്ക് അതിന് സാധിക്കാത്ത അവസ്ഥയാണ്. അതുകൊണ്ട് 10 എക്കർ എന്നുള്ളത് കുറച്ചുകൊണ്ടുവരാനുള്ള ശ്രമം തീർച്ചയായിട്ടും ഉണ്ടാകണം. പ്രോജക്ടുകളെ സംബന്ധിച്ചുള്ള കൃത്യമായ അവബോധം ആളുകളിൽ എത്തിക്കാൻ വേണ്ടിയുള്ള ശ്രമങ്ങളും വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഏകോപനവും ഇക്കാര്യത്തിൽ ഉണ്ടാകണം. ആയുർവേദം, ആയുർവേദത്തെ സംബന്ധിച്ച് ടൂറിസം പദ്ധതിയുണ്ടാക്കിയിട്ട് കാര്യമില്ല. ആ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടിട്ടുള്ള സംയോജനം ഈ കാര്യത്തിൽ ഉണ്ടായെങ്കിൽ മാത്രമേ നല്ല പദ്ധതികൾ നമുക്ക് കൊണ്ടുവരാൻ കഴിയുകയുള്ളൂ, നമ്മുടെ ടൂറിസം മേഖലയെ കൂടുതൽ പുഷ്ടിപ്പെടുത്താൻ അത്തരം ചില നിർദ്ദേശങ്ങൾ കൂടി മുൻപോട്ട് വച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u>: സർ, സഹകരണം, ടൂറിസം, ഗതാഗതം എന്നീ വകുപ്പുകളിൻമേലുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിൻതാങ്ങുന്നു. കഴിഞ്ഞ ഒരു വർഷക്കാലമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സമസ്ത മേഖലകളിലും വൻപിച്ച മാറ്റത്തിന് തുടക്കം കുറിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ നേട്ടങ്ങളെയൊന്നും കാണാതെ ഗവൺമെന്റിന് യാതൊരു നേട്ടവും ഉണ്ടായിട്ടില്ലായെന്ന് വരുത്തിത്തീർക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങളാണ് കഴിഞ്ഞ കുറേ നാളുകളായി ഈ സഭയിൽ പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. വിഷയ ദാരിദ്ര്യത്താൽ ഉഴലുന്ന ഒരു പ്രതിപക്ഷനിരയെയാണ് ഈ ചർച്ചകളിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. കേരളം ഇദപര്യന്തം നേടിയെടുത്ത നേട്ടങ്ങൾ, കേരളം ഉയർത്തിക്കൊണ്ടുവന്ന ഇടതുപക്ഷ ബദൽ, അത് ഈ രാജ്യത്ത് ഏറ്റവും കൂടുതൽ പ്രസക്തമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് കേരളം കടന്നു പോകുന്നത്. ഒരു മാസം മുൻപ് ഒരു ആഗോള സാമ്പത്തിക രേഖ വരികയുണ്ടായി. ആ രേഖയിൽ ഇന്ത്യയെപ്പറ്റിയുള്ള ശ്രദ്ധേയമായ ചില നിഗമനങ്ങൾ വന്നു. അത് ചൂണ്ടിക്കാണിച്ചത് എന്താണ്, ഇന്ത്യയിലെ മൊത്തം സമ്പത്തിന്റെ 58 ശതമാനം മേൽത്തട്ടുകാരായ ഒരു ശതമാനത്തിന്റെ കയ്യിലാണെന്ന് അത് സൂചിപ്പിക്കുന്നു. അതുപോലെ തന്നെ ആകെ

സമ്പത്തിന്റെ 89 ശതമാനം മേൽത്തട്ടുകാരായ 10 ശതമാനത്തിന്റെ കൈകളിൽ എത്തി എന്നാണ്. താഴെത്തട്ടിൽ ഉള്ള 50 ശതമാനം വരുന്ന ജനങ്ങളുടെ കയ്യിൽ ആകെ സമ്പത്തിന്റെ ഒരു ശതമാനം മാത്രമാണുള്ളതെന്നാണ് ആഗോള സാമ്പത്തിക രേഖ ചൂണ്ടിക്കാണിക്കുന്നത്. 1991-ൽ ഉദാരവൽക്കരണ സാമ്പത്തിക നയം അവതരിപ്പിച്ചുകൊണ്ട്, ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ പാർട്ടി കോൺഗ്രസ്സ്, നരസിംഹറാവുവിന്റെ ഗവൺമെന്റ് അന്ന് പറഞ്ഞതെന്താണ്, ഈ സാമ്പത്തിക നയം രാജ്യത്ത് കൊണ്ടുവന്നാൽ രാജ്യം 21-ാം നൂറ്റാണ്ടിലേയ്ക്ക് പോകും. കാർഷികവ്യാവസായിക മേഖലകളിലെല്ലാം വലിയ പുരോഗതിയുണ്ടാകും എന്നുപറഞ്ഞ സ്ഥാനത്ത് ഇപ്പോൾ ആഗോള സാമ്പത്തിക രേഖ സൂചിപ്പിക്കുന്നത് ഇന്ത്യയുടെ ദയനീയമായ അവസ്ഥയാണ്. 2012-14 വർഷങ്ങളിൽ ഇന്ത്യയിൽ മൂന്നരലക്ഷത്തോളം വരുന്ന കർഷകർ ആത്മഹത്യചെയ്തു. ഈ സ്ഥിതി നിൽക്കുമ്പോഴാണ്, ഭാരതത്തെ മേരാ മഹാൻ ഭാരത് എന്നുവിളിച്ച് അഭിമാനപുളകിതരാകണം, ദേശസ്നേഹം വഴിഞ്ഞൊഴുകണം എന്നൊക്കെ ബി.ജെ.പി. നേതാക്കൻമാർ പറയുന്നത്. നമ്മൾ മനസ്സിലാക്കണം, അമ്മയും രണ്ടു സഹോദരിമാരുമുള്ള ഒരു കുടുംബം പോറ്റാൻ വേണ്ടി കാളയേയും കൊണ്ട് ചന്തയിൽ പോയ ഇല്യാസ് ഖാൻ എന്ന 14 വയസ്സുകാരനായ ബാലനെ തല്ലിക്കൊന്ന് മരത്തിൽ

കെട്ടിത്തൂക്കിയ ഒരു നാട്. ആ നാട്ടിലാണ് ഇടതുപക്ഷ ബദൽ നയങ്ങളുടെ പ്രസക്തി ഇവിടെ വർദ്ധിക്കുന്നത്. ഇടതുപക്ഷ ബദൽ നയങ്ങൾ ഉയർത്തിക്കൊണ്ട് കഴിഞ്ഞ 11 മാസക്കാലമായി യു.ഡി.എഫ്. ഗവൺമെന്റിന്റെ അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയുംകൊണ്ട് താറുമാറാക്കിയ സഹകരണം, ഗതാഗതം, ടൂറിസം മേഖലകളെ ശുദ്ധീകരിക്കുന്നതിനും ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞു. കേന്ദ്രത്തിന്റെ നോട്ട് പിൻവലിക്കൽ നയവും മദ്യശാലകളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയും കേരളത്തിന്റെ സഹകരണ, ടൂറിസം മേഖലകൾക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. കേരളത്തിൽ 11565 സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി ഒരു തുണ്ട് ഭൂമി മുതൽ, കയറിക്കിടക്കാനുള്ള കൂര, തൊഴിൽ, വിദ്യാഭ്യാസം, വിവാഹം തുടങ്ങി മലയാളികളുടെ എല്ലാ ആവശ്യങ്ങൾക്കും താങ്ങും തണലുമായി പ്രവർത്തിക്കുന്ന ഈ സഹകരണ സംഘങ്ങൾ 150000 കോടി രൂപയുടെ നിക്ഷേപം, ആ നിക്ഷേപത്തിന്റെ 80 ശതമാനവും വായ്പയായി നൽകുന്ന കേരളത്തിന്റെ ജീവനാഡിയും പാവപ്പെട്ടവരുടെ ആശ്രയകേന്ദ്രവുമായ സഹകരണ സംഘങ്ങളെ തകർക്കുവാനല്ലേ കേന്ദ്രഗവൺമെന്റ് നോട്ട് പിൻവലിക്കൽ നടപടികളിലൂടെ മുന്നോട്ട് വന്നത്? 17-12-2016 -ലെ മാതൃഭൂമി ദിനപത്രത്തിൽ

'വിവേചനം കൂടാതെ സഹകരണ ബാങ്കുകൾക്ക് പണം നല്കണം' എന്നുള്ള സുപ്രീംകോടതിയുടെ പരാമർശം വന്നിരുന്നു. രാജ്യത്തെ സ്വകാര്യ ബാങ്കുകൾക്ക് നല്കുന്ന ആനുകൂല്യം പോലും കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് നല്കാതെ വിപുലമായ സഹകരണ മേഖലയെ കേന്ദ്ര ഗവൺമെന്റ് എന്തിനുവേണ്ടി തകർക്കാൻ ശ്രമിച്ചു എന്നുള്ള കാര്യം സുപ്രീംകോടതി പല തവണ ആവർത്തിച്ചു. അത് പരിശോധിക്കുമ്പോഴാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ തകർക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് കേന്ദ്രഗവൺമെന്റ് പ്രവർത്തിച്ചതെന്ന് മനസ്സിലാകുന്നത്. അതിന്റെ ഫലമായി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടാക്കി. ഈ പ്രതിസന്ധി നിലനില്ക്കുമ്പോഴാണ് അത്തരം വെല്ലുവിളികളെ പ്രതിരോധിച്ചുകൊണ്ട് സഹകരണ ബാങ്കുകളെ സംരക്ഷിക്കുന്നതിനുള്ള ശ്ലാഘനീയമായ പ്രവർത്തനങ്ങളുമായി ഊർജ്ജസ്വലനായ സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ മുന്നോട്ടുപോകുന്നത്. ഇത് പ്രതിപക്ഷത്തിന് നിഷേധിക്കാൻ കഴിയുമോ? കേരളത്തിന്റെ ബാങ്ക് എന്ന് നാം അഭിമാനിച്ചിരുന്ന ബാങ്കായിരുന്ന എസ്.ബി.ടി. എസ്.ബി.ഐ.-യിൽ ലയിച്ചതിലൂടെ നമുക്ക് നഷ്ടമായതിന് പകരം കേരളത്തിന് അഭിമാനമായ സ്വന്തം ബാങ്ക് ഈ നാടിന്റെ അഭിമാനമാകാൻ പോകുകയാണ്.

എസ്.ബി.ടി., എസ്.ബി.ഐ-യിൽ ലയിപ്പിച്ചപ്പോൾ ഓരോ സർവ്വീസിനും ആയിരക്കണക്കിന് രൂപ ഈടാക്കുന്ന ബാങ്കിംഗ് രംഗത്തെ അനാരോഗ്യകരമായ പ്രവണതകളെയെല്ലാം അവസാനിപ്പിച്ചുകൊണ്ട് അതിന് പ്രതിരോധം തീർക്കുന്ന ഒരു ബാങ്കായി കേരളത്തിന്റെ ബാങ്ക് മാറാൻ പോകുകയാണ്. സംസ്ഥാനത്ത് രൂക്ഷമായ വിലക്കയറ്റമുണ്ടായപ്പോൾ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ബംഗാളിൽ നിന്നും 25 രൂപയ്ക്ക് അരി കൊണ്ടുവന്ന് 600 അരിക്കടകളിലൂടെ സാധാരണക്കാർക്ക് കുറഞ്ഞ വിലയ്ക്ക് അരി നല്കുകയുണ്ടായി. ഇവിടെ മറ്റ് അംഗങ്ങൾ സൂചിപ്പിച്ചതുപോലെ 419 കോടി രൂപയുടെ സഞ്ചിത നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിയ കൺസ്യൂമർഫെഡിന് ഒരു വർഷം കൊണ്ട് 64 കോടി രൂപ ലാഭമുണ്ടാക്കാൻ കഴിഞ്ഞു. ഇത് ഒരു മികച്ച നേട്ടമല്ലേ? 2000 നീതി സ്റ്റോറുകൾ, 1500 നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സ്കൂൾ വിദ്യാർത്ഥികൾക്ക് കുറഞ്ഞ വിലയ്ക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിന് 250 സ്റ്റുഡന്റ് മാർക്കറ്റുകൾ ആരംഭിച്ചു. വായ്പാ സംഘങ്ങളുടെ പരിധി 60 ലക്ഷമാക്കി വർദ്ധിപ്പിച്ചു. ഉല്പാദനചെലവിനത്തിൽ 7 കോടി രൂപ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിന് നൽകി. സഹകരണ മേഖലയുടെ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ഏകീകൃത സോഫ്റ്റ്‌വെയർ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തി.

വർഷത്തിൽ 20000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള തൊഴിൽ പദ്ധതികൾ നടപ്പിലാക്കാൻ പോവുകയാണ്. അങ്ങനെ സഹകരണ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനായി മന്ത്രിയുടെ നേതൃത്വത്തിലുള്ള പരിശ്രമങ്ങളെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു.

'മലകൾ, പുഴകൾ, പൂവനങ്ങൾ, ഭൂമിയ്ക്ക് കിട്ടിയ സ്ത്രീധനങ്ങൾ'; 'സാമ്യമകന്നോരുദ്യാനമേ കല്പകോദ്യാനമേ...' എന്നാണ് ടൂറിസം മേഖലയെക്കുറിച്ച് മഹാനായ വയലാർ രാമവർമ്മ പറഞ്ഞത്. നമ്മുടെ മലയാളികളുടെ മാതൃഭൂമിയായ കേരളത്തിന് വമ്പിച്ച ടൂറിസം സാദ്ധ്യതകളാണുള്ളത്. കേരളത്തിന്റെ പവിത്രമായ സമുദ്ര തീരങ്ങൾ, കായലുകൾ, ചതുപ്പ് പ്രദേശങ്ങൾ, ജൈവ വൈവിധ്യ കേന്ദ്രങ്ങൾ, സാംസ്കാരിക പൈതൃക കേന്ദ്രങ്ങൾ എന്നിവയെല്ലാം ആകർഷകങ്ങളായ പ്രദേശങ്ങളാണ്. വിപുലമായ വികസന സാദ്ധ്യതയുള്ള മേഖലയാണ് ടൂറിസം. കഴിഞ്ഞ ഒന്നര വർഷത്തിനുള്ളിൽ വിനോദ സഞ്ചാരികളുടെ വർദ്ധനവുണ്ടായിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി കേരളത്തിലെ ടൂറിസം മേഖലയിലും സാമ്പത്തിക മേഖലയിലും വൻ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. 5000 കോടി രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടാകുമെന്നാണ് വിദഗ്ദ്ധന്മാർ ചൂണ്ടിക്കാണിക്കുന്നത്. ഹോട്ടൽ മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി കൂടുതൽ സാമ്പത്തിക

തകർച്ചയിലേയ്ക്ക് നീങ്ങുമെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അതുകൊണ്ട് വിവിധ ടൂറിസം പദ്ധതികൾക്കായി അനുവദിച്ച തുക, പ്ലാൻ ഫണ്ട് 98.5% വരെ, ഈ വകുപ്പിന്റെ നേതൃത്വത്തിൽ ചെലവഴിക്കാൻ കഴിഞ്ഞത് ടൂറിസം മേഖലയിലെ ശക്തമായ പ്രവർത്തനത്തെയാണ് കാണിക്കുന്നത്. ടൂറിസം മേഖലയിലെ 'ഗ്രീൻ കാർപ്പറ്റ് ' പോലുള്ള പദ്ധതികളെപ്പറ്റി മറ്റ് അംഗങ്ങൾ സൂചിപ്പിച്ചു കഴിഞ്ഞു. 'മുസിരിസ് ' പൈതൃക പദ്ധതിയും 'സ്പൈസ് റൂട്ട് ' പദ്ധതിയും പുതിയ ഉല്പന്നമാക്കി മാറ്റി അന്താരാഷ്ട്ര ടൂറിസം മാർക്കറ്റിൽ പ്രചരണം നടത്തിയതടക്കമുള്ള ഒട്ടേറെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് ടൂറിസം മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ രണ്ടു ടൂറിസം സീസണുകളാണുള്ളത്. ജനുവരിയിൽ തുടങ്ങി മാർച്ചിൽ അവസാനിക്കുന്ന ഒന്നാം സീസണും, ഒക്ടോബറിൽ തുടങ്ങി ഡിസംബറിൽ അവസാനിക്കുന്ന രണ്ടാം സീസണും. ഈ രണ്ട് സീസൺ എന്നത് മാറ്റി 365 ദിവസവും ദൈർഘ്യമുള്ള ഒരു മുഴുവൻ സമയ വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തിലേയ്ക്ക് പോകേണ്ടതുണ്ടെന്നുള്ളതാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കാനുള്ളത്. ദീർഘ വീക്ഷണത്തോടുകൂടി ടൂറിസം വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ മുഴുവൻ സമയ ടൂറിസത്തിന് ഉപകരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

കേരളത്തെ ആതിഥേയ സമൂഹമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആരംഭിക്കണം. ഒരു വിനോദ സഞ്ചാരിക്കുവേണ്ട ഏത് സേവനവും ഒറ്റ ക്ലിക്കിൽ കിട്ടുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയ്ക്ക് രൂപം നല്കണം. നിലവിലുള്ള ഹോം സ്റ്റേ റെഗുലേഷൻ കുറേക്കൂടി സുതാര്യമാക്കണം. പ്രാദേശിക ആഘോഷങ്ങൾ, രുചികൾ, സംസ്കാരം എന്നിവയുടെ പ്രചരണം വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ശക്തമാക്കണം. കേരളത്തിൽ ഒട്ടനവധി പ്രകൃതി സൗന്ദര്യമുള്ള പ്രദേശങ്ങളുണ്ട്. എന്റെ മണ്ഡലത്തിലെ പൂമല ഇക്കോ ടൂറിസം, പാണ്ഡവൻ പാറ, കുതിരവട്ടം ചിറ ഇക്കോ ടൂറിസം, ശബരിമല തീർത്ഥാടകരെ പഞ്ചപാണ്ഡവ ക്ഷേത്രത്തിലേയ്ക്ക് ആകർഷിക്കുന്ന പദ്ധതികൾ തുടങ്ങിവപോലെ എല്ലാ മണ്ഡലങ്ങളിലും മനോഹരമായ പ്രദേശങ്ങളുണ്ട്. ഈ മനോഹര പ്രദേശങ്ങളെ കൂട്ടിയിണക്കി ടൂറിസം മാപ്പുണ്ടാക്കി വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. ഇങ്ങനെ ആഭ്യന്തര-വിദേശ സഞ്ചാരികളെ ആകർഷിക്കാൻ കഴിഞ്ഞാൽ കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ വൻ പുരോഗതിയുണ്ടാക്കാൻ കഴിയും.

ഗതാഗത വകുപ്പിനെ സംബന്ധിച്ച് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കെ.എസ്.ആർ.ടി.സി.-യുടെ സംരക്ഷണത്തിനും

പുരോഗതിക്കുംവേണ്ടി 'സുശീൽ ഖന്ന' റിപ്പോർട്ടടക്കമുള്ള ഒട്ടേറെ പ്രവർത്തനങ്ങളാണ് ഇന്നിവിടെ നടന്നുകൊണ്ടിരിക്കുന്നത്, അതിനെപ്പറ്റിയെല്ലാം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വാഹനാപകടങ്ങൾ ഏറ്റവും കൂടുതൽ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ വാഹനാപകടങ്ങളെ നിയന്ത്രിക്കുവാനുള്ള സംവിധാനം വേണം. അതിനുവേണ്ടത് ഹിഡൻ ക്യാമറകൾ സ്ഥാപിക്കുകയാണ്. പരസ്യമായി ക്യാമറ വയ്ക്കുന്നതിനാൽ അവിടെയെത്തുമ്പോൾ മാത്രം സ്പീഡ് കുറയ്ക്കുക, പിന്നീട് സ്പീഡിൽ പോകുക എന്ന രീതിയാണ് ഇപ്പോൾ കണ്ടുവരുന്നത്. എന്നാൽ ഹിഡൻ ക്യാമറകൾ സ്ഥാപിച്ചാൽ അപകടങ്ങൾ നിയന്ത്രിക്കാൻ സാധിക്കും. കേരളത്തിന്റെ അപകടത്തിന്റെ സൂചിക പ്രതിദിനം 107 എന്നാണ് കണക്കാക്കുന്നത്. കെ.എസ്.ആർ.ടി.സി.- യെ സംരക്ഷിക്കണം. ടൂറിസത്തിനും ഗതാഗതത്തിനും അടിസ്ഥാന സൗകര്യ വികസനമാണ് ആവശ്യം. ആ ലക്ഷ്യം വച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 50000 കോടി രൂപയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ സ്വാഭാവികമായും ടൂറിസം മേഖലയും ഗതാഗത മേഖലയും മെച്ചപ്പെടുത്താൻ കഴിയും. പരിണതപ്രജ്ഞനായ വ്യവസായി കൂടിയായ ഗതാഗത വകുപ്പുമന്ത്രി വളരെ പ്രതീക്ഷകളാണ് നല്കിയിട്ടുള്ളത്,

അദ്ദേഹത്തിന്റെ കരങ്ങളിൽ ഈ വകുപ്പും അതിന്റെ പ്രവർത്തനങ്ങളും സുരക്ഷിതമാണെന്ന് പ്രത്യാശിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട വിഷയമായിരുന്നു ചർച്ച ചെയ്തത്. കെ.എസ്.ആർ.ടി.സി.-യുടെ ബോർഡിൽ ഞാൻ പല പ്രാവശ്യം അംഗമായിരുന്നു. ചോദ്യോത്തരവേളയിൽ ഗതാഗത വകുപ്പുമന്ത്രി നടത്തിയ എല്ലാ പ്രസ്താവനകളും എനിക്ക് ഇഷ്ടമായി. എല്ലാ ഉത്തരങ്ങളും വളരെ നന്നായിരുന്നു. കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് നല്ല പ്രതീക്ഷയുണ്ട്. പക്ഷേ ആര് നോക്കിയാലും കെ.എസ്.ആർ.ടി.സി. നന്നാകുമെന്നുള്ള പ്രതീക്ഷ എനിക്കില്ല. അങ്ങ് വകുപ്പിനെ നന്നാക്കാൻ ശ്രമിക്കുന്നത് നന്നാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ എഞ്ചിനീയറിംഗ് വിംഗ് വളരെ ശോചനീയാവസ്ഥയിലാണ്. ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിനും മുണ്ടക്കയം കെ.എസ്.ആർ.ടി.സി.-ക്കും യഥാക്രമം ഒന്നരക്കോടി രൂപയും 69 ലക്ഷം രൂപയും കൊടുത്തിട്ട് രണ്ട് കൊല്ലങ്ങളായി. ഇപ്പോഴും അതിന്റെ പണി തീർന്നിട്ടില്ല. അവിടെ എഞ്ചിനീയറിംഗ് വിംഗില്ല. ആകെയുള്ളത് ഒരു ചീഫ് എഞ്ചിനീയർ

മാത്രമാണ്. അവർ ഫയൽ ഒപ്പിട്ടിട്ട് ഒരു കാര്യവും കെ.എസ്.ആർ.ടി.സി.-യിൽ നടക്കാൻ പോകുന്നില്ല. ഒരു എ.ഇ. ഉണ്ടെങ്കിലും അദ്ദേഹത്തിന് എന്ത് ചെയ്യണമെന്നുപോലും അറിയില്ല. എഞ്ചിനീയറിംഗ് വിംഗിൽ നല്ല ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചാൽ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. കെ.എസ്.ആർ.ടി.സി.-യെ വിഭജിക്കണം. തൊഴിലാളികളാണെന്നും കർഷകനാണെന്നും പറഞ്ഞ് അവരെ സുഖിപ്പിച്ചാൽ സ്ഥാപനം കാണില്ല. കെ.എസ്.ആർ.ടി.സി.-യിൽ സൂപ്പർ ഫാസ്റ്റും എക്സ്പ്രസ്സും അതുപോലെയുള്ള സർവ്വീസുകളെല്ലാം ഒരു കോർപ്പറേഷന്റെ കീഴിൽ കൊണ്ടുവരണം. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളെ മൂന്ന് കോർപ്പറേഷനുകളാക്കി മാറ്റണം. ഇങ്ങനെ കോർപ്പറേഷനാക്കി മാറ്റിയാൽ വളരെ ലാഭകരമായി കൊണ്ടുപോകാൻ കഴിയും. കെ.എസ്.ആർ.ടി.സി.-ക്ക് ആകെ 5,000 ബസ്സുകളാണുള്ളത്. 16,000 ബസ്സുകളുള്ള പ്രൈവറ്റ് ബസ് ഉടമകൾ പുതിയ ബസ്സുകൾ പുറത്തിറക്കികൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ പറ്റാത്തതല്ല, ലാഭകരമാക്കണമെന്നുള്ള ചിന്തയില്ല. കെ.എസ്.ആർ.ടി.സി. സർവ്വീസ് മുഴുവനായും ഒരു പ്രൈവറ്റ് ഏജൻസിക്ക് ടെണ്ടർ ചെയ്താൽ എത്രകോടി രൂപയ്ക്കെടുക്കാനും ആളുകൾ വരും. സർവ്വീസുകളെല്ലാം

ലാഭകരമായി നടക്കുകയും ചെയ്യും. പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് എന്നുപറഞ്ഞ് ജനങ്ങളെ കബിളിപ്പിക്കുന്ന പരിപാടിയാണിത്. തൊഴിലാളികളോട് ജോലി ചെയ്യണമെന്ന് മുഖത്തുനോക്കി പറയാൻ മടിക്കേണ്ട കാര്യമില്ല. 9.4 ആണ് ഒരു ബസ്സിലെ തൊഴിലാളികൾ. അതിന്റെ ആവശ്യമെന്താണ്? തൊഴിലാളികൾക്കും അൽപ്പം നീതി കാണിക്കാനുള്ള ബാധ്യതയുണ്ടാകണം. ഇടതുപക്ഷ ഗവൺമെന്റാണ് ഇപ്പോൾ അധികാരത്തിൽ വന്നിരിക്കുന്നത്. ഇടതുപക്ഷ ഗവൺമെന്റ് എന്നുള്ള നിലയിൽ, ഈ സർവ്വീസ് നന്നാക്കി എന്ന് വരുത്താൻ ശക്തമായ ഇടപെടൽ നടത്താൻ സി.പി.ഐ.(എം)-ന്റെയും സി.പി.ഐ.-യുടെയും നേതാക്കന്മാർക്ക് കഴിയും. ഇക്കാര്യം ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

റിസർവ് ബാങ്കും കേന്ദ്ര സർക്കാരും സഹകരണ മേഖലയെ കണ്ണ് വയ്ക്കാൻ തുടങ്ങിയിട്ട് കുറച്ച് നാളുകളായി. ശ്രീ. ജി. സുധാകരൻ സഹകരണ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരെ അന്ന് സഭയിൽ പ്രമേയം കൊണ്ടുവന്നപ്പോൾ ഞാനും അതിനെ കയ്യടിച്ച് പാസ്സാക്കിയതാണ്. ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്തും റിസർവ് ബാങ്ക് നയം കൊണ്ടുവന്നു. അന്നും ഉമ്മൻചാണ്ടി പ്രമേയവുമായി ഇവിടെ വന്നു. ഇത്

കേരളത്തോടുള്ള, ഫെഡറൽ സംവിധാനത്തോടുള്ള അപമാനിക്കലാണെന്ന് പറയാനുള്ള തന്റേടം നിങ്ങൾ കാണിക്കണം. ഇക്കാര്യത്തിൽ സഹകരണ വകുപ്പുമന്ത്രി ഒരു വിട്ടുവീഴ്ചയുമില്ലാതെ മുന്നോട്ടുപോകണം. കേന്ദ്രസർക്കാരിന്റെ നയങ്ങളും, റിസർവ് ബാങ്കും നമ്മുടെ പണം (1,37,000 കോടി രൂപ എന്നാണ് എനിക്ക് കിട്ടിയ കണക്ക്) മുഴുവൻ തട്ടിയെടുത്ത് മുംബൈ, കൽക്കട്ട, മദ്രാസ് തുടങ്ങിയ സംസ്ഥാനങ്ങളിലുള്ള സമ്പന്നന്മാർക്ക് അടിച്ചുമാറ്റുന്നതിനുവേണ്ടി അവസരം ഒരുക്കുകയാണ്. അതിനെതിരെ ശക്തമായി പ്രതികരിക്കാനുള്ള തന്റേടത്തോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടുപോകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, വാഹനനികുതികൾ, സഹകരണം, ഗതാഗതം, വിനോദസഞ്ചാരം എന്നീ വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഈ വകുപ്പുകളെ പുരോഗതിയിലേയ്ക്ക് നയിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്ന, അതിന് നേതൃത്വം നൽകുന്ന മന്ത്രിമാരെയും പ്രത്യേകം അഭിനന്ദിക്കുന്നു. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി 3000 കോടി രൂപയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ആറായിരത്തിലധികം ബസ്സുകളും അര ലക്ഷത്തോളം ജീവനക്കാരുമുള്ള കെ.എസ്.ആർ.ടി.സി.-യെ

രക്ഷിക്കാൻ ശ്രമകരമായ പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. ബ്രേക്ക് ഡൗൺ ഒഴിവാക്കാൻ സാങ്കേതിക മികവുള്ള പദ്ധതികൾ തയ്യാറാക്കണം. ബസ്സ് റൂട്ടുകൾ ശാസ്ത്രീയമായി പുന:സംവിധാനം ചെയ്യണം. മെറ്റീരിയൽ മാനേജ്മെന്റ് കാര്യക്ഷമമാക്കണം. കെ.എസ്.ആർ.ടി.സി.-യിൽ സ്പെയർ പാർട്സിന്റെ ക്ഷാമം നേരിടുന്നുണ്ട്. പല സ്പെയർ പാർട്സുകളും കിട്ടാതെ ബുദ്ധിമുട്ടുമ്പോൾ അനാവശ്യമായി ധാരാളം സ്പെയർ പാർട്സുകൾ വാങ്ങി കൂട്ടിയിട്ടുണ്ട്. ഇത് വളരെ നിരുത്തരവാദപരമായ നടപടിയാണ്. ആവശ്യമില്ലാത്ത സ്പെയർ പാർട്സുകൾ വാരി കൂട്ടിയിരിക്കുന്നത് എന്തിനുവേണ്ടിയാണ്? കെ.എസ്.ആർ.ടി.സി.-യെ തകർക്കുന്നത് കെടുകാര്യസ്ഥതയും പിടിപ്പുകേടുമാണെന്ന് കാണാൻ സാധിക്കും. സർക്കാരും പൊതുജനങ്ങളും ചേർന്നുള്ള 'സിയാൽ' മോഡൽ പദ്ധതി നടപ്പാക്കിവേണം കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോടതി വിധിയെ മറികടന്നുകൊണ്ടും സ്വകാര്യ ബസ് മുതലാളിമാരുടെ താൽപ്പര്യത്തിനനുസരിച്ചും സർവ്വീസ് മാറ്റി കൊടുക്കുന്ന സാഹചര്യമുണ്ടായിരുന്നു. കോടതി വിധി മറികടക്കുന്നതിനായി സ്വകാര്യ ബസ്സുകളെ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറിയാക്കി അനുമതി കൊടുത്ത കാര്യവും നമുക്കറിയാം. ബസ്സുകളുടെ കുറവുമൂലം കോടതി പറഞ്ഞ മുഴുവൻ സർവ്വീസുകളും

ഏറ്റെടുത്ത് നടത്താൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിയേണ്ടതുണ്ട്. അന്തർസംസ്ഥാന സർവ്വീസുകളെ സംബന്ധിച്ച് ഇന്നത്തെ ചോദ്യോത്തര വേളയിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി മറുപടി പറഞ്ഞത് നമുക്ക് വളരെ ആത്മവിശ്വാസമുണ്ടാക്കുന്ന കാര്യമാണ്. പ്രൈവറ്റ് മേഖലകളിൽ വലിയ തുക ഈടാക്കി ലാഭകരമായി നടത്തുന്നുണ്ട്. എന്തുകൊണ്ട് ഈ മേഖലയിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഇടപെട്ടുകൂടാ? കെ.എസ്.ആർ.ടി.സി.-യെ അന്തർസംസ്ഥാന സർവ്വീസ് രംഗത്ത് കൂടുതൽ ശ്രദ്ധിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇത്തരം സർവ്വീസുകളുടെ റിസർവേഷൻ കോർപ്പറേഷൻ നേരിട്ട് ഏറ്റെടുത്ത് നടത്തണം. പല അന്തർസംസ്ഥാന റൂട്ടുകളും നമുക്ക് ലാഭകരമായി നടത്താൻ കഴിയും. ഉദാഹരണമായി, എറണാകുളം-അതിരപ്പിള്ളി-മലക്കപ്പാറ വഴി പൊള്ളാച്ചിക്ക് ഒരു പഴയ സർവ്വീസ് ഉണ്ടായിരുന്നു. ഈ സർവ്വീസ് നിർത്തലാക്കിയിരിക്കുകയാണ്. ഇത് വളരെ ലാഭകരമായി നടത്താൻ കഴിയാവുന്നൊരു സർവ്വീസാണ്. പ്രസ്തുത സർവ്വീസ് പുനരാരംഭിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സോണൽ ഓഫീസുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നതാണ്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ സോണൽ ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിനും ഷെഡ്യൂൾ

പരിഷ്കരിക്കുന്നതിനും പുതുക്കി നിശ്ചിക്കുന്നതിനുമുള്ള അധികാരം സോണൽ ഓഫീസുകൾക്ക് നൽകേണ്ടതുണ്ട്. ഇപ്പോൾ ഇത് തിരുവനന്തപുരത്ത് കേന്ദ്രീകരിച്ചിരിക്കുകയാണ്. യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് യൂണിറ്റ് തല ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബി.എസ്. 3 വാഹനങ്ങൾ വളരെയധികം വാങ്ങിക്കൂട്ടിയിരുന്നു. ഇതിൽ വലിയ അഴിമതിയുണ്ടെന്ന ആരോപണങ്ങൾ അന്ന് ഉയർന്നിരുന്നു. ഇത്തരം ബസുകൾ ബി.എസ്. 4 -ലേക്ക് കൺവെർട്ട് ചെയ്യാത്തതുമൂലം സർവ്വീസ് നടത്താൻ കഴിയാത്ത അവസ്ഥയുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ മോട്ടോർ വാഹന നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യും ഇത്തരം ഷെഡ്യൂൾ മാറ്റം വരുത്തി പെർമിറ്റ് ലഭിക്കുന്നതിനും സർവ്വീസ് നടത്തുന്നതിനും നടപടി സ്വീകരിക്കണം. ജീവനക്കാർക്ക് ഷെഡ്യൂൾ മാറ്റംമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് തൊഴിലാളി സംഘടനകളുമായി ആലോചിച്ച് നടപടി സ്വീകരിക്കണം. വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. അതിനുശേഷം ഷെഡ്യൂൾ പരിഷ്കരണം നടപ്പാക്കണം. പെൻഷൻ നൽകുന്നതിനായി പകുതി തുക സർക്കാർ മാസം തോറും നൽകുന്നുണ്ട്. പ്രസ്തുത തുക കെ.എസ്.ആർ.ടി.സി. വകമാറ്റി

ചെലവഴിക്കുന്നതുകൊണ്ടാണ് പെൻഷൻകാർക്ക് യഥാസമയം പെൻഷൻ ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നത്. ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യുടെ പുരോഗതിക്കും നിലനിൽപ്പിനുംവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ച നടപടികൾ തികച്ചും സ്വാഗതാർഹവും അഭിനന്ദനാർഹവുമാണ്. ആയത് പ്രാവർത്തികമാക്കാൻ നടപടിയുണ്ടാകേണ്ടതുണ്ട്.

ടൂറിസം മേഖലയെ ശക്തിപ്പെടുത്താൻ വേണ്ടിയുള്ള വിവിധ നടപടികളാണ് വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനും ഉത്തരവാദിത്ത ടൂറിസത്തിനും മുൻഗണന നൽകുന്ന പുതിയ ടൂറിസം നയമാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പൈതൃക സംരക്ഷണ പദ്ധതികൾ, മലബാറിന്റെ ടൂറിസം വികസനം, അഡ്വഞ്ചർ ടൂറിസം വികസനം, ജഡായു പാറ ടൂറിസം പദ്ധതി, 150-ലധികം ടൂറിസം പദ്ധതികൾ, പൊൻമുടി ടൂറിസം പദ്ധതി, ആക്കുളം ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, ഗുരുവായൂർ പ്രസാദം പദ്ധതി, ടൂറിസം മാർക്കറ്റിംഗ് ശക്തിപ്പെടുത്തൽ, ഗ്രീൻ കാർപ്പറ്റ്, കിഫ്ബി നടപ്പാക്കുന്ന പദ്ധതികൾ തുടങ്ങിയവ ഇതിന്റെ ഭാഗമാണ്. പ്രതിസന്ധികൾ പലതും നേരിട്ടെങ്കിലും സംസ്ഥാനത്തെ ടൂറിസം രംഗത്ത് വൻ മുന്നേറ്റങ്ങൾക്ക് കേരള

സർക്കാർ നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. 84 കോടി രൂപയുടെ വിവിധ ടൂറിസം പദ്ധതികൾക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ നിരവധി പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അതിരപ്പിള്ളി, തുമ്പൂർമുഴി ടൂറിസം കേന്ദ്രങ്ങളുടെ വികസനം, തൃശ്ശൂരിൽ ടൂറിസം ഇൻഫർമേഷൻ സെന്റർ, ചാവക്കാട് ബീച്ച് വിനോദസഞ്ചാര വികസനം, പീച്ചി അണക്കെട്ട് സൗന്ദര്യവൽക്കരണം, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവയുടെ വികസനങ്ങൾക്ക് തുക മാറ്റിവച്ചിട്ടുണ്ട്. മലയാറ്റൂർ കുരിശുമുടി ടൂറിസം സൗകര്യത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു അപ്പക്സ് ബോഡി സംവിധാനം നിലവിലില്ല. ഇത്തരമൊരു സംവിധാനം രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഡി.എം.സി.കൾ പലതും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്റെ മണ്ഡലത്തിലെ തുമ്പൂർമൂഴി ഡി.എം.സി നല്ല പ്രവർത്തനമാണ് കാഴ്ച വച്ചുകൊണ്ടിരിക്കുന്നത്. അവിടെയുള്ള വരുമാനം ഉപയോഗിച്ച് മൂന്ന് വാഹനങ്ങൾ വാങ്ങുകയുണ്ടായി. അവിടെ 26 പേർക്ക് തൊഴിൽ നൽകാൻ കഴിയുന്നുണ്ട്. ഇങ്ങനെയുള്ള ഡി.എം.സി.-കളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കാനും

ഡി.ടി.പി.സി.-കളുടെ പ്രവർത്തനം ഏകോപിപ്പിക്കാനുമാണ് സംസ്ഥാന തലത്തിൽ സംവിധാനം വേണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുള്ളത്. ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി പ്രാദേശികമായി തൊഴിലവസരങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികളും ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. പരിസ്ഥിതി സന്തുലനവും തദ്ദേശീയർക്ക് തൊഴിലവസരങ്ങളുമൊരുക്കി ടൂറിസം വികസനം ലക്ഷ്യമാക്കി നടപ്പാക്കുന്നതാണ് ഉത്തരവാദ ടൂറിസം. പ്രാദേശിക ഉത്സവങ്ങളായ തെയ്യം, തീയാട്ട്, സർപ്പം പാട്ട്, മുടിയേറ്റ്, പടയണി തുടങ്ങിയ കലാരൂപങ്ങളെ അതിന്റെ തനിമയോടെ കാണുന്നതിനും ഓല മെടയൽ, തഴപ്പായ നിർമ്മാണം, മുളകൊണ്ടുള്ള വിവിധ സംഗീതോപകരണങ്ങൾ തുടങ്ങിയ തനി നാടൻ കാര്യങ്ങളിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനും പ്രാദേശിക ഗൈഡുകളെ പരിശീലിപ്പിച്ച് നിയമിക്കുന്നതിനും ടൂറിസം വകുപ്പ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ടൂറിസം രംഗത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കണമെങ്കിൽ ഏകോപനം ആവശ്യമാണ്. എന്റെ മണ്ഡലത്തിലെ പെരിങ്ങൽകുത്ത് ഡാമിൽ കെ.എസ്.ഇ.ബി. വളരെ ലാഭകരമായി ഹൈഡൽ ടൂറിസം നടത്തിയിരുന്നു. പിന്നീട് വനം വകുപ്പ് ഇടപെട്ട് അത് നിർത്തിവച്ചിരിക്കുകയാണ്. അത് പുനരാരംഭിക്കുന്നതിനുള്ള ചർച്ചകളും

പ്രവർത്തനങ്ങളും ഒരു വർഷമായി നടത്തിയെങ്കിലും ഇപ്പോഴും തീരുമാനത്തിലെത്തിയിട്ടില്ല. നല്ല ലാഭത്തിൽ പ്രവർത്തിച്ചിരുന്ന, ടൂറിസ്റ്റുകളെ ആകർഷിച്ചിരുന്ന ബോട്ടിംഗ് സംവിധാനമാണ് നിർത്തിവച്ചത്. ഇപ്പോഴത്തെ ടൂറിസം വകുപ്പുമന്ത്രി വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്തപ്പോൾ വനം വകുപ്പുമന്ത്രിയുമായി സംസാരിച്ച് ഇത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞെങ്കിലും ഉദ്യോഗസ്ഥൻമാരുടെ ചില തടസ്സങ്ങൾമൂലം ഇപ്പോഴും അത് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വനം, ടൂറിസം, വൈദ്യുതി, ഇറിഗേഷൻ, പി.ഡബ്ല്യൂ.ഡി, ട്രൈബൽ എന്നീ ഡിപ്പാർട്ട്മെന്റുകളെല്ലാം യോജിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ടൂറിസം മേഖലയിൽ വലിയ പുരോഗതി കൈവരിക്കാൻ കഴിയും. നോട്ട് പ്രതിസന്ധിയുടെ ഭാഗമായി ടൂറിസം മേഖലയെ തകർക്കുന്ന ചില സമീപനങ്ങളുണ്ടായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞിരിക്കുകയാണ്. വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വലിയ തോതിൽ കുറഞ്ഞിട്ടുണ്ട്. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണവും കുറഞ്ഞിരിക്കുകയാണ്. തെറ്റായ മദ്യനയവും ഇതിന് കാരണമായിട്ടുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കിക്കൊണ്ടിരിക്കുന്നത്. സർക്കാർ വിദേശ ടൂറിസ്റ്റുകളെയും ആഭ്യന്തര ടൂറിസ്റ്റുകളെയും ആകർഷിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ

നടത്തിക്കൊണ്ടിരിക്കുകയാണ്. തളർച്ചയിൽനിന്ന് ടൂറിസത്തെ ഉയർച്ചയിലേയ്ക്ക് നയിക്കാൻ വേണ്ടിയുള്ള നടപടികളാണ് ടൂറിസം വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ ആക്രമണം ഏറ്റവുമധികം നേരിടേണ്ടിവന്ന മേഖലയാണ് സഹകരണം. ജനകീയ ബാങ്കിംഗ് ശൃംഖലയെ നശിപ്പിക്കുകയെന്നത് വലതുപക്ഷ രാഷ്ട്രീയത്തിന്റെ, പ്രത്യേകിച്ച് ബി.ജെ.പി. യുടെ ലക്ഷ്യമാണ്. കാരണം അവർ നവലിബറൽ സാമ്പത്തിക നയത്തിന്റെ വക്താക്കളും പ്രയോക്താക്കളുമാണ്. ബാങ്കുകളെ പുനർനിർമ്മിച്ചും പുന:ക്രമീകരിച്ചും പരസ്പരം ലയിപ്പിച്ചും ധനമൂലധനത്തിന്റെ താല്പര്യം സംരക്ഷിക്കുക എന്നതാണ് അവരുടെ ലക്ഷ്യം. ഈ നീക്കം കോർപ്പറേറ്റുകൾക്കുവേണ്ടിയാണ്. എസ്.ബി.ടി. യെ എസ്.ബി.ഐ.-യിൽ ലയിപ്പിച്ചതടക്കം ഈ നീക്കത്തിന്റെ ഫലമാണ്. കേരളത്തിന്റെ തനതായ പല ബാങ്കുകളും ഇതേ ഭീഷണിയിൽത്തന്നെയാണ്. നാടിന്റെ സ്വത്ത് ഭീമാകാരമായ ബാങ്കുകളിലെത്തിച്ച് ആ പണം ഊഹക്കച്ചവട കമ്പോളത്തിലെത്തിച്ച് ധനമൂലധനം വളർത്തുവാൻ ശ്രമിക്കുകയാണ്. പ്രാദേശിക ബാങ്കുകളെ സംരക്ഷിക്കുന്ന ജനകീയ സമരങ്ങൾ വളർന്നുവരണം. സഹകരണ മേഖലയെ തകർക്കുന്ന ലക്ഷ്യം നേടുന്നതിന് തടസ്സമാണ് ജനകീയ ബാങ്കിംഗ് ശൃംഖല എന്നതുകൊണ്ട് ഇതിനെ

തകർക്കാൻവേണ്ടി മൂലധനശക്തികളെ സഹായിക്കാൻവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പണത്തെ കോരിയെടുത്ത് സ്റ്റോക്ക് മാർക്കറ്റിലെത്തിക്കുവാൻ കഴിയില്ലെന്ന് മാത്രമല്ല സാമാന്യ ജനങ്ങളുടെ സാധാരണ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയും. സഹകരണ മേഖലയോടുള്ള ബി.ജെ.പി. സർക്കാരിന്റെ എതിർപ്പിന്റെയും എൽ.ഡി.എഫ്. സർക്കാരിന്റെ സ്നേഹത്തിന്റെയും കാരണം ഇതാണ്. അതുകൊണ്ടുതന്നെ സഹകരണ മേഖലയെ ജനകീയമാക്കി നിർത്തുവാൻ ശ്രമിച്ചു എന്നതാണ് ഏറ്റവും വലിയ നേട്ടം. മാത്രമല്ല പെൻഷനടക്കം ജനങ്ങൾക്കാവശ്യമായ കാര്യങ്ങൾ സഹകരണ മേഖല വഴി നൽകി. ഈ ഇടപെടൽ പെൻഷൻ കൊടുത്തു എന്നുമാത്രമല്ല സഹകരണ മേഖല തങ്ങളുടേതാണെന്ന ചിന്ത കൂടി ജനങ്ങളിലുണ്ടാക്കാൻ കഴിഞ്ഞു. ഇതേ ബാങ്കുകളെ സമന്വയിപ്പിച്ചും വികസിപ്പിച്ചും കേരള ബാങ്കുണ്ടാക്കാൻ സർക്കാർ ശ്രമിക്കുന്നു എന്നത് ശ്രദ്ധേയമാണ്. അതുപോലെ കിഫ്ബി യാഥാർത്ഥ്യമായി. ഇതെല്ലാം ജനകീയ ബദൽ സാമ്പത്തിക നയത്തിന്റെ ഫലമായുണ്ടായ ആശയമാണ്. നാടിന്റെ സമ്പത്തിനെ ശാസ്ത്രീയമായി വിന്യസിച്ച് ജനകീയ ബദൽ വികസന സങ്കല്പം വികസിപ്പിച്ചെടുക്കുന്ന സർക്കാരാണ് പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാർ. നവലിബറൽ നയം ലോക സമ്പദ് വ്യവസ്ഥകളെ നശിപ്പിക്കുമ്പോൾ

എൽ.ഡി.എഫ്. സർക്കാർ സമ്പദ് വ്യവസ്ഥയെ ശാക്തീകരിക്കാൻ ശ്രമിക്കുകയാണ്. അതിന്റെ കേന്ദ്ര ഉപകരണം സഹകരണ മേഖലയാണ്. ഈ മാതൃക നാളെ ലോകത്തിന്റെ മാതൃകയാകും. മാതൃകകളുടെ സൃഷ്ടി വികസനത്തിന്റെ പ്രധാന ഘടകമാണ്. സഹകരണ പ്രസ്ഥാനത്തിൽ കൊടികുത്തിവാണിരുന്ന അഴിമതികളെ അവസാനിപ്പിക്കാൻവേണ്ടി ശക്തമായ നടപടിയാണ് സഹകരണ വകുപ്പും ഗവൺമെന്റും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സഹകരണ മേഖലയിൽ കൺസ്യൂമർഫെഡിൽ വലിയ അഴിമതിയാണ് കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തുണ്ടായത്. വലിയ നഷ്ടത്തിലായിരുന്ന കൺസ്യൂമർഫെഡിനെ ലാഭത്തിലേയ്ക്ക് നയിക്കാൻ കഴിഞ്ഞു. അഴിമതിക്കെതിരായി ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിലും കേരളത്തിലും കോൺഗ്രസ് ഭരിക്കുമ്പോൾ അഴിമതി നടത്തിയിരുന്നതുപോലെ അതിന്റെ മാതൃകകൾ സഹകരണ മേഖലയിലും കാണാൻ കഴിയും. തൃശ്ശൂർ ജില്ലയിൽ കോൺഗ്രസ് നയിച്ചിരുന്ന പുത്തൂർ സഹകരണ ബാങ്ക് ഇതിന് വലിയൊരു ഉദാഹരണമാണ്. കോടികളുടെ വെട്ടിപ്പാണ് അവിടെ നടത്തിയത്. അതുപോലെ അടാട്ട് സഹകരണ ബാങ്ക്, കാട്ടൂർ സഹകരണ ബാങ്ക് ഇവയെല്ലാം കോൺഗ്രസിന്റെ നേതൃത്വത്തിലുള്ളതാണ്. ഇവിടെയെല്ലാം വലിയ അഴിമതികളും വെട്ടിപ്പുകളുമാണ് നടന്നിട്ടുള്ളത്. ശക്തമായ

അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അഴിമതിക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് പൊൻമുട്ടയിടുന്ന താറാവായ സഹകരണ മേഖലയെ ശക്തിപ്പെടുത്തി മുന്നോട്ടുപോകാനുള്ള നടപടികളുമായി മുന്നേറുന്ന സഹകരണ വകുപ്പിനെയും സർക്കാരിനെയും അഭിനന്ദിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. അനിൽ അക്കര</u>: സർ, കേരളത്തിലെ സഹകരണ മേഖല രാജ്യത്തിനുതന്നെ മാതൃകയായിരുന്നു. പക്ഷേ ഇന്ന് സഹകരണ മേഖല അഴിമതിയുടെയും ഏകാധിപത്യത്തിന്റെയും മാതൃകയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഒരു കാരണവശാലും ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ കഴിയില്ല. ഇവിടെ കുറെ ദിവസങ്ങളായി അടാട്ട് ഫാർമേഴ്സ് ബാങ്കുമായി ബന്ധപ്പെട്ട് ചില ആരോപണങ്ങൾ അംഗങ്ങൾ ഉന്നയിച്ചിരുന്നു. ഞാൻ ആ ബാങ്കിലെ ഓഹരി ഉടമയാണ്. അടാട്ട് ഫാർമേഴ്സ് ബാങ്ക് 1993 മുതൽ 2013 വരെ ഭരിച്ചിരുന്നത് സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിലാണ്. ആ ബാങ്കിന്റെ അന്നത്തെ പ്രസിഡന്റുതന്നെയാണ് ഇപ്പോഴും ആ ബാങ്കിന്റെ പ്രസിഡന്റ്. ശ്രീ. എം. വി. രാജേന്ദ്രനാണ് 1993 മുതൽ 2008 വരെ ഭരിച്ചിരുന്നത്. പിന്നീട് അദ്ദേഹം ഡയറക്ടറായി. ഇപ്പോഴും അദ്ദേഹം തന്നെയാണ് പ്രസിഡന്റ്.

അരിക്കടകൾ നടത്തിയതുമായി ബന്ധപ്പെട്ട് വളരെ ആവേശപൂർവ്വം ഇവിടെ പറയുകയുണ്ടായി. സംസ്ഥാന ഗവൺമെന്റിനും കൺസ്യൂമർഫെഡ്ഡിനുമൊക്കെ അരി വാങ്ങികൊടുത്തത് ഈ ബാങ്കിന്റെ പ്രസിഡന്റാണ്. അദ്ദേഹം പ്രസിഡന്റായ പാഡി പ്രൊഡ്യൂസേഴ്സ് കമ്പനിയാണ് ബംഗാളിലും ആന്ധ്രയിലും പോയി അരി വാങ്ങിക്കൊടുത്തത്. അങ്ങനെ ഇവിടെ അരിവില നിയന്ത്രിച്ച എന്നുപറയുന്ന ആളുകൾ ഇന്ന് ഈ ബാങ്ക് പ്രസിഡന്റ് അഴിമതിക്കാരനാണെന്ന് പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. ഈ ബാങ്ക് പ്രസിഡന്റ് ഇപ്പോൾ ഏത് പാർട്ടിക്കാരനാണ്. ഞാൻ ആ പഞ്ചായത്തിൽ 10 വർഷക്കാലം പ്രസിഡന്റും വൈസ് പ്രസിഡന്റുമൊക്കെ ആയിരുന്ന ആളാണ്. അദ്ദേഹം ഏത് പാർട്ടിക്കാരനാണ്? ബഹുമാനപ്പെട്ട സി. എൻ. ബാലകൃഷ്ണന്റെ സഹോദരിയുടെ മകനാണ് എന്നതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മന്ത്രിയുടെ സത്യപ്രതിജ്ഞ നടക്കുന്ന സമയത്ത് അത് കാണാൻ വന്ന അടാട്ട് ലോക്കൽ കമ്മിറ്റിയിലെ മൂന്ന് ആളുകളെ സസ്പെൻഡ് ചെയ്തു. പുഴയ്ക്കൽ ബ്രാഞ്ച് കമ്മിറ്റി അംഗത്തെയും സസ്പെൻഡ് ചെയ്തു. അതിലൊരാളാണ് എം. വി. രാജേന്ദ്രൻ. അദ്ദേഹത്തിന്റെ സസ്പെൻഷൻ പിൻവലിച്ചിട്ടുണ്ടോ; അദ്ദേഹത്തെ പാർട്ടിയിൽനിന്ന് പുറത്താക്കിയിട്ടുണ്ടോ? ഇവർ ആർക്കെതിരെയാണ് അഴിമതി ആരോപണം ഉന്നയിക്കുന്നതെന്ന് എത്ര

ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. അടാട്ട് ഫാർമേഴ്സ് ബാങ്കിനെതിരായ അഴിമതി അന്വേഷിക്കുന്നതിൽ ഞാൻ എതിരല്ല. 1993 മുതൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ 8 വിജിലൻസ് കേസുകൾ ഫയൽ ചെയ്ത ആളാണ് ഞാൻ. 1993 മുതൽ അടാട്ട് ഫാർമേഴ്സ് ബാങ്കിൽ നടന്ന അഴിമതികളെക്കുറിച്ച് അന്വേഷണം നടത്തണമെന്നുതന്നെയാണ് എന്റെയും നിലപാട്. അതിൽ യാതൊരു തർക്കവുമില്ല. അതിനോടൊപ്പം ചില കാര്യങ്ങൾ കൂടി അന്വേഷിക്കണം. 1998-ൽ ഫാർമേഴ്സ് ബാങ്കിൽ നിന്ന് എടുത്ത ഒരു വായ്പയെക്കുറിച്ചാണ് ഇവിടെ ശ്രീ. വി. ജോയി സൂചിപ്പിച്ചത്. അടാട്ട് പഞ്ചായത്തിൽ ആദ്യമായി കർഷകത്തൊഴിലാളി യൂണിയൻ ആരംഭിപ്പിക്കുന്നതിനായി നടുവത്തുപാറ കോളനിയിൽ അരിവാൾ ചുറ്റിക നക്ഷത്രം കൊടി നാട്ടിയ ആളാണ് ആ വായ്പ എടുത്തത്. അക്കര പട്ടേക്കിൽ അന്തോണി എന്നാണ് അദ്ദേഹത്തിന്റെ പേര്. ഭാഗ്യത്തിന് അദ്ദേഹം എന്റെ അപ്പനായി എന്നുള്ളതാണ് എനിക്ക് എതിരെയുള്ള കുറ്റം. അതെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കർഷകനും കർഷകത്തൊഴിലാളിയുമായിരുന്ന അദ്ദേഹം സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് ആത്മഹത്യ ചെയ്തതാണ്. ആ പണം തിരിച്ചടയ്ക്കാൻ അന്ന് കഴിഞ്ഞില്ല. പിന്നീട് ഞാൻ ഇലക്ഷന് മത്സരിക്കുന്ന സമയം ബാദ്ധ്യത വേണ്ടെന്നുള്ളതുകൊണ്ട് ആ ബാങ്കിൽ ഒരു അപേക്ഷ കൊടുത്തു. അപേക്ഷ

കൊടുത്തത് എന്റെ ഏറ്റവും അടുത്ത സുഹൃത്തിനാണ്. കുന്നംകുളത്തിന്റെ പഴയ എം.എൽ.എ. ശങ്കര നാരായണൻ എന്ന ബാബു പാലിശ്ശേരിയുടെ ഭാര്യ ശ്രീമതി ഇന്ദിരാ പ്രിയദർശിനിക്കാണ് ഞാൻ അപേക്ഷ കൊടുത്തത്. 6,30,000 രൂപ അടയ്ക്കാൻ അവർ എനിക്കന്ന് എഴുതിത്തന്നു. 6,30,000 രൂപ അടച്ച് ഒഴിമുറി കൊടുത്തതിന്റെ രേഖയാണിത്. ഇവിടെ പറഞ്ഞ കണക്കുകൾ തെറ്റാണ്. സഹകരണ രജിസ്ട്രാർ എനിക്കെതിരെ അന്വേഷണം നടത്തിയതിന്റെ രേഖയാണ് എന്റെ കയ്യിലുള്ളത്. അതിൽ പറയുന്നത്, 23-12-2010-ൽ 2,64,201 രൂപ വിധിസംഖ്യയായി വന്നിട്ടുണ്ടെന്നാണ്. 2,64,201 രൂപ വിധിസംഖ്യയായി വന്ന എന്റെ കയ്യിൽ നിന്ന് എന്തിനാണ് 6,30,000 രൂപ ഈടാക്കിയത്. ഞാൻ അതുമായി ബന്ധപ്പെട്ട് പരാതി കൊടുത്തിട്ടുണ്ട്. ആ പണം തിരിച്ചുതരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. രണ്ടാമത്തെ കാര്യം, ശ്രീ. കടകംപള്ളി സുരേന്ദ്രൻ എനിക്ക് നൽകിയ മറുപടിയാണ്. തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ അനിൽ അക്കരയുടെ വായ്പ എഴുതിത്തള്ളിയെന്ന പരാതിയിൽ സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന ചോദ്യത്തിന് ഇല്ലെന്നുള്ള മറുപടിയാണ് നൽകിയത്. അന്വേഷണം നടത്തിയ സഹകരണ രജിസ്ട്രാറുടെ ഉത്തരവിന്റെ പകർപ്പാണ് എന്റെ കയ്യിലുള്ളത്. ആരാണ് കള്ളം പറയുന്നതെന്നും

ആരാണ് സത്യം പറയുന്നതെന്നും മനസ്സിലാകാത്ത സ്ഥിതിയാണ്. അനിൽ അക്കരയ്ക്ക് നൽകിയിട്ടുള്ള വായ്പയ്ക്ക് സർക്കാരിന്റെ വിവിധ ഉത്തരവുകൾ പ്രകാരം പലിശ ഇളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പലിശ ഇളവ് നൽകിയത് നിയമാനുസൃതമാണോ; ഏത് ബ്രാഞ്ചിൽ നിന്നാണ് പലിശ ഇളവ് നൽകിയിട്ടുള്ളത്; ബ്രാഞ്ച് മാനേജരുടെ പേര് വ്യക്തമാക്കുമോ എന്നീ ചോദ്യങ്ങൾക്ക് പലിശ ഇളവ് നൽകിയിട്ടുണ്ട്, ആയത് നിയമാനുസൃതമാണ്, മുതുവറ ബ്രാഞ്ചിൽ നിന്നാണ് പലിശ ഇളവ് നൽകിയത്, ബ്രാഞ്ച് മാനേജരുടെ പേര് ഇന്ദിരാ പ്രിയദർശിനിയെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ഞാൻ ഏറെ ബഹുമാനിക്കുന്ന, എന്റെ പ്രിയപ്പെട്ട നേതാവിന്റെ പേരാണ് ഇന്ദിരാ പ്രിയദർശിനിയെന്ന് ഈ അവസരത്തിൽ അഭിമാനപൂർവ്വം ഓർമ്മിക്കുകയാണ്. ഈ ബാങ്കിൽ 400 കോടി രൂപയിലധികം ഡെപ്പോസിറ്റും 30000-ൽ അധികം മെമ്പർമാരുമുണ്ട്. ആ പഞ്ചായത്തിലെ മുഴുവൻ ആളുകളും ബാങ്കിലെ മെമ്പർമാരാണ്. തൃശ്ശൂർ ജില്ലാ ബാങ്കിൽ വച്ച് ഒരു യോഗം നടന്നു. ജില്ലാ ബാങ്കിലെ യോഗത്തിൽ സഹകരണ രജിസ്ട്രാറും ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീനും പങ്കെടുത്തിരുന്നു. അതിന്റെ രേഖയാണ് എന്റെ കയ്യിലുള്ളത്. ആ യോഗത്തിൽ കൺസ്യൂമർഫെഡിന് കുറച്ച് പണം വേണമെന്നവർ ആവശ്യപ്പെട്ടു. 25 കോടി രൂപയാണ് ആവശ്യപ്പെട്ടത്.

പിറ്റേദിവസം 25 കോടി രൂപ കൊടുത്തു. കുറച്ചുകൂടി കഴിഞ്ഞപ്പോൾ, ആ പണം തിരിച്ചടച്ചെന്നും കുറച്ചുകൂടി പണം വേണമെന്നും ആവശ്യപ്പെട്ട് കത്ത് കൊടുത്തു. നിസ്സാരമായ തുകയല്ല, 50 കോടി രൂപയാണ് ആവശ്യപ്പെട്ടത്. പ്രാഥമിക സംഘത്തിൽ നിന്ന് 50 കോടി രൂപ വായ്പ ആവശ്യപ്പെട്ടതിന്റെ അപേക്ഷയാണ് എന്റെ കയ്യിലുള്ളത്. പ്രാഥമിക സംഘത്തിൽ നിന്ന് 50 കോടി രൂപ വായ്പയെടുക്കാൻ അടാട്ട് ഫാർമേഴ്സ് ബാങ്കിന്റെ 29(1) എന്ന നിയമാവലി അനുസരിച്ച് കൺസ്യൂമർഫെഡിന് കഴിയുമെന്നാണ് സഹകരണ വകുപ്പുമന്ത്രി പറയുന്നത്. വായ്പകൾ ക്യാഷ് ക്രെഡിറ്റും അംഗങ്ങൾക്ക് മാത്രമേ കൊടുക്കുകയുള്ളുവെന്നുമാണ് പറയുന്നത്. പിന്നെങ്ങനെയാണ് കൺസ്യൂമർഫെഡിന് വായ്പ കൊടുക്കാൻ കഴിയുന്നത്? അല്ലെങ്കിൽ രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ഗവൺമെന്റിന്റെയും ട്രസ്റ്റിയുടെയും ഉറപ്പിന്മേലും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ പോളിസിയിന്മേലും ലോൺ കൊടുക്കുമെന്നാണ് പറയുന്നത്. ഇവിടെ നടന്നിട്ടുള്ളത് വളരെ രസകരമായ കാര്യമാണ്. കൺസ്യൂമർഫെഡ് എം.ഡി.-യായ ശ്രീ. രാമനുണ്ണി കടൽപ്പരപ്പിനോളം നിയമത്തിൽ അറിവുള്ള ആളാണ്. അദ്ദേഹമാണ് അഫിഡവിറ്റ് കൊടുത്തിട്ടുള്ളത്. കൺസ്യൂമർ ഫെഡറേഷന്റെ സ്റ്റോറാണ് 50 കോടി രൂപയ്ക്ക് ഈടായി കൊടുത്തിട്ടുള്ളത്.

അതിനേക്കാൾ രസകരമായ കാര്യം വായിച്ചുമനസ്സിലാക്കേണ്ടതാണ്. മന്ത്രിക്ക് സമയം ഉണ്ടെങ്കിൽ ഇത് വായിച്ചാൽ നല്ലതാണ്. അദ്ദേഹത്തെ കേരള ബാങ്കിന്റെ ചുമതല ഏൽപ്പിക്കാൻ പോവുകയാണ്. ടി നിബന്ധനകൾ വായിച്ച് മനസ്സിലാക്കുകയും ഓവർഡ്രാഫ്റ്റ് സംബന്ധിച്ച് ബാങ്കിൽ ഇപ്പോൾ നിലവിലുള്ളതും മേലാൽ ഉണ്ടാകുന്നതുമായ എല്ലാ നിബന്ധനകളും കടക്കാരനും ബാധകമായിരിക്കുമെന്ന സത്യപ്രസ്താവനയാണ് അതിലുള്ളത്. ഒരു പ്രാഥമിക സഹകരണ സംഘത്തിൽ നിന്ന് എത്ര രൂപ വായ്പയെടുക്കാൻ കഴിയും. അടാട്ട് സഹകരണ ബാങ്കിൽ നിന്നും പരമാവധി 50 ലക്ഷം രൂപ വായ്പയെടുക്കാം. ഇവിടെ 50 കോടി രൂപയാണ് വായ്പ കൊടുത്തിട്ടുള്ളത്. ഞാൻ ഇതുമായി ബന്ധപ്പെട്ട് ഒരു പരാതി കൊടുത്തിരിരുന്നു. ആ പരാതി കൊടുത്തതിന്റെ പേരിൽ അടാട്ട് ഫാർമേഴ്സ് ബാങ്കിന്റെ വരാന്തയിൽക്കൂടിപ്പോയ എനിക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു. പണ്ട് 100 രൂപയ്ക്ക് എന്റെ അപ്പാപ്പന്റെ അപ്പാപ്പൻ കൊടുത്ത സ്ഥലത്താണ് ആ ബാങ്കിരിക്കുന്നത്. പുറനാട്ടുകര ബാങ്കിലെ മാനേജർ 50 കോടി രൂപ കൺസ്യൂമർഫെഡിന് കൊടുത്തതിന്റെ രേഖയാണ് എന്റെ കയ്യിലുള്ളത്. അടാട്ട് ഫാർമേഴ്സ് ബാങ്കിലെ ജീവനക്കാരുടെ തസ്തികയും പേരും ആവശ്യപ്പെട്ട് ഞാൻ നിയമസഭയിൽ ഒരു ചോദ്യം ചോദിച്ചിരുന്നു. അതിന് പി.ആർ. പ്രദീപ് കുമാർ,

പ്യൂൺ എന്നാണ് എനിക്ക് തന്നിട്ടുള്ള മറുപടി. അടാട്ട് ഫാർമേഴ്സ് ബാങ്കിൽ നിന്നും കൺസ്യൂമർഫെഡിന് വായ്പ കൊടുത്തത് ആരാണെന്ന മറ്റൊരു ചോദ്യത്തിന് നൽകിയ മറുപടി, ബാങ്ക് മാനേജരുടെ ചുമതല വഹിക്കുന്ന പി.ആർ. പ്രദീപ് കുമാർ എന്നാണ്. പ്യൂണാണ് 50 കോടി രൂപ വായ്പ കൊടുക്കുന്നത്. മന്ത്രി ഈ രാജ്യത്തൊന്നുമല്ലേയെന്ന് തോന്നിപ്പോവുകയാണ്. ഈ അന്വേഷണം നടത്തുമ്പോൾ അതുകൂടി അന്വേഷിക്കണം. ഞാൻ അടാട്ട് പഞ്ചായത്ത് പ്രസിഡന്റായിരിക്കുമ്പോൾ എന്റെ പഞ്ചായത്തിലെ പ്രതിപക്ഷനേതാവായിരുന്ന ഡി.വൈ.എഫ്.ഐ. യുടെ ബ്ലോക്ക് സെക്രട്ടറിയാണ് പി.ആർ. പ്രദീപ് കുമാർ. ഞാൻ 2005-ലെ പഞ്ചായത്ത് ഇലക്ഷനിൽ മത്സരിക്കുമ്പോൾ എനിക്കെതിരെ മത്സരിച്ച സി.പി.എം. ലോക്കൽ കമ്മിറ്റി സെക്രട്ടറി, ശ്രീ. ടി. ഉണ്ണികൃഷ്ണനാണ് ഫാർമേഴ്സ് ബാങ്ക് എം.ഡി. മറ്റ് മാനേജർമാർ ഇന്ദിരാ പ്രിയദർശിനിയും പുഷ്പാകരന്റെ ഭാര്യ അജിതയുമാണ്. ബാങ്ക് പിരിച്ചുവിടാനുള്ള പരാതിയാണ് ഇവിടെ കൊടുത്തിട്ടുള്ളത്. ആ പരാതിയിൽ അടാട്ട് ഫാർമേഴ്സ് ബാങ്ക് പ്രസിഡന്റ് എം. പി. രാജേന്ദ്രന്റെ ആജ്ഞാനുവർത്തികളായി സി.ഐ.ടി.യു. നേതാവ് പുഷ്പാകരന്റെ ഭാര്യയും ബാബു പാലിശ്ശേരിയുടെ ഭാര്യയും പ്രവർത്തിക്കുന്നുവെന്നാണ് പറയുന്നത്. ബാങ്ക് പ്രസിഡന്റ് അഴിമതി നടത്തിയിട്ടുണ്ടെങ്കിൽ ആജ്ഞാനുവർത്തികളായി പ്രവർത്തിക്കുന്നവർക്കും

ബാധകമാണ്. ഫാർമേഴ്സ് ബാങ്കിന്റെ അഴിമതി മാത്രമല്ല, അഴിമതിക്കെതിരെ പോരാട്ടം നടത്തുന്നത് വളരെ സന്തോഷകരമായ കാര്യമാണ്. അങ്ങ് അഴിമതിക്കെതിരെ പോരാട്ടം നടത്തണം. എവിടെ നിന്ന് തുടങ്ങണമെന്നുള്ളതാണ് പ്രശ്നം. എനിക്ക് ഓഹരി പങ്കാളിത്തമുള്ള അടാട്ട് ഫാർമേഴ്സ് ബാങ്കിൽ അഴിമതി നടന്നിട്ടുണ്ടെങ്കിൽ അവരെ കയ്യാമം വച്ച് ജയിലിലടയ്ക്കണം. ഞാൻ വെല്ലുവിളിച്ച് പറയുകയാണ്, ബഹുമാനപ്പെട്ട മന്ത്രിക്ക് ഓഹരിയുള്ള കടകംപള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നടന്നിട്ടുള്ള കോടികളുടെ ക്രമക്കേടും ബ്രാഞ്ച് മാനേജർ മരണപ്പെട്ടതും അമിത ഡെപ്പോസിറ്റും അന്വേഷിക്കാൻ തയ്യാറുണ്ടോ? സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണം. ഈ നിയമസഭയിലെ 27 ആളുകളുടെ ഫോൺ ചോർത്തിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാർച്ച് മാസത്തിൽ നിയമസഭയിൽ ഞാനൊരു പ്രസംഗം നടത്തിയിരുന്നു. ആ ചോർത്തലിൽ ബഹുമാനപ്പെട്ട മന്ത്രിയും ഉൾപ്പെട്ടിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിൽ ചില തമാശകളും ചില പീസുകളും ഒഴിവാക്കിയാൽ കടകംപള്ളി ബാങ്ക് തന്നെയാണ് കൂടുതലായി വന്നിട്ടുള്ളത്. പ്രവർത്തനം ആദ്യം നന്നാക്കേണ്ടത് വീട്ടിലാണ്. അതുകൊണ്ട് എനിക്ക് പങ്കാളിത്തമുള്ള ബാങ്കിനെപ്പറ്റി അന്വേഷിക്കുന്നതോടൊപ്പം കടകംപള്ളി ബാങ്കിനെക്കുറിച്ചുകൂടി അന്വേഷണം നടത്തണമെന്ന് ഞാൻ വെല്ലുവിളിക്കുകയാണ്.

അനിൽ അക്കര എന്ന പേരിൽ അടാട്ട് ഫാർമേഴ്സ് ബാങ്കിൽ ഒരു ചെക്ക് കൊടുത്തിട്ടുണ്ടെന്ന് തെളിയിച്ചാൽ കേരള നിയമസഭയിൽ നിന്ന് നാളെ രാജിവയ്ക്കാൻ ഞാൻ തയ്യാറാണ്. എന്റെ വെല്ലുവിളി ഏറ്റെടുക്കാൻ തയ്യാറുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): ശ്രീ. അനിൽ അക്കര ഭാരവാഹിയായ സ്ഥാപനത്തിൽ സാധനം എടുത്തതിന്റെ പേരിൽ ചെക്ക് കൊടുക്കുകയും അത് മടങ്ങുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. അനിൽ അക്കര: ഞാൻ ഇപ്പോൾ ഭാരവാഹിയായ സ്ഥാപനത്തിന് അത്തരത്തിൽ ഒരു ചെക്കും കൊടുത്തിട്ടില്ല. അധികാരം നിങ്ങളുടെ കയ്യിലല്ലേ, നിങ്ങൾ അന്വേഷിച്ചോളൂ. 50 കോടിരൂപയുടെ ക്രമക്കേട് നടത്തിയ അടാട്ട് ഫാർമേഴ്സ് ബാങ്കിനെതിരെയും കൺസ്യൂമർഫെഡിനെതിരെയും കടകംപള്ളി ബാങ്കിനെതിരെയും നടപടി സ്വീകരിക്കണം. സഹകരണത്തിൽ യാതൊരു ആത്മാർത്ഥതയുമില്ലാതെ ഏകാധിപത്യ സ്വഭാവവും മാർക്സിസിസ്റ്റ് പാർട്ടി നയങ്ങളും നടപ്പിലാക്കാൻ ശ്രമിക്കുന്നുവെന്നുള്ളതുകൊണ്ട് ഞാൻ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ നാല് ധനാഭ്യർത്ഥനകളെയും ശക്തമായി അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിയിലും വർത്തമാനത്തിലും

വലിയ സ്വാധീനം ചെലുത്തുന്ന വകുപ്പുകളുടെ ധനാഭ്യർത്ഥനയാണ് നടക്കുന്നത്. അതിൽ സഹകരണം എന്നുപറയുന്നത് വാക്കിനപ്പുറം പ്രവർത്തി മണ്ഡലത്തിൽ ഇത്രത്തോളം സൗന്ദര്യം സംഭാവന ചെയ്യുന്ന വാക്ക് വേറെയുണ്ടോയെന്ന് സംശയമാണ്. ഒരുപക്ഷേ, അതിനപ്പുറം നിൽക്കുന്ന ഭൗതിക മണ്ഡലത്തിലെ ഒരു വാക്ക് "അമ്മ" എന്ന വാക്കാണ്. സത്യത്തിൽ അമ്മ നിർവ്വഹിക്കുന്ന കൃത്യം, ഏറ്റവും ദുർബല മനുഷ്യനുവേണ്ടി പണമിടപാട് സംവിധാനം സമൂഹത്തിൽ നടപ്പിലാക്കുന്നത് സഹകരണ മേഖലയാണ്, വിശേഷിച്ചും കേരളത്തിലെ സഹകരണ മേഖലയാണ്. അത് ലോകത്ത് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സത്യമാണ്. ആ സത്യത്തിന്റെ മുന്നിൽ നിന്ന് നമ്മുടെ പണമിടപാട് സംവിധാനം രാജ്യത്തെ രാഷ്ട്രീയ വലതുപക്ഷം വലത്തോട്ട് കൊണ്ടുപോവുകയാണ്. വലത്തോട്ട് കൊണ്ടുപോകുന്ന ഒരു രാഷ്ട്രീയ സംവിധാനവും സാമ്പത്തിക സംവിധാനവും പണമിടപാട് സംവിധാനത്തിന്റെ മനുഷ്യപക്ഷമുഖം മുഴുവൻ ഇല്ലാതാക്കും. സ്വാഭാവികമായും പണത്തെക്കുറിച്ച് മാർക്സും ലോകത്തെ നല്ല ചിന്തകന്മാരും പറഞ്ഞത് അതിൽ സ്വാഭാവികമായി ഒരു ചെളി അല്ലെങ്കിൽ ഒരു രോഗം അടക്കം ചെയ്തിട്ടുണ്ടെന്നാണ്. ആ രോഗം അടക്കം ചെയ്യാതെ വിശുദ്ധിയോടെ ജനപക്ഷത്തുനിന്ന് പണം കൈകാര്യം ചെയ്യുന്ന ഇന്ത്യയിലെ ഏറ്റവും സുതാര്യമായ സൗന്ദര്യമുള്ള മതേതരത്വ ജനാധിപത്യ

സംവിധാനമാണ് കേരളത്തിലെ സഹകരണ മേഖല. നോട്ട് പിൻവലിക്കലുമായി ബന്ധപ്പെട്ടും നമ്മുടെ രാജ്യത്തെ ബാങ്കുകൾ കൂട്ടിയോജിപ്പിക്കുന്നതുമായി ബന്ധപ്പെട്ടും ഈ പണമിടപാട് സംവിധാനത്തെ വലതുപക്ഷ രാഷ്ട്രീയ താൽപ്പര്യങ്ങളുടെ കളിക്കളമാക്കി മാറ്റാനുള്ള വലിയ ശ്രമം നടക്കുന്ന കാലത്ത് കേരളം തീർച്ചയായും കേരള ബാങ്ക് സ്ഥാപിച്ചുകൊണ്ടുതന്നെ ഈ സഹകരണ മേഖലയെ ശക്തിപ്പെടുത്തി, ഒരു ജനപക്ഷ പണമിടപാട് സംവിധാനമായി, ഒരു മതേതരത്വ ജനാധിപത്യ സംവിധാനമായി ഇതിനെ നിലനിർത്താൻ തീർച്ചയായും കേരളത്തിന് ബാധ്യതയുണ്ട്. ആ ബാധ്യതയാണ് സഹകരണ വകുപ്പുമന്ത്രി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതും ഇനിയും നിർവ്വഹിക്കേണ്ടതും.

രണ്ടാമത്തെ കാര്യം ട്രാൻസ്പോർട്ടാണ്. രാവിലെ ചോദ്യോത്തരവേളയിൽത്തന്നെ ഒരുവർഷം കൊണ്ട് കെ.എസ്.ആർ.ടി.സി. ലാഭകരമാക്കുമെന്ന് ഗതാഗത വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. അദ്ദേഹത്തിനത് കഴിയുമായിരിക്കും. കാരണം, അദ്ദേഹം സാധാരണ ഇടത്തിൽനിന്ന് പലതരം ബിസിനസ്സിലൂടെ വളർന്ന് ലോകമറിയപ്പെടുന്ന, അല്ലെങ്കിൽ കേരളം അറിയപ്പെടുന്ന ഒരാളായി മാറിയതാണ്. അദ്ദേഹത്തിന്റെ കരുത്തിനും കഴിവിനും ഭാവനയ്ക്കും ഈ കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുന്നതിനും നമ്മുടെ കേരളത്തിന്റെ ഭാവിയെ

രക്ഷിക്കുന്നതിനുംവേണ്ടി കഴിയട്ടെയെന്ന് ഞാനഗ്രഹിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഒരു കാര്യംകൂടി, അത് കേരളത്തിലെ കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻകാരെപ്പറ്റിയാണ്. അത്തരക്കാർ നമ്മുടെ വീടിന് ചുറ്റിലുമുണ്ട്. അവരെല്ലാം പറയുന്നത് പ്രായമായവരുടെ നിരാശ, ഒരുതരം ശാപം ഏറ്റുവാങ്ങുന്ന ഒരു സമൂഹവും രക്ഷപിടിക്കുകയില്ല എന്നാണ്. അവർ സെക്രട്ടേറിയറ്റിനുമുന്നിൽ സമരം നടത്തുകയാണ്. അതുകൊണ്ട് മാസം തോറും പെൻഷൻ കൊടുക്കാനുള്ള ഒരു സംവിധാനം ഗവൺമെന്റുണ്ടാക്കണം. കെ.എസ്.ആർ.ടി.സി.-ക്ക് നേരിട്ട് കഴിയില്ലെങ്കിൽ അതിന് കഴിയാവുന്ന ഒരു ധനകാര്യ സംവിധാനം ധനകാര്യ വകുപ്പുമന്ത്രിയും ഗവൺമെന്റും ഉണ്ടാക്കണം. യു.ഡി.എഫ്. ഭരണകാലത്തെപ്പോലെ പെൻഷൻകാർ ആത്മഹത്യ ചെയ്യുന്ന ഒരു സംവിധാനത്തിലേക്ക് പോകാൻ പാടില്ല. അതിന് ഒരു നിത്യ സാമ്പത്തിക സംവിധാനം കേരളത്തിൽ രൂപപ്പെടണം.

പിന്നെ പറയാനുള്ളത് ഏറ്റവും പ്രധാനപ്പെട്ട വകുപ്പായ ടൂറിസത്തെപ്പറ്റിയാണ്. ടൂറിസത്തിന്റെ ഏറ്റവും വലിയ പ്രത്യേകത എന്താണെന്നുവച്ചാൽ കേരളത്തിലെ ടൂറിസം നിലനിൽക്കുന്നത് പ്രകൃതിഭംഗിയും പരിസ്ഥിതിയുമായി ബന്ധപ്പെട്ടാണ്. അതിനെ നിലനിർത്തിക്കൊണ്ടുമാത്രമേ കേരളത്തിന്റെ ടൂറിസം സാധ്യതകളെ നിലനിർത്താൻ പറ്റുകയുള്ളൂ. മറ്റൊന്ന് കേരളത്തിലെ മനുഷ്യന്റെ മനോഭാവമാണ്.

കേരളം ദൈവത്തിന്റെ സ്വന്തം നാടായത് പരിസ്ഥിതിയുടെ ഭംഗിയും ഒപ്പം അതിഥി ദേവോ ഭവഃ എന്ന ഇൻഡ്യൻ ദർശനത്തിലെ മുദ്രാവാക്യവും മൂലമാണ്. അതിഥി ദേവോ ഭവഃ എന്നുപറയുമ്പോൾ നമ്മുടെ മന്ത്രി തീർച്ചയായിട്ടും എല്ലാവരെയും അതിഥിയായി കാണുന്ന അല്ലെങ്കിൽ അതിഥികളെയെല്ലാം ദേവന്മാരായി കാണുന്ന, വരുന്നവരോടെല്ലാം മാന്യമായി പെരുമാറുന്ന, കൺഫ്യൂഷ്യസ് പറഞ്ഞതുപോലെ 'വരുന്നവരെയെല്ലാം മാന്യതയോടെ കൈകാര്യം ചെയ്യുന്ന ഒരു മനുഷ്യൻ ആ മനുഷ്യനാണ് പൂർണ്ണനായ മനുഷ്യൻ', അങ്ങനെ പൂർണ്ണനായ ഒരു മനുഷ്യനാണ് ശ്രീ. കടകംപള്ളി സുരേന്ദ്രൻ. അദ്ദേഹം വരുന്നവരോടെല്ലാം മാന്യതയോടെയാണ് പെരുമാറുന്നത്. കേരളത്തിൽ വരുന്നവരെ മാന്യതയോടെ സ്വീകരിക്കുന്നത് നമ്മുടെ ടൂറിസം മേഖലയെ സഹായിക്കും.

എന്റെ മണ്ഡലത്തിൽ കേരളത്തിലെ, ഒരുപക്ഷെ ഇൻഡ്യയിലെ തന്നെ ടൂറിസം ഡെസ്റ്റിനേഷനിൽ ഏറ്റവും പ്രമുഖമായ ഒരു സ്ഥാനം വഹിക്കാവുന്ന ഒന്നാണ് ജഡായുമംഗലം ടൂറിസം പദ്ധതി. ഈ പദ്ധതിയിൽ തീർച്ചയായും ഒരു രാഷ്ട്രീയംകൂടിയുണ്ട്. അല്ലെങ്കിൽ അതിലൊരു ഭാവനകൂടി ചേർന്നിട്ടുണ്ട്. 'ജഡായു' എന്നുപറയുന്നത് 'സീത' എന്ന ഇൻഡ്യയിലെ ഒരു സാധാരണ സ്ത്രീ, സാധാരണ സ്ത്രീയാണെങ്കിലും 'ശ്രീരാമൻ' കല്ല്യാണം കഴിച്ചപ്പോൾ ദേവസ്ത്രീയായി മാറിയ

ഒരാളാണ്. ആ സീതയെ 'രാവണൻ' തട്ടിക്കൊണ്ടുപോകുമ്പോൾ തടഞ്ഞതിന്റെ പേരിൽ രക്തസാക്ഷിയായതാണ് 'ജഡായു'. അപ്പോൾ ഒരു പെണ്ണിനുവേണ്ടി രക്തസാക്ഷിയായി എന്നുപറയുന്നതിൽ ഒരു ഇടതുപക്ഷ ദർശനമുണ്ട്. ഒരു മനുഷ്യപക്ഷ ദർശനമുണ്ട്. നമ്മുടെ ദർശനങ്ങളെയെല്ലാം വലതുപക്ഷമാക്കാനും വർഗ്ഗീയവത്കരിക്കാനും അതിനെയെല്ലാം വർഗ്ഗീയ സാമ്പത്തിക രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടിയുള്ള മിത്തുകളാക്കി മാറ്റാനും ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലത്താണ് 'ജഡായു' ഒരു മനുഷ്യപക്ഷദർശനത്തിന്റെ ഒരു സ്ത്രീപക്ഷ ദർശനത്തിന്റെ, ഒരു സ്ത്രീയെ രക്ഷിക്കാൻ ശ്രമിച്ച് രാവണന്റെ വെട്ടേറ്റ് മരിച്ച ഒരു ദർശനത്തിന്റെ ഭാഗമാകുന്നത്. അതുകൊണ്ടുതന്നെ ജഡായു ടൂറിസം പദ്ധതി ഈ രാജ്യത്തെ ഒരു മനുഷ്യപക്ഷ തീർത്ഥാടന ടൂറിസമായി വികസിപ്പിക്കേണ്ടത് ആവശ്യമാണ്. ടൂറിസം വികസിപ്പിക്കുന്നതിന് മറ്റൊന്നുകൂടിയുണ്ട്. ഈ ദർശനങ്ങൾ പറഞ്ഞുപോകുമ്പോൾ സംഭവിക്കുന്നത് നമ്മുടെ നാട്ടിൽ 'ജഡായു' മാത്രമല്ല രാമായണത്തിലെ മിക്കവാറും കഥാപാത്രങ്ങൾക്ക്..., വാത്മീകി എന്ന അത്ഭുത എഴുത്തുകാരൻ ആദ്യ എഴുത്തുകാരനാണ്, അതുകൊണ്ടാണ് സുകുമാർ അഴീക്കോട് പറഞ്ഞത് വാത്മീകി എന്നുപറയുന്നത് ആദികവി മാത്രമല്ല, അദ്ദേഹം വരച്ചുവച്ച ചിത്രശിൽപ്പം ഒരുപക്ഷെ അന്ത്യകവികൂടിയാണ് എന്ന്. കാരണം ആ കഥയുടെ

നക്കലിൽനിന്ന് പുറത്തുകടക്കാൻ ഇപ്പോഴും ലോകത്തിന് കഴിയുന്നില്ല എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. അദ്ദേഹത്തിന്റെ അത്ഭുതകരമായ ഒരു കഥാപാത്രമാണ് 'ഹനുമാൻ'. ഹനുമാനെക്കുറിച്ച് പ്രചരിപ്പിക്കുന്ന ഒരു നർമ്മകഥയുണ്ട്. ഏറ്റവും നന്നായി പറയുന്നത് ഡോ. എം. എം. ബഷീറാണ്. അതുപറയുന്നത് ഇങ്ങനെയാണ്. "ഒരിക്കൽ ലണ്ടനിലെ ഒരു റസ്റ്റോറന്റിൽ ഒരു പാകിസ്ഥാനിയും ഒരു പഞ്ചാബിയും ഒരു മലയാളിയും കൂടിയിരുന്ന് ആഹാരം കഴിക്കുകയായിരുന്നു. അപ്പോൾ ബ്രിട്ടണിലെ ഒരു പ്രൊഫസർ അവരുടെ അടുത്തുവന്ന് പറഞ്ഞു, 'എനിക്കൊരത്ഭുതത്തെപ്പറ്റി പറയാനുണ്ട്, ആ അത്ഭുത കഥാപാത്രം സൃഷ്ടിച്ചത് ഇൻഡ്യയിലാണ്, അത് വാത്മീകിയാണ്. ആ കഥാപാത്രം മനുഷ്യനോളം എത്താത്ത എന്നാൽ മനുഷ്യനേക്കാൾ അത്ഭുതംചെയ്ത ഹനുമാൻ എന്ന കഥാപാത്രമാണ്. ആ ഹനുമാനെപ്പോലെ ഇത്ര വലിയ ഒരു കഥാപാത്രത്തെ ലോകത്തെ ഒരു സാഹിത്യത്തിലും ഒരു മിത്തിലും സൃഷ്ടിച്ചുകണ്ടിട്ടില്ല.' ഹനുമാൻ എവിടുത്തുകാരനാണെന്ന് അദ്ദേഹം അവരോട് ചോദിച്ചു. അപ്പോൾ പാകിസ്ഥാനി പറഞ്ഞു, സംശയമെന്ത് ഹനുമാൻ പാകിസ്ഥാനിയാണ്. അപ്പോൾ അദ്ദേഹം ചോദിച്ചു അതെങ്ങനെയാണ്; 'റഹ്മാൻ, സുലൈമാൻ എന്നൊക്കെ പറയുന്നത് പാകിസ്ഥാനിലുള്ളവരെയാണ്. അതുപോലെ ഒരു മാൻ ആണ്, റഹ്മാന്റെയും

സുലൈമാന്റെയും ഒരു ബന്ധുവാണ് ഹനുമാൻ. അതുകൊണ്ട് ഹനുമാൻ പാകിസ്ഥാനിയാണ് എന്ന് പാകിസ്ഥാനി മറുപടി പറഞ്ഞു. ഇതുകേട്ട് പഞ്ചാബിക്ക് ദേഷ്യം വന്നു. 'ഹനുമാൻ കരുത്തുകൊണ്ട് ഒരു പഞ്ചാബിയാണ്. ഒരു പഞ്ചാബിക്കുമാത്രമേ ഹനുമാന്റെ കരുത്ത് ഇൻഡ്യയിലുള്ളൂ. അതുകൊണ്ട് പഞ്ചാബിയാണ്. മാത്രമല്ല, ഒരു സിംഗാണ്. ഹനുമാന്റെ യഥാർത്ഥ പേര് ഹനുമാൻ സിംഗ് എന്നാണ്. ആ സിംഗ് മാറ്റിയാണ് ഇപ്പോൾ വെറും ഹനുമാനായത്. രുദ്രമാൻ സിംഗ്, ശക്തിമാൻ സിംഗ് എന്നൊക്കെ പറയുന്നതുപോലെ ഒരു പഞ്ചാബിയാണ്, ഒരു സിംഗാണ് ഹനുമാൻ' എന്ന് പഞ്ചാബി പറഞ്ഞു. മലയാളി നമ്മുടെ അലസഭാവംകൊണ്ട് പുറത്തുപോയി കയ്യൊക്കെ കഴുകി തിരിച്ചുവന്നിട്ട് പറഞ്ഞു, 'ഹനുമാൻ സ്വഭാവംകൊണ്ട് മലയാളിയാണ്'. അപ്പോൾ അദ്ദേഹം ചോദിച്ചു, അതെങ്ങനെ മലയാളിയാവും എന്ന്. 'ഹനുമാൻ മലയാളിയായത്, മലയാളിയുടെ സ്വാഭാവവും ഹനുമാന്റെ സ്വഭാവവും ഒന്നാണ്.' അതെങ്ങനെയാകുമെന്ന് അദ്ദേഹം ചോദിച്ചപ്പോൾ മലയാളി പറഞ്ഞു, 'വെറൊരുത്തന്റെ ഭാര്യയ്ക്കുവേണ്ടി സ്വന്തം വാലിൽ തീ കൊളുത്തി മൂന്നാമതൊരുത്തന്റെ വീട് ചുടണമെങ്കിൽ മലയാളിക്കേ പറ്റൂ, അതുകൊണ്ട് സ്വഭാവമനുസരിച്ച് മലയാളിയിൽ ഒരു ഹനുമാനിസമുണ്ട്, അതുകൊണ്ട് മലയാളിയാണ്." ഞാൻ ഈ തർക്കം പറഞ്ഞതിനകത്ത് ഒരു ദർശനമുണ്ട്. ഇത്

തമാശയാണെങ്കിലും ആ ദർശനം - നമ്മൾ ലോകത്തിനുവേണ്ടി പലതും കെട്ടിപ്പടുത്തവരാണ്. നമ്മൾ ഗൾഫിനുവേണ്ടി റോഡുണ്ടാക്കി, വീടുണ്ടാക്കി, നമ്മുടെ നഴ്സുമാർ ലോകത്ത് പരിചരണം നടത്തുന്നവരാണ്. പക്ഷെ നമ്മുടെ അച്ഛനമ്മമാരെ പരിചരിക്കുന്നതിൽ, ഇവിടെ റോഡ് കെട്ടിപ്പടുക്കുന്നതിൽ, നമ്മുടെ കേരളം കെട്ടിപ്പടുക്കുന്നതിൽ നമുക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ കേരളം കെട്ടിപ്പടുക്കാൻ ലോകത്തെ ക്ഷണിക്കാൻ നമുക്ക് കിട്ടിയ ഒരവസരമാണ് കേരളത്തിന്റെ ഈ പ്രകൃതിഭംഗിയും അതിഥി ദേവോ ഭവഃ എന്ന മുദ്രാവാക്യവും ഇങ്ങനെയൊരു മന്ത്രിയും. കേരളത്തിന്റെ ടൂറിസം സാധ്യതകളെ, കേരളത്തിന്റെ പുഴയുടെയും കടലിന്റെയും മലയുടെയും സാധ്യതകളെ, കേരളത്തിന്റെ ഭംഗിയെ, പരമാവധി ഉപയോഗിക്കാൻ കക്ഷി രാഷ്ട്രീയ വ്യത്യാസം പാടില്ല. അതിൽ പ്രതിപക്ഷഭരണപക്ഷം പാടില്ല. ഇതൊക്കെ സംരക്ഷിക്കപ്പെട്ടുമെങ്കിൽ ലോകം കേരളത്തിലേക്ക് നോക്കുകമാത്രമല്ല വരികയും ചെയ്യും. അതിന് ഒരുപാട് ടൂറിസം പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. തീർത്ഥാടന ടൂറിസം, ഫാം ടൂറിസം, ഉത്തരവാദിത്വ ടൂറിസം, എക്കോ ടൂറിസം എന്നിവ കൂടാതെ മറ്റ് ടൂറിസവുമുണ്ട്. എല്ലാ ടൂറിസം സാധ്യതകളെയും നമ്മളുപയോഗിക്കണം. അതിൽ പ്രതിപക്ഷത്തോട് എനിക്കൊരഭ്യർത്ഥനയുണ്ട്. പ്രതിപക്ഷം വിമർശന ബുദ്ധിയോടെ എല്ലാത്തിനെയും കാണുന്നത് തീർച്ചയായും

തെറ്റല്ല, അത് ജനാധിപത്യത്തിന്റെ ഒരാവശ്യമാണ്. പക്ഷെ എല്ലാം ഒഴുക്കിക്കളയുന്ന, എല്ലാത്തിനെയും നശിപ്പിക്കുന്ന ഒരു പ്രതിപക്ഷ വിമർശനം പാടില്ല. പെരുവെള്ളമാകരുത് പ്രതിപക്ഷ വിമർശനം, ഒപ്പം വെയിലത്തുനിന്ന് വാടുന്നതിനെ നനയ്ക്കുന്നതാകണം പ്രതിപക്ഷ വിമർശനം. ഇപ്പോൾ കാലാവസ്ഥയിൽ നമുക്ക് കിട്ടിയ ഒരു കാര്യമുണ്ട്. കാലാവസ്ഥയെപ്പറ്റി രണ്ടാഴ്ച മുമ്പ് പറഞ്ഞത്, കേരളത്തിൽ കാലവർഷം 100 ശതമാനമായിരിക്കുമെന്നാണ്. കേരളത്തിലേതാണ്ട് സുലഭമായി കാലവർഷം കിട്ടുമെന്നാണ്. പക്ഷെ കഴിഞ്ഞ ദിവസം കുസാറ്റിന്റെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ ഒരു പഠന റിപ്പോർട്ട് പുറത്തുവന്നിട്ടുള്ളതുപ്രകാരം 'എൽലിനോ' എന്ന ഒരു പ്രതിഭാസം പെസഫിക് സമുദ്രത്തിലുണ്ടായതുകൊണ്ട് നമ്മുടെ മഴമേഘങ്ങൾ മഴമേഘങ്ങളല്ലാതായി പോകാൻ സാധ്യതയുണ്ടെന്നും മഴ കുറയാൻ സാധ്യതയുണ്ടെന്നുമാണ്. ഇപ്പോൾ അത് തിരുത്തിയെന്നുപറയുന്നു, എങ്കിൽ നല്ലത്. ഞാൻ പ്രതിപക്ഷത്തോട് പറയുന്നത് നിങ്ങൾ 'എൽലിനോ' ആകരുത്, അതായത് ഇവിടെ വരുന്ന എല്ലാ മഴമേഘങ്ങളും പെയ്യാൻതക്ക തരത്തിൽ നിങ്ങൾ കൈകോർക്കണം. കാർമേഘങ്ങളുണ്ടാകാൻ പാടില്ല. കാർമേഘങ്ങളുണ്ടായാലും അതിന് പെയ്യാൻ കഴിയണം. കാരണം, ഇന്നത്തെ ഇൻഡ്യൻ രാഷ്ട്രീയത്തിൽ വലതുപക്ഷത്തേക്ക് നമ്മുടെ സാമ്പത്തിക മേഖലയും

രാഷ്ട്രീയ മേഖലയും ജീവിത മേഖലയും പൊയ്ക്കൊണ്ടിരിക്കുമ്പോൾ ഇൻഡ്യയിൽ ആ വലതുപക്ഷ രാഷ്ട്രീയത്തിനകത്തുനിന്ന് ഒരു ബൂർഷ്വാ സംവിധാനത്തിലും ഒരു കോർപ്പറേറ്റ് സംവിധാനത്തിലും അതിന്റെ നയങ്ങൾക്കകത്തുനിന്ന് ചെറുതായെങ്കിലും ഇടത്തോട്ട് സഞ്ചരിക്കാൻ ശ്രമിക്കുന്ന ഒരു സംവിധാനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി. ഒരു വലതുപക്ഷ രാജ്യത്ത് ഒരു സംസ്ഥാനത്ത് മാത്രമായി ഒരു കമ്മ്യൂണിസ്റ്റ് ഭരണം കൊണ്ടുവരാൻ പറ്റുകയില്ല. പക്ഷെ വലതുപക്ഷ രാജ്യം മനുഷ്യവിരുദ്ധമായി വലത്തോട്ട് പോകുമ്പോൾ അതിനകത്തുനിന്ന് ചെറുതായെങ്കിലും കാലും കയ്യും ഇടത്തോട്ട് അനക്കാൻ ഒരു കുഞ്ഞിന്റെ ദാഹമെങ്കിലുമുള്ള ഒരു പ്രസ്ഥാനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി. അങ്ങനെ ഇടത്തോട്ട് ഒരിഞ്ചെങ്കിലും നീങ്ങാൻ ശ്രമിക്കുന്ന ഒന്നിനെ ഇന്നത്തെ വർഗ്ഗീയ വലതുപക്ഷ രാഷ്ട്രീയത്തിൽ നിങ്ങൾകൂടി സഹായിച്ച് ഇതിനെ കൊല്ലാതിരിക്കാനുള്ള ശ്രമം നടത്താനുള്ള ബാധ്യതയുണ്ടെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഇതിനെ പിന്തുണച്ചുകൊണ്ട് ഞാനവസാനിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സഹകരണ മേഖല ഒരു നൂറ്റാണ്ട് പിന്നിട്ടു. ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ സഹകരണ പ്രസ്ഥാനം രാജ്യത്തിനുതന്നെ

മാതൃകയാണ്. സമസ്ത മേഖലകളിലും സഹകരണ പ്രസ്ഥാനം വളർന്ന് പന്തലിച്ചുനിൽക്കുകയാണ്. അർബൺ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നിക്ഷേപം കൂടി കണക്കിലെടുക്കുകയാണെങ്കിൽ സഹകരണ മേഖലയിൽ ഏകദേശം 1,75,000 കോടി രൂപ നിക്ഷേപമുണ്ട്. സഹകരണ മേഖലയുടെ കൂട്ടായ പ്രവർത്തനത്തിന്റെ പരിണിതഫലമായിട്ടാണ് സഹകരണ മേഖലയ്ക്ക് ഇത്രയും കരുത്താർജ്ജിക്കാൻ സാധിച്ചത്. ഏതെല്ലാം സന്ദർഭത്തിൽ ഈ മേഖല പ്രതിസന്ധി നേരിട്ടിട്ടുണ്ടോ അപ്പോഴൊക്കത്തന്നെ സഹകാരികൾ ഈ പ്രസ്ഥാനത്തിന്റെ നന്മയ്ക്കുവേണ്ടി യോജിച്ചിട്ടുണ്ട്. ഡീമോണിറ്റൈസേഷന്റെ ഭാഗമായി സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ചെറുതായി കണ്ടുകൂടാ. കഴിഞ്ഞ ആറുമാസക്കാലമായി സഹകരണ മേഖല പ്രശ്നങ്ങളെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റും റിസർവ് ബാങ്കും സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിനുവേണ്ടി ഒളിഞ്ഞും തെളിഞ്ഞുമുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. കേരളത്തിലെ സഹകാരികൾ കക്ഷി രാഷ്ട്രീയത്തിനതീതമായി ഒരുമിച്ച് ആ എതിർപ്പിനെ നേരിട്ടു. ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമടക്കമുള്ള നേതാക്കന്മാർ റിസർവ് ബാങ്കിന്റെ മുമ്പിൽ സമരം നടത്തിയത് നമ്മുടെ മുന്നിലുണ്ട്. അതുകൊണ്ടുതന്നെ ആ

പ്രതിസന്ധിയെ അതിജീവിക്കുവാൻ സാധിച്ചു. ആ പരിക്കിൽനിന്ന് ഇപ്പോഴും നമുക്ക് മോചനം നേടിയെന്ന് പറയാൻ കഴിയില്ല. സഹകരണ മേഖലയിൽ വലിയ തോതിലുള്ള നിക്ഷേപ ചോർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അത് തടയാനുള്ള യുദ്ധകാലാടിസ്ഥാനത്തിലുള്ള ശ്രമങ്ങൾ അനിവാര്യമാണെന്ന് ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ പത്തുവർഷത്തെ നമ്മുടെ സഹകരണ മേഖലയുടെ പ്രവർത്തനം പരിശോധിച്ചാൽ ഒരു സമാധാന അന്തരീക്ഷം ഈ മേഖലയിൽ നിലനിന്നിരുന്നു. 2006-ലെ എൽ.ഡി.എഫ്. ഗവൺമെന്റിൽ സഹകരണ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ഇപ്പോഴത്തെ പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രിയായ ശ്രീ. ജി. സുധാകരനും അതിനുശേഷം വന്ന യു.ഡി.എഫ്. ഗവൺമെന്റിൽ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ശ്രീ. സി. എൻ. ബാലകൃഷ്ണനും ഈ മേഖലയിൽ അദ്ഭുതപൂർവ്വമായൊരു മുന്നേറ്റം സൃഷ്ടിച്ചെടുക്കാൻ സാധിച്ചു. അതിന്റെ മുമ്പത്തെ ചരിത്രത്തിലേക്ക് ഞാൻ പോകുന്നില്ല. അന്നൊക്കെ സഹകരണ ബാങ്കുകളിൽ വഴിവിട്ട ഒട്ടനവധി പ്രവർത്തനങ്ങളും പിരിച്ചുവിടലും പിടിച്ചെടുക്കലുമൊക്കെ നിർലോഭം നടന്നിരുന്നു. പക്ഷെ 2006-നുശേഷം അതിനൊക്കെ ഒരു പരിഹാരമുണ്ടായി. സമാധാനപരമായൊരു അന്തരീക്ഷം ഇവിടെ നിലനിന്നു. മാത്രമല്ല, സഹകരണ പ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കും

പുരോഗതിക്കുംവേണ്ടി സഹകാരികളെ വിശ്വാസത്തിലെടുത്തുകൊണ്ട് അവരെ കൂടെനിർത്തി ഒട്ടനവധി വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ആ മേഖലയിൽ നമുക്ക് സാധിച്ചു. പരിശോധിച്ചാൽ നമുക്കത് ബോധ്യപ്പെടും. ആ ഒരന്തരീക്ഷം ഇപ്പോൾ നിലനിൽക്കുന്നുണ്ടോ; നമ്മൾ അത് പരിശോധിക്കണം. ഇന്നിവിടെ നിയമസഭ സമ്മേളിക്കുന്ന സന്ദർഭത്തിൽ കേരളത്തിലെ സഹകാരികൾ സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തുകയാണ്. സഹകരണ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങളിൽ പ്രതിഷേധിച്ചു കൊണ്ടായിരുന്നു സെക്രട്ടേറിയറ്റ് മാർച്ച്. ഇവിടെ പതിനാല് ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും പിരിച്ചുവിട്ടു, അവിടെയൊക്കെ അഡ്മിനിസ്ട്രേറ്റർമാർ ഭരണം നടത്തുകയാണ്. പത്തുവർഷത്തിനുശേഷം സഹകരണ മേഖലയിലുള്ള സമാധാനാന്തരീക്ഷം തകർക്കുന്ന, ജനാധിപത്യത്തെ ധ്വംസിക്കുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം യാതൊരു ദയാദാക്ഷണ്യവുമില്ലാതെ ജീവനക്കാരെമൊത്തം കേരളത്തിൽ അങ്ങോളമിങ്ങോളം സ്ഥലംമാറ്റി. ഏറ്റവും കൂടുതൽ സ്ഥലംമാറ്റം നടന്നത് സഹകരണ വകുപ്പിലായിരുന്നു. ഇപ്പോൾ പതിനാല് ജില്ലാ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും അഡ്മിനിസ്ട്രേറ്റർ ഭരണം വന്നു. വർഷങ്ങളായി ജില്ലാ

ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും ജോലി ചെയ്തിരുന്ന ജീവനക്കാരെ അഡ്മിനിസ്ട്രേറ്റർ തലങ്ങും വിലങ്ങും മാറ്റിക്കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ നിർദ്ദേശമനുസരിച്ചാണ് ഇക്കാര്യങ്ങളൊക്കെ ഇവിടെ നടക്കുന്നത്. നമ്മുടെ സഹകരണ സ്ഥാപനത്തിൽ ഇതുപോലെയുള്ള പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന പ്രയാസങ്ങൾ എത്രത്തോളമാണെന്നത് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന പ്രിയപ്പെട്ട മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനോട് പറയേണ്ട ആവശ്യമില്ല. അദ്ദേഹം ദീർഘകാലം സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്ന ആളാണ്. വഴിവിട്ട പ്രവർത്തനങ്ങൾ എവിടെ നടക്കുന്നുണ്ടെങ്കിലും അതിനെ ഞങ്ങൾ എതിർക്കാറുണ്ട്. സാധാരണഗതിയിൽ ഗവൺമെന്റ് വരും, പോകും. ചിലപ്പോൾ സഹകരണ സംഘങ്ങൾ പിടിച്ചെടുക്കാൻ വേണ്ടിയുള്ള നിയമനിർമ്മാണങ്ങൾ കൊണ്ടുവരും. അതിനെയൊന്നും ഞാൻ എതിർക്കുന്നില്ല. പക്ഷെ, നമ്മുടെ സഹകരണ മേഖല കൈവരിച്ച പുരോഗതി ചില്ലറയല്ല. 1,75,000 കോടി രൂപയുടെ നിക്ഷേപമെന്നുപറഞ്ഞാൽ അതൊരു ചെറിയ സംഖ്യയല്ല. നമ്മുടെ രാജ്യത്തിന്റെ വികസനത്തിനുവേണ്ടി പ്രയോജനപ്പെടുത്തുന്ന പണം സഹകാരികളുടെ കൂട്ടായ്മയിലൂടെ നമ്മൾ സമാഹരിച്ച നിക്ഷേപമാണ്. നമ്മുടെ പ്രവർത്തനത്തിലൂടെ നമ്മൾ നേടിയെടുത്ത പുരോഗതിയെ പുറകോട്ടുവലിക്കുന്ന പ്രവർത്തനങ്ങൾ

ഉണ്ടായിക്കഴിഞ്ഞാൽ അത് ഈ മേഖലയെ തകർക്കുമെന്നുള്ളത് ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവൺമെന്റ് ഇപ്പോൾ നിർദ്ദിഷ്ട കേരള ബാങ്കിന്റെ പണിപ്പുരയിലാണ്. അതിനുവേണ്ടി ഗവൺമെന്റ് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. ആ വിദഗ്ദ്ധ സമിതി പതിനാല് ജില്ലകളിലും നമ്മുടെ തലസ്ഥാനത്തും സിറ്റിംഗ് നടത്തി സഹകാരികളിൽനിന്ന് അഭിപ്രായങ്ങൾ സമാഹരിച്ചു. ആ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. അത് പരിശോധിച്ച് നടപ്പിലാക്കുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. കേരള ബാങ്കിന്റെ രൂപീകരണം സംസ്ഥാന താൽപ്പര്യത്തിന് ഗുണകരമാണെന്നുണ്ടെങ്കിൽ അത് ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം സർക്കാരിനുണ്ട്. കേരളത്തിൽ ഈ മേഖലയിൽ നടന്ന എല്ലാ പരിഷ്കരണ പ്രവർത്തനങ്ങളും നമ്മുടെ കൂട്ടായ്മയിലൂടെയാണ് നടത്തിയത്. പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്ത് അവരുമായി സംസാരിച്ച് അതിനാവശ്യമായ ചർച്ചകൾ നടത്തണം. ഇതൊരു ചെറിയ കാര്യമല്ല, വലിയൊരു സംരംഭത്തിലേക്ക് നമ്മൾ പോവുകയാണ്. ആ തരത്തിലുള്ള ചർച്ചകളൊന്നും നടത്താതെ രാഷ്ട്രീയ ദൃഷ്ടലാക്കോടുകൂടിയാണ് ഇതിന്റെ രൂപീകരണവുമായി സർക്കാർ മുന്നോട്ടുപോകുന്നതെങ്കിൽ ഉദ്ദിഷ്ടഫലം ലഭ്യമാകില്ലായെന്ന് പറയാൻകൂടി ഞാൻ ആഗ്രഹിക്കുകയാണ്. മറ്റ്

കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല.

ടൂറിസവുമായി ബന്ധപ്പെട്ട ഒറ്റക്കാര്യം മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട സ്പീക്കറുടെ നിയമസഭാമണ്ഡലമായ പൊന്നാനിയിലെ വെളിയംകോട്ടുനിന്നും തുടങ്ങി എന്റെ നിയോജകമണ്ഡലമായ കടലുണ്ടിയിൽ സമാപിക്കുന്ന തീരദേശമേഖല ടൂറിസത്തിന് വളരെ സാധ്യതയുള്ളൊരു മേഖലയാണ്. ആറ് അസംബ്ലി മണ്ഡലങ്ങൾ ഉൾപ്പെടുന്ന ഏകദേശം 75 കി.മീറ്ററോളം നിരന്നുകിടക്കുന്ന തീരദേശമേഖലയുടെ സാധ്യതാപഠനം നടത്തണം. അതിനാവശ്യമായിട്ടുള്ള പ്രവർത്തനങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി ഏർപ്പെടണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. അതോടൊപ്പംതന്നെ കടലുണ്ടിയിലെ പക്ഷി സങ്കേതവുമായി ബന്ധപ്പെട്ടൊരു പ്രോജക്ട് ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അത് ഇംപ്ലിമെന്റ് ചെയ്യാൻ ആവശ്യമായ നടപടികൂടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, വാഹന നികുതികൾ, സഹകരണം, ഗതാഗതം, വിനോദസഞ്ചാരം വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ വികസനത്തിൽ വലിയ പങ്ക്

നിർവ്വഹിച്ചുകൊണ്ടാണ് പുതിയ സർക്കാർ ഒരാണ്ട് പൂർത്തിയാക്കുന്നത്. ചില വാർത്തകളുടെ ആഘോഷമല്ലാതെ യാതൊന്നും ഈ സർക്കാരിനെ സംബന്ധിച്ച് പ്രതിപക്ഷത്തിന് പറയാനില്ല. എല്ലാ മേഖലകളിലും നല്ല മുന്നേറ്റം നയിക്കാൻ കഴിഞ്ഞിട്ടുള്ള സർക്കാരാണ് സഖാവ് പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. നമ്മുടെ സംസ്ഥാനത്തെ ഗതാഗത മേഖലയെ സംബന്ധിച്ച് പറയുമ്പോൾ നാം ചിന്തിക്കേണ്ട ഒട്ടേറെ കാര്യങ്ങളുണ്ട്. നമ്മുടെ പാതകൾ ചോരപ്പാതകളാകാതിരിക്കുന്നതിന് നിതാന്തമായ ജാഗ്രതയുണ്ടാകേണ്ടതുണ്ട്. 2016-ൽ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ മരിച്ചത് 4287 പേരാണ്. ഇതിൽ 1478 പേരും ഇരുചക്ര വാഹനങ്ങളിൽ സഞ്ചരിച്ചിരുന്നവരാണ്. ഇത് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് നാം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നവരിൽ മരണപ്പെടുന്നവരുടെ ഏജ് ഗ്രൂപ്പ് എന്നുപറയുന്നത് 18-നും 25-നും ഇടയിലാണ്. ഇത് ചിന്തിക്കേണ്ട ഒരു കാര്യമാണ്. ഇക്കാര്യത്തിൽ വ്യാപകമായ ബോധവത്കരണം ഉണ്ടാകേണ്ടതുണ്ട്. അതോടൊപ്പം മദ്യപിച്ച് വാഹനമോടിക്കുന്നതും ഇടതുവശത്തുകൂടിയുള്ള ഓവർ ടേക്കിംഗും തടയേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ

ഗതാഗത മേഖലയിൽ നടക്കുന്ന നിയമ ലംഘനങ്ങളെ കർശനമായി കൈകാര്യം ചെയ്യാൻ കഴിയേണ്ടതുണ്ട്. ഇത് ശ്രദ്ധിക്കേണ്ട ഒരു കാര്യമായി ഞാൻ കാണുകയാണ്. നിരവധി പഠനങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ റോഡുകളുടെ അവസ്ഥ മെച്ചപ്പെടുത്തുകയും അതോടൊപ്പം റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള സംവിധാനങ്ങളും ബോധവത്കരണങ്ങളും വ്യാപകമായി സംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കേരളത്തിൽ നടക്കുന്ന ചില നിയമലംഘനങ്ങളിലേയ്ക്ക് ഞാൻ സഭയുടെ ശ്രദ്ധകൊണ്ടുവരികയാണ്. കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനമനുസരിച്ച് സംസ്ഥാനത്തെ മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെയുള്ളവരുടെ വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് ഉപേക്ഷിച്ചു. പക്ഷെ നമ്മുടെ സംസ്ഥാനത്ത് ചുവപ്പ് ബോർഡ് വയ്ക്കാൻ ആർക്കെല്ലാമാണ് അനുമതിയുള്ളത്; അംഗീകൃതമായി ചുവപ്പ് ബോർഡ് ആർക്കെല്ലാമാണ് ഉപയോഗിക്കാൻ കഴിയുന്നത്? ഇന്ന് അത്തരത്തിലൊരു പരിശോധനയില്ല. പല ഏജൻസികളും സ്വകാര്യ സംഘടനകളും വ്യക്തികളുമെല്ലാം നമ്പർ പ്ലേറ്റിന് മുന്നിൽ ചുവപ്പ് ബോർഡുവച്ച് പോകുകയാണ്. ഒരു തരത്തിലുള്ള പരിശോധനയും മോട്ടോർ വാഹന വകുപ്പ് നടത്തുന്നില്ലെന്നതാണ് സത്യം.

അത് പരിശോധനാ വിധേയമാക്കേണ്ട കാര്യമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനത്തിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. 45000-ത്തോളം ജീവനക്കാരുള്ള ഒരു മഹനീയമായ സ്ഥാപനം. ഇന്ന് അതിന്റെ വരവും ചെലവും തമ്മിൽ വലിയ തോതിലുള്ള അന്തരം നിലനിൽക്കുന്നുണ്ട്. ഒരു മാസം ശരാശരി 130 കോടി രൂപയുടെ അന്തരം വരുമാനത്തിലുണ്ടെന്നാണ് കണക്കാക്കുന്നത്. 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ പ്രതിമാസ അന്തരം 20-26 കോടി രൂപ മാത്രമായിരുന്നുവെന്ന് കാണേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ കടം 1816 കോടി രൂപയാണ്. 2011-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ 717 കോടി രൂപ മാത്രമായിരുന്നു കടം. എങ്ങനെയാണ് കെ.എസ്.ആർ.ടി.സി. പോലൊരു സ്ഥാപനത്തെ അഞ്ച് വർഷംകൊണ്ട് ഇത്രമേൽ ഭീകരമായ കടഭാരത്തിലേയ്ക്ക് കൊണ്ടുപോയതെന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം 5.25 കോടി രൂപയാണ്. വരവിനെക്കാൾ വലിയ ചെലവാണ്

കെ.എസ്.ആർ.ടി.സി.-യെ ഈ പ്രതിസന്ധിയിലെത്തിച്ചിട്ടുള്ളത്. ഇപ്പോൾ രണ്ട് മാസത്തെ പെൻഷൻ കുടിശ്ശിക തന്നെയുണ്ട്. കെ.എസ്.ആർ.ടി.സി.-യെ തകർച്ചയിൽ നിന്ന് രക്ഷിക്കേണ്ടതായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ തകർച്ചയെക്കുറിച്ച് പറയുമ്പോൾ ജീവനക്കാരെ പഴയതുപോലെ കുറ്റപ്പെടുത്താൻ കഴിയുമോ? നേരത്തെ മാധ്യമങ്ങളും സാമൂഹ്യ പ്രസ്ഥാനങ്ങളുമെല്ലാം വളരെ ശക്തമായി ജീവനക്കാരെ കുറ്റപ്പെടുത്തിയിരുന്നു. തോപ്പിൽ ഭാസിയുടെ പഴയ നാടകം - *കയ്യും തലയും പുറത്തിടരുത്* - ഞാൻ ഓർക്കുകയാണ്. അത് സിനിമയുമായിട്ടുണ്ട്. ജീവനക്കാരുടെ പെരുമാറ്റത്തെക്കുറിച്ച് അതിൽ രൂക്ഷമായ വിമർശനമുണ്ട്. ഇന്ന് അങ്ങനെയാണോ; ചില അപവാദങ്ങളുണ്ടായേക്കാം. പക്ഷെ ഇന്ന് ഞാൻ വളരെ അഭിമാനപൂർവ്വം കാണുന്ന ഒരു കാര്യം, ഇന്നത്തെ മലയാള മനോരമയിൽ പ്രധാനപ്പെട്ട ഒരു വാർത്തയുണ്ട് - *'അർദ്ധരാത്രി രക്ഷകരായി ഡ്രൈവറും കണ്ടക്ടറും: ഒരു പിഞ്ചു കുഞ്ഞിനോട് കെ.എസ്.ആർ.ടി.സി. ചെയ്തത്.* മലയാള മനോരമ മാത്രമാണ് ഈ വാർത്ത നൽകിയിട്ടുള്ളത്. ഇത് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് വന്നിട്ടുള്ള മാനസാന്തരത്തിന്റെ ഏറ്റവും അഭിമാനകരമായ ഉദാഹരണമായി ഞാൻ കണക്കാക്കുകയാണ്. അർദ്ധ രാത്രിയിൽ ഒരു കുഞ്ഞുമായി

വാഹനത്തിൽ കയറിയ ഒരു സ്ത്രീ, ആ കുഞ്ഞിന് വലിയ തോതിൽ അപസ്മാരം വന്നപ്പോൾ ഡ്രൈവറും കണ്ടക്ടറുംകൂടി കുട്ടിയെ ആശുപത്രിയിലേയ്ക്ക് കൊണ്ടുവരികയും കുട്ടിക്ക് കൂട്ടായി അവരും ആ വാഹനത്തിലുണ്ടായിരുന്ന യാത്രക്കാരുമെല്ലാം നിൽക്കുകയും ചെയ്തു. അപ്പോൾ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കുഴപ്പംകൊണ്ടാണ് ഇപ്പോൾ കടഭാരമുണ്ടാകുന്നതെന്ന് പറയാൻ പറ്റില്ല. എന്നുമാത്രമല്ല, കെ.എസ്.ആർ.ടി.സി.-യിലെ സംഘടിത പ്രസ്ഥാനങ്ങൾ - സി.ഐ.ടി.യു., കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് അസോസിയേഷൻ - പണം സമാഹരിച്ചുകൊണ്ട് ഒരു വാഹനം വകുപ്പിന് നൽകുകയുണ്ടായി. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർ വലിയ തോതിൽ മാറ്റത്തിന് വിധേയമാകുന്നുണ്ട്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, കെ.എസ്.ആർ.ടി.സി.-യിലെ 90% ജീവനക്കാരും തൊഴിലാളികളും വളരെ ആത്മാർത്ഥതയുള്ളവരാണ്. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ അവർ സ്വയം ബസ് ഉൾപ്പെടെ വാങ്ങി നൽകിയവരാണ്. പക്ഷെ 10% പ്രശ്നക്കാരാണ്. മലയോര പ്രദേശങ്ങളിൽ ഒരു വണ്ടി ഓടിയാൽ അതിന്റെ മുന്നിൽ വണ്ടി ഓടിക്കും. ഈ വണ്ടി നിന്നുപോകും, പിന്നെ കെ.എസ്.ആർ.ടി.സി.-യും പോകും. അതോടെ ആ പ്രദേശത്ത്

വണ്ടിയില്ലാതാകും. ലാഭമുള്ള സർവ്വീസുകളുടെ പുറകിലായിരിക്കും കെ.എസ്.ആർ.ടി.സി. എപ്പോഴും പോകുന്നത്. കാരണം ആ ബസ്സുകാരോട് ഇവർ കൈക്കൂലി വാങ്ങിയിരിക്കും. മന്ത്രിയും എം.ഡി.-യും കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.-യുടെ മാനേജ്മെന്റ് സത്യത്തിൽ ഒരു ആക്രിക്കച്ചവടക്കാരന്റെ മാനേജ്മെന്റാണ്. ഞാൻ ബഹു. വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് നടത്തി. അവിടെ ഞാൻ നേരത്തേ 12 ജീവനക്കാരുടെ കാര്യം പറഞ്ഞിരുന്നു. ആ മീറ്റിംഗിൽ വന്ന ആളുകൾ പറഞ്ഞത് 12 പേരെയും അവിടെ നിയമിച്ചുവെന്നാണ്. ഞാൻ പോയി നോക്കിയപ്പോൾ രണ്ടുപേരെയേ നിയമിച്ചുള്ളൂ. കള്ളം പറയുകയാണ്. അതുകൊണ്ട് എന്റെ ചോദ്യം, ഒരു പ്രൊഫഷണൽ മാനേജ്മെന്റ് ഇതിനില്ല, ടെക്നോക്രാറ്റ്സ് ഇവിടെയില്ല. അവിടെയുള്ള ഇതുപോലെയുള്ള ആൾക്കാരെ പുറത്താക്കുന്നത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: അങ്ങ് ഇത് പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇന്ന് രാവിലെ പ്രഖ്യാപിച്ച ഒരു കാര്യം - കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിനുവേണ്ടി ഒരു പ്രൊഫഷണൽ സംവിധാനം കൊണ്ടുവരുന്നതിന് പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കുമെന്നാണ്. അത് നമുക്ക് തീർച്ചയായിട്ടും

പ്രതീക്ഷ നൽകുന്ന ഒരു കാര്യമാണ്. ഞാൻ മറ്റു വിഷയങ്ങളിലേയ്ക്ക് കടക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ, ടൂറിസം വകുപ്പ് ആദ്യം കൈകാര്യം ചെയ്ത ശ്രീ. എ. സി. മൊയ്തീനും ഇപ്പോൾ ശ്രീ. കടകംപള്ളി സുരേന്ദ്രനും വളരെ ശ്രദ്ധേയമായ നിലയിൽ ഈ വകുപ്പ് കൈകാര്യം ചെയ്യുന്നുണ്ട്. ഗ്രീൻ കാർപ്പറ്റ് പദ്ധതിയനുസരിച്ച് കേരളത്തിൽ പല പദ്ധതികളും ടൂറിസം വകുപ്പ് നടപ്പിലാക്കുന്നു. പൈതൃക ടൂറിസം പദ്ധതിയിൽപ്പെടുത്തി ഇപ്പോൾ തലശ്ശേരി മേഖലാ പൈതൃക പദ്ധതി ഉൾപ്പെടെ നടപ്പിലാക്കാൻവേണ്ടി ഗവൺമെന്റ് ശ്രമിക്കുകയാണ്. മുസിരിസ് പദ്ധതി ഏറ്റവും നല്ല നിലയിൽ മുന്നോട്ടുപോകുകയാണ്. ബിനാലെ പോലെയുള്ള കാര്യങ്ങൾ രാജ്യമാകെ ശ്രദ്ധിക്കുന്ന ഒരു പദ്ധതിയായി മാറി. എനിക്ക് നിർദ്ദേശിക്കാനുള്ള ഒരു കാര്യം, ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സർക്കാരിന്റെ സഹായമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഡി.റ്റി.പി.സി.-കളുടെ സെക്രട്ടറിമാരായി പുതിയ ആളുകളെ നിയമിക്കുമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരുന്നു. അതിന്റെ നടപടികൾ കുറച്ചുകൂടി വേഗതയിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണമേഖലയിൽ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ള

പ്രതിസന്ധികളെക്കുറിച്ചും അതിന്റെ കാര്യങ്ങളെ സംബന്ധിച്ചുമൊക്കെ ഇവിടെ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. സ്റ്റേറ്റ് ബാങ്കുണ്ടാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് നടത്തുന്ന നല്ല പരിശ്രമങ്ങൾക്ക് എല്ലാവരും പിന്തുണ നൽകുമെന്നാണ് ഞാൻ കരുതുന്നത്. സഹകരണ മേഖല ഏറ്റവും ശക്തമായ ഒരു സംസ്ഥാനമാണ് കേരളം. അത് തകർക്കാനുള്ള പല പരിശ്രമങ്ങളും കേന്ദ്ര തലത്തിൽ വരെയുണ്ടാവുകയുണ്ടായി. പക്ഷേ ജനങ്ങളുടെ വിശ്വാസമുള്ളതുകൊണ്ട് അത് ശക്തമായി നിലനിൽക്കുകയാണ്. പക്ഷേ കേരളത്തിന്റെ സാഹചര്യത്തിൽ സഹകരണ മേഖല എന്നുപറയുന്നത് ഇന്ന് ത്രീ ടയർ സിസ്റ്റമാണ്. പക്ഷേ ഈ ത്രീ ടയർ സംവിധാനം തന്നെ തുടരണമോ എന്ന് ആലോചിക്കേണ്ടതുണ്ട്. എന്തുകൊണ്ട് ടു ടയർ സിസ്റ്റം ആയിക്കൂടാ? പ്രാഥമിക സഹകരണ ബാങ്കുകളും സംസ്ഥാന ബാങ്കും എന്ന നിലയിൽ ഈ സംവിധാനത്തെ മാറ്റുകയാണെങ്കിൽ അത് വലിയ തോതിലുള്ള മാറ്റമുണ്ടാക്കുമെന്ന് ഞാൻ കരുതുകയാണ്. ഞാൻ സഹകരണ മേഖലയിലെ ഒരു പ്രശ്നത്തെക്കുറിച്ച് പറയുകയാണ്. നേരത്തെയുണ്ടായിരുന്ന ജില്ലാ ബാങ്കുകളിൽ ഇപ്പോൾ ഭരണസമിതികളില്ല. ഭരണസമിതികളില്ലെങ്കിലും ചില ആക്ഷൻ നടന്നുകഴിഞ്ഞ കാര്യമാണ്. 5 സെന്റുകാരും 10 സെന്റുകാരും ഭൂമി പണയം വച്ച് ലോൺ എടുക്കുന്ന കേസുകളിൽ അടവ് തെറ്റിയാൽ ഏറ്റവും ജനവിരുദ്ധമായിട്ടുള്ള

SARFAESI Act അവർ ഉപയോഗപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അങ്ങ് ശ്രദ്ധിക്കേണ്ട ഒരു കാര്യം, ഈ SARFAESI Act കോർപ്പറേറ്റുകളെ സഹായിക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഒരു ആക്ടാണ്. പാവപ്പെട്ട പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും മറ്റുപിന്നോക്ക ജനവിഭാഗങ്ങളുമൊക്കെ ലോണെടുത്തിട്ടുള്ള കേസുകളിൽ ഈ തരത്തിൽ SARFAESI ആക്ട് ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. അനിൽ അക്കര ഒരു കാര്യം നേരത്തെ പറഞ്ഞു. അദ്ദേഹം പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. ശ്രീ. ബാബു എം. പാലിശ്ശേരിയെ അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത ഒരു കൂട്ടുകാരനായിട്ട് വിശേഷിപ്പിച്ചു. നല്ല കാര്യം. ശ്രീ. ബാബു എം. പാലിശ്ശേരിയോടുള്ള ശ്രീ. അനിൽ അക്കരയ്ക്കുള്ള സ്നേഹം എനിക്കറിയാം, അത് കഴിഞ്ഞ കാലത്ത് അദ്ദേഹം നടത്തിയ....., നമുക്കറിയാവുന്ന കാര്യമാണ്. പക്ഷേ അദ്ദേഹം പറഞ്ഞ ഒരു കാര്യം, 29 ലക്ഷം രൂപ ലോണെടുത്തത് 6 ലക്ഷമാക്കി മാറ്റിയത് ബാങ്ക് മാനേജരാണെന്നാണ്. അത് എങ്ങനെയാണ് വസ്തുതയാവുക. ബാങ്ക് ഭരണസമിതിക്കല്ലാതെ ബാങ്ക് മാനേജർക്ക് 29 ലക്ഷം രൂപ 6 ലക്ഷമാക്കി കൊടുക്കാൻ സാധിക്കുമോ? അപ്പോൾ അത് വസ്തുതാപരമായി ശരിയായിട്ടുള്ള കാര്യമല്ല. ഇവിടെ നിയമസഭയിൽ കാര്യങ്ങൾ

പറയുമ്പോൾ കുറച്ചുകൂടി സത്യസന്ധമായി അദ്ദേഹം പറയേണ്ടതായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. വെല്ലുവിളിച്ചുകൊണ്ട് പറയുകയാണെന്ന് അദ്ദേഹം പറഞ്ഞു. ആരെയാണ് അദ്ദേഹം വെല്ലുവിളിച്ചത്? വസ്തുതകളെയാണോ! മാത്രമല്ല, ഞാൻ ഒരു ചെക്കും ഒപ്പിട്ട് കൊടുത്തിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. മലയാളം ഓർഗാനിക് അഗ്രോ ഫാംസ് ആന്റ് റിസർച്ച് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഓതറൈസ്ഡ് സിഗ്നേച്ചറി എന്ന നിലയിൽ ശ്രീ. അനിൽ അക്കര ഒപ്പിട്ടുകൊടുത്ത ഐ.ഡി.ബി.ഐ. യുടെ തൃശ്ശൂർ-ഷൊർണ്ണൂർ റോഡ് ബാങ്കിലെ ആ ചെക്ക് തിരിച്ചുവന്നത് നമുക്കെല്ലാവർക്കും ബോധ്യമുള്ളതാണ്. 'ഇല്ല' എന്ന് പറഞ്ഞാൽ എങ്ങനെയാണ് അംഗീകരിക്കാൻ കഴിയുക. സ്ഥാപനത്തിന്റെ ഓതറൈസ്ഡ് സിഗ്നേച്ചറി ആയി തന്നെയാണ് അദ്ദേഹം ഒപ്പിട്ടിട്ടുള്ളത്.

ശ്രീ. അനിൽ അക്കര: ഇത് അടാട്ട് ഫാർമേഴ്സ് ബാങ്കിൽ നിന്ന് ഇന്നലെ വന്ന കത്താണ്. വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് അദ്ദേഹം പറയുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: പോയിന്റ് ഓഫ് ഓർഡർ പറഞ്ഞത് വ്യക്തമായില്ല. എന്റെ പേരിലുള്ള ഒരു ചെക്ക് മടങ്ങിയിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. ഷൊർണ്ണൂർ റോഡ് ബ്രാഞ്ചിലെ 013486 നമ്പരായി 19.02.2016 തീയതി വച്ച് അദ്ദേഹം ഒപ്പിട്ടുകൊടുത്ത ചെക്ക് മടങ്ങിയിട്ടുണ്ട് എന്ന് വസ്തുതാപരമായി

ചൂണ്ടിക്കാണിക്കാൻ കഴിയും. വെറുതെ വെല്ലുവിളിച്ച് മോശമാക്കേണ്ട കാര്യമുണ്ടായിരുന്നില്ല. ഞാൻ ഒരു പോയിന്റ് കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ആർ.എസ്.എസ്.-കാരൻ കൊല ചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന ഒരു അടിയന്തര പ്രമേയത്തിൽ ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുകയുണ്ടായി. അദ്ദേഹം കൊലപാതക രാഷ്ട്രീയത്തെ സംബന്ധിച്ച് സംസാരിച്ചു. ചോര തിളയ്ക്കുന്ന പ്രസംഗമാണ് ഇന്നലെ നടത്തിയത്. തൃശ്ശൂർ ജില്ലയിലെ കാഞ്ഞാണി ബസ് സ്റ്റാൻഡിൽ വച്ച് അദ്ദേഹത്തിന്റെ സ്വന്തം പാർട്ടിയിലുള്ള ഒരാളെ ആർ.എസ്.എസ്.-കാർ ചവിട്ടി കൊന്ന പ്രശ്നം എന്തുകൊണ്ടാണ് പ്രതിപക്ഷം ഒരു സബ്മിഷനായി പോലും ഈ നിയമസഭയിൽ കൊണ്ടുവരാതിരുന്നതെന്ന് ഞങ്ങൾ ചോദിക്കുകയാണ്. മരണപ്പെട്ട സുരേഷ് കോൺഗ്രസിന്റെ ആ പ്രദേശത്തെ മണ്ഡലം വൈസ് പ്രസിഡന്റാണ്. അദ്ദേഹം ആരെയും ആക്രമണം നടത്താൻ പോയതല്ല. കാഞ്ഞാണി ബസ് സ്റ്റാൻഡിൽ ആർ.എസ്.എസ്.-കാർ ഒരു സാധു മനുഷ്യനെ മർദ്ദിക്കുന്ന സമയത്ത് കോൺഗ്രസുകാരനായ സുരേഷ് മധ്യസ്ഥതയ്ക്കുവേണ്ടി പോയതാണ്. അദ്ദേഹത്തെ ചവിട്ടികൊന്നു. സുരേഷ് മരിച്ച ശേഷം ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. ഉമ്മൻ ചാണ്ടിയും തൃശ്ശൂർ വന്നു. എല്ലായിടത്തും സന്ദർശനം

നടത്തുന്ന പ്രതിപക്ഷ നേതാവ് പക്ഷേ സുരേഷിന്റെ വീട്ടിൽ മാത്രം പോയില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. സി. മൊയ്തീൻ സുരേഷിന്റെ വീട്ടിൽപ്പോയി. ഇത്തരത്തിൽ ആർ.എസ്.എസ്.-ന്റെ അക്രമങ്ങളെ സംബന്ധിച്ച് പറയാനുള്ള അവസരങ്ങൾ എന്തുകൊണ്ടാണ് നിങ്ങൾ മൂടിവച്ചത്. കൊലപാതക രാഷ്ട്രീയത്തെക്കുറിച്ച് ശക്തമായി സംസാരിച്ച പ്രതിപക്ഷ നേതാവ് ആർ.എസ്.എസ്.-ന്റെ ആക്രമത്തെക്കുറിച്ച്; സ്വന്തം പാർട്ടി പ്രവർത്തകൻ മരിച്ചിട്ട് അതേക്കുറിച്ച് ഒരു അക്ഷരം ഈ നിയമസഭയിൽ പറയാതിരുന്നത് എന്തുകൊണ്ടാണെന്ന് അവർ വ്യക്തമാക്കേണ്ടതുണ്ട്. സെക്കുലർ പാർട്ടി എന്ന് അവകാശപ്പെടുന്ന കോൺഗ്രസ് പാർട്ടി ആർ.എസ്.എസ്.-ന്റെ അക്രമരാഷ്ട്രീയത്തെ സംബന്ധിച്ച് ഒരു അക്ഷരം മിണ്ടാതെ ഇന്നലെ ഈ നിയമസഭയിൽ....., ആർ.എസ്.എസ്.കാരൻ മരിക്കാൻ പാടില്ല, ആരും ആരെയും കൊല്ലാൻ പാടില്ല. അത് ശരിയാണ്. കോൺഗ്രസുകാരൻ മരിച്ച വിഷയം ഈ സഭയിൽ പ്രതിപക്ഷം പറയാതിരുന്നത് സത്യത്തിൽ വിചിത്രമായി എനിക്ക് തോന്നുകയാണ്. അത് കേരളത്തിൽ പ്രതിപക്ഷം പിന്തുടരുന്ന പക്ഷപാതപരമായ; ആർ.എസ്.എസ്. പ്രീണന നയത്തിന്റെ ഭാഗമായിട്ടാണെന്ന് ഞാൻ കാണുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തുന്ന നല്ല പ്രവർത്തനങ്ങൾക്ക്; ഈ

ധനാഭ്യർത്ഥനകൾക്ക് എന്റെ ശക്തമായ പിന്തുണ നൽകുകയാണ്.

(മി. സ്പീക്കർ)